# റബ്ബർ

ഡിസംബർ 2025 • വാർഷികവരിസംഖ്യ ₹100

- മഞ്ഞുകാലരോഗങ്ങൾ
- റബ്ബർ ലൈസൻസ് – ബോധനപരിപാടി
- മരഡുമില്ലിയിലെ 'അണ്ണൻ'മാർ
- പൊതുപ്രവർത്തകയായ ഒരു റബ്ബർകർഷക




## 'എം റൂബ്' അവാർഡുകൾ വിതരണം ചെയ്തു



CHEERAKUZHY
Wonder Root™
ROOT TRAINER RUBBER PLANT
മണ്ണ് തൊടാതെ,
തായ്‌വേര് മുറിക്കാതെ,
കപ്പ് റബ്ബർ തൈകൾ
ഉൽപാദിപ്പിക്കുന്ന
ആധുനിക
സാങ്കേതികവിദ്യ
രാഷ്ട്രപതിയിൽ നിന്നും അവാർഡ് നേടിയ
കർഷകശ്രീ
കെ. സി. കുര്യാക്കോസിന്റെ നഴ്സറി
സാധാരണ കപ്പ് തൈകളും
WONDER ROOT
കപ്പ് തൈകളും തമ്മിലുള്ള
വ്യത്യാസം നേരിൽ കണ്ടറിയുന്നതിന്
നഴ്സറി സന്ദർശിക്കുക.
വണ്ടർ റൂട്ട് തൈകൾ
അടുത്ത സീസണിലേക്ക്
ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു..!
കൂടുതൽ വിവരങ്ങൾക്ക്
9747500600
8592900400
ലഭ്യത പരിമിതം
ഉടൻ ബുക്ക് ചെയ്യുക
ചീരക്കുഴി
CHEERAKUZHY
Karshakasree K C Kuraikose
CHEERAKUZHY RUBBER NURSERY & RESEARCH CENTRE PVT. LTD.
Kottappuram P.O, Srikrishnapuram, Palakkad 679513
Ph: 08592900400
09447011047, 09447315306
Email: cheerakuzhy@gmail.com
www.cheerakuzhy.com
UNION MKD

# ഉള്ളടക്കം


07 | ‘എം റൂബ്’ ബെസ്റ്റ് പെർഫോമർ അവാർഡുകൾ വിതരണം ചെയ്തു

12 | റബ്ബർമരങ്ങളിലെ മഞ്ഞുകാലരോഗങ്ങൾ

18 | റബ്ബർ ലൈസൻസ് നടപടിക്രമങ്ങൾ - ബോധനപരിപാടി ത്രിപുരയിൽ

22 | റബ്ബർ മാസിക @ 60

25 | പൊതുപ്രവർത്തകയായ ഒരു റബ്ബർകർഷക

29 | കോൾസെന്റർ

34 | കൃഷിപ്പണികൾ

36 | പരിശീലനങ്ങൾ

38 | ഗ്രാമകേരളം

40 | വിപണി

42 | തോട്ടത്തിലാശാൻ





715

# റബ്ബർ

ഡിസംബർ 2025



**റബ്ബർബോർഡ്**
കോട്ടയം-686 002, കേരളം
ഫോൺ: 0481-2301231
വെബ്സൈറ്റ്: www.rubberboard.gov.in
ഇ മെയിൽ: ppr@rubberboard.org.in

facebook.com/rubberboard
twitter.com/rubberboard
റബ്ബർക്ലിനിക്ക്: 9496333117
റബ്ബർബോർഡ് കോൾസെന്റർ 0481 2576622



ചെയർമാൻ :
**നിധിൻ കുമാർ യാദവ് ഐ.എ.എസ്.**

എക്സിക്യൂട്ടീവ് ഡയറക്ടർ :
**എം. വസന്തഗേശൻ ഐ.ആർ.എസ്.**

എഡിറ്റർ:
**ബി. ശ്രീകുമാർ**

അസിസ്റ്റന്റ് എഡിറ്റർ:
**കെ.കെ. ബെന്നി**



**വാർഷികവരിസംഖ്യ: 100 രൂപ**
**വരിസംഖ്യ (10 വർഷത്തേക്ക്): 750 രൂപ**
വരിസംഖ്യ മണിയോർഡറായോ ഡിമാന്റ് ഡ്രാഫ്റ്റായോ സെക്രട്ടറി, റബ്ബർബോർഡ്, കോട്ടയം - 686 002 എന്ന വിലാസത്തിൽ അയയ്ക്കുക.



*പരസ്യദാതാക്കളുടെ അവകാശവാദങ്ങൾക്ക് റബ്ബർബോർഡ് ഉത്തരവാദിയായിരിക്കുന്നതല്ല. പരസ്യങ്ങളിൽ പറയുന്ന ഉത്പന്നങ്ങളോ സേവനങ്ങളോ ഉപഭോക്താക്കൾ നേരിട്ടു ബോധ്യപ്പെട്ട് സ്വീകരിക്കേണ്ടതാണ്.*

# രോഗങ്ങളെക്കുറിച്ച് കരുതൽ വേണം

ഈ വർഷം തുലാമഴക്കാലം ദൈർഘ്യമേറിയതായിരുന്നതിനാൽ റബ്ബർമരങ്ങളിൽ സ്വാഭാവികഇലകൊഴിച്ചിൽ വൈകാൻ സാധ്യതയുണ്ട്. ഇലകൊഴിച്ചിൽ നീളുമ്പോൾ ജനുവരി-ഫെബ്രുവരി മാസങ്ങളിൽ പരമ്പരാഗതവും പാരമ്പര്യേതരവുമായ പ്രദേശങ്ങളിൽ പൊടിക്കുമിൾ രോഗം വർധിക്കുന്ന സാഹചര്യം ഉണ്ടാകാം. അതുപോലെ, വടക്കൻ മലബാറിലും തെക്കൻ കർണാടക മേഖലകളിലും ഫെബ്രുവരിയിൽ *കൊറിനിസ്പോറ* ഇലരോഗം പ്രകടമാകാനുമിടയുണ്ട്.

ഇത്തരം രോഗസാധ്യതകൾ മുൻകൂട്ടി കണക്കിലെടുത്ത്, ഉയർന്ന പ്രദേശങ്ങളിലുള്ള തോട്ടങ്ങളിലും രോഗപ്രവണത കൂടുതലുള്ള സ്ഥലങ്ങളിലെ തോട്ടങ്ങളിലും മരങ്ങൾ തളിരിടുന്ന സമയത്ത് സംരക്ഷണനടപടിയുടെ ഭാഗമായി ഗന്ധകപ്പൊടി അടിക്കുന്നത് വളരെ ഫലപ്രദമാണ്. അതുപോലെ, *കൊറിനിസ്പോറ* രോഗം പതിവായി കണ്ടുവരുന്ന മേഖലകളിലും യോജിച്ച രോഗനിയന്ത്രണനടപടികൾ നേരത്തേ സ്വീകരിക്കണം.

ഭാവിയിലേക്ക് നോക്കുമ്പോൾ, കാലാവസ്ഥാവ്യതിയാനത്തെ തുടർന്ന് ഇത്തരം വെല്ലുവിളികൾ കൂടുതൽ രൂക്ഷമാകാൻ സാധ്യതയുണ്ട്. അതിനാൽ റബ്ബർകൃഷിയിലും വിളവെടുപ്പിലുമെല്ലാം കൂടുതൽ ശാസ്ത്രീയവും കൃത്യവുമായ ആസൂത്രണം നിർണായകമാണ്. ഓരോ പ്രദേശത്തെയും പ്രത്യേക കാലാവസ്ഥയ്ക്ക് യോജിച്ച റബ്ബറിനങ്ങൾ തെരഞ്ഞെടുക്കുന്നതിനും ഇലരോഗങ്ങളെ പ്രതിരോധിക്കാൻ കഴിവുള്ള ഇനങ്ങൾ ഉപയോഗിച്ച് 'ക്രൗൺ ബഡ്ഡിങ്' നടത്തുന്നതിനും റബ്ബർബോർഡ് ശുപാർശ ചെയ്യുന്നു.

മഞ്ഞുകാലത്ത് റബ്ബർമരങ്ങളിൽ കണ്ടുവരുന്ന പ്രധാന രോഗങ്ങളെക്കുറിച്ചും അവയുടെ നിയന്ത്രണമാർഗങ്ങളെക്കുറിച്ചും കൂടുതൽ വിശദമായി പ്രതിപാദിക്കുന്ന ഒരു ലേഖനവും ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

- എഡിറ്റർ



# അനുകൂലസാഹചര്യങ്ങൾ പ്രയോജനപ്പെടുത്തണം

ഇന്ന് കാലാവസ്ഥാവ്യതിയാനത്തിന്റെ സ്വാധീനം വ്യക്തമായി പ്രകടമായതിനാൽ റബ്ബർ കൃഷിയും വിളവെടുപ്പും കൂടുതൽ ശാസ്ത്രീയവും ദീർഘവീക്ഷണത്തോടെയുള്ളതും ആകേണ്ടത് അനിവാര്യമാണ്.

റബ്ബർകൃഷി ലാഭകരമാകണമെങ്കിൽ പരമാവധി ഉത്പാദനം ഉറപ്പാക്കുക എന്നത് നിലവിലെ സാഹചര്യങ്ങളിൽ കർഷകരെ സംബന്ധിച്ച് അത്യന്തം പ്രാധാന്യമുള്ള കാര്യമാണ്. ഇന്ന് കാലാവസ്ഥാപരമായ അനിശ്ചിതത്വങ്ങൾ വർധിച്ചിരിക്കുന്നതിനാൽ ടാപ്പിങ് നടത്താനാകുന്ന ദിവസങ്ങളെ കൃത്യമായി പ്രവചിക്കുക എളുപ്പമല്ല. അതിനാൽ കാലാവസ്ഥ അനുകൂലമായി വരുന്ന അവസരങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി വിളവ് വർധിപ്പിക്കുന്നതാണ് ഉചിതം. സാധാരണമായി ഡിസംബർ-ജനുവരി മാസങ്ങളിലെ തണുത്ത കാലാവസ്ഥയിൽ ഉയർന്ന വിളവ് ലഭിക്കാറുണ്ട്. നിലവിൽ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും ഇടവിട്ടുള്ള മഴ തുടരുന്നതിനാൽ ജനുവരി അവസാനം വരെ മികച്ച ഉത്പാദനം ലഭിക്കാനുള്ള സാധ്യത നിലനിൽക്കുന്നു; ഇതോടൊപ്പം രോഗവ്യാപന സാധ്യതയും പരിഗണിക്കേണ്ടതുണ്ട്. അതിനെ പ്രതിരോധിക്കാനുള്ള നടപടികളും കൈക്കൊള്ളണം.

ഈ വർഷം മഴ നീണ്ടുനിന്നതിനാൽ തോട്ടങ്ങളിലെ മണ്ണിൽ ആവശ്യമായ ഈർപ്പം നിലനിൽക്കുന്നുണ്ട്. ലഭ്യമായ ഈ അനുകൂലകാലാവസ്ഥയെ ഫലപ്രദമായി ഉപയോഗപ്പെടുത്തി ടാപ്പിങ്ദിനങ്ങൾ നഷ്ടപെടുത്താതെ വിളവെടുത്ത് ഉത്പാദനം വർധിപ്പിക്കാൻ കർഷകർ ശ്രദ്ധിക്കണം.

അതുപോലെ, വിപണിയിൽ കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനായി കർഷകർ ഷീറ്റുത്പാദനത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. നിലവിലെ റബ്ബർവിപണിയിലെ പ്രവണതകൾ പ്രകാരം ഷീറ്റുറബ്ബറിന് ലഭിക്കുന്ന വില റബ്ബർപാലിന് ലഭിക്കുന്നതിനേക്കാൾ താരതമ്യേന കൂടുതലാണ്. അതിനാൽ, റബ്ബർപാലിനെ ഗുണമേന്മയുള്ള ഷീറ്റാക്കി മാറ്റി വിപണനം നടത്തിയാൽ കർഷകർക്ക് മെച്ചപ്പെട്ട വിലയും സ്ഥിരമായ വരുമാനവും നേടാൻ സാധിക്കും. വീടുകളിൽ ഷീറ്റുത്പാദിപ്പിക്കാനുള്ള സൗകര്യങ്ങൾ ഇല്ലാത്തവർക്ക് സമൂഹറബ്ബർപാൽ സംസ്കരണകേന്ദ്രങ്ങൾ വഴി വിപണനം നടത്താവുന്നതാണ്.

റബ്ബറുത്പാദനം കൂടുതലുള്ള ഈ സമയത്ത് സമൂഹ റബ്ബർപാൽ സംസ്കരണ കേന്ദ്രങ്ങളിൽ നിന്നുള്ള ഷീറ്റുവിപണനം റബ്ബർബോർഡിന്റെ ഓൺലൈൻ പ്രകൃതിദത്ത റബ്ബർവിപണന പ്ലാറ്റ്ഫോം ആയ 'എം റൂബ്' വഴി നടത്താനും ശ്രമിക്കണം. ഇടപാടുകളിൽ സുതാര്യത, കാര്യക്ഷമത, എന്നിവ 'എം റൂബ്' ഉറപ്പാക്കുന്നു. ഈ ഡിജിറ്റൽ സംവിധാനം നിലവിലുള്ള മൂല്യശൃംഖലയുടെ പ്രവർത്തനക്ഷമത ഉയർത്തുകയും സംവിധാനത്തെ കൂടുതൽ വിശ്വസനീയവും ക്രമബദ്ധവുമായ ദിശയിൽ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ സംവിധാനത്തിലൂടെ കൂടുതൽ വിപണനം നടത്തിയ വിവിധ മേഖലയിലുള്ളവർക്ക് അടുത്തിടെ ത്രിപുരയുടെ തലസ്ഥാനമായ അഗർതലയിൽ വെച്ച് നടന്ന ചടങ്ങിൽ പുരസ്കാരങ്ങൾ നൽകുകയുണ്ടായി. 'എം റൂബ്' പ്ലാറ്റ്ഫോം മുഖേന നടത്തുന്ന പ്രകൃതിദത്ത റബ്ബർവ്യാപാരം തുടർച്ചയായി കൂടിവരുന്നതിനാൽ, ഇത് ഭാവിയിൽ ഈ മേഖലയെ കാര്യമായി മുന്നോട്ട് നയിക്കുന്ന വിശ്വസ്തമായ ഒരു ഇ-മാർക്കറ്റ് സംവിധാനം എന്ന നിലയിൽ കൂടുതൽ ശക്തിപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

ആശംസകളോടെ

എം. വസന്തഗേശൻ ഐ.ആർ.എസ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, റബ്ബർബോർഡ്

# നിധിൻ കുമാർ യാദവ് ഐ.എ.എസ്.

## റബ്ബർബോർഡ് ചെയർമാൻ



*നിധിൻ കുമാർ യാദവ് ഐ.എ.എസ്.*

നിധിൻ കുമാർ യാദവ് ഐ.എ.എസ്. റബ്ബർബോർഡ് ചെയർമാനായി ചുമതലയേറ്റു. 2000 ബാച്ച് ഹരിയാന കേഡർ ഐ.എ.എസ്. ഓഫീസറാണ് നിധിൻ കുമാർ യാദവ്. ഡൽഹി ഐ.ഐ.റ്റി.-യിൽനിന്ന് ബിടെക്കും തുടർന്ന് എം.ബി.എ. -യും നേടിയശേഷമാണ് അദ്ദേഹം സിവിൽ സർവീസിലെത്തുന്നത്. തൊഴിൽ, വിവരസാങ്കേതികവിദ്യ, ആഭ്യന്തരകാര്യം, വിജിലൻസ്, പൊതുഭരണം, പേഴ്സണൽ, ധനകാര്യം തുടങ്ങി വിവിധ മേഖലകൾ അദ്ദേഹം കൈകാര്യം ചെയ്തിട്ടുണ്ട്.

ഐക്യം, സാമൂഹ്യനീതി, സന്നദ്ധസേവനം തുടങ്ങിയ മേഖലകളിൽ മികച്ച സംഭാവനകൾ നൽകിയതിന് അദ്ദേഹത്തിന് 2007-ൽ ഇന്ത്യൻ റെഡ് ക്രോസ് സൊസൈറ്റിയുടെ അവാർഡ് ലഭിച്ചു. അതേ വർഷം തന്നെ നാഷണൽ സൊസൈറ്റി ഫോർ ദ പ്രിവൻഷൻ ഓഫ് ബ്ലൈൻഡ്നെസ് ഇന്ത്യ നടപ്പാക്കിയ 'കാറ്ററാക്ട് ഫ്രീ യമുനാനഗർ' പദ്ധതിയിലെ പ്രവർത്തനങ്ങൾക്ക് പ്രത്യേക അംഗീകാരവും ലഭിച്ചിട്ടുണ്ട്. 2001-ൽ ലാൽ ബഹദൂർ ശാസ്ത്രി നാഷണൽ അക്കാഡമി ഓഫ് അഡ്മിനിസ്ട്രേഷനിലെ ഐ.എ.എസ്. പ്രൊഫഷണൽ കോഴ്സിലെ മികച്ച പ്രകടനത്തിന് 'സുബാഷ് ദുവ മെമ്മോറിയൽ മെഡലും' ലഭിച്ചു. നിലവിൽ കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയത്തിലെ അഡീഷണൽ സെക്രട്ടറിയായ നിധിൻ കുമാർ യാദവിന് റബ്ബർബോർഡ് ചെയർമാന്റെ അധികച്ചുമതലയാണ് നൽകിയിരിക്കുന്നത്. •

# എം റൂബ് ബെസ്റ്റ് പെർഫോമർ അവാർഡുകൾ വിതരണം ചെയ്തു

2025ലെ എം റൂബ് ബെസ്റ്റ് പെർഫോമർ അവാർഡുകൾ ത്രിപുര സർക്കാരിന്റെ വ്യവസായ വാണിജ്യ മന്ത്രി സാന്തന ചക്മ അഗർതലയിൽ നടന്ന ചടങ്ങിൽ വെച്ച് വിതരണം ചെയ്തു. വെർച്വൽ ട്രേഡ് ഫെയറിന്റെ ആറാമത് പതിപ്പും അവർ ചടങ്ങിൽ ഉദ്ഘാടനം ചെയ്യുകയുണ്ടായി. സംസ്ഥാനത്തിന്റെ സാമൂഹിക-സാമ്പത്തിക വികസനത്തിൽ റബ്ബർകൃഷി ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ടെന്നും ഗ്രാമീണ പുരോഗതിക്കും തൊഴിൽമേഖലയ്ക്കും ഒരു പ്രേരകശക്തിയായി മാറിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. ജനിതകമാറ്റം വരുത്തിയ റബ്ബറിനുള്ള അനുമതി, ഗുണമേന്മ ഉയർത്താനുള്ള നടപടികൾ, റബ്ബർ പുകപ്പുരകളുടെ നിർമാണത്തിനുള്ള സഹായം, മുഖ്യമന്ത്രിയുടെ റബ്ബർ മിഷനു കീഴിൽ വലിയ തോതിലുള്ള റബ്ബർകൃഷിവികസനം എന്നിവയിലൂടെ ത്രിപുര സർക്കാർ ഈ മേഖലയെ പിന്തുണച്ചിട്ടുണ്ട്. സബ്സിഡികൾ, സൗജന്യ പരിശീലനം, ഡ്രോൺ ഉപയോഗിച്ചുള്ള മരുന്നുതളി, തൊഴിലാളി ക്ഷേമപദ്ധതികൾ എന്നിവയുൾപ്പെടെ റബ്ബർബോർഡ് നടപ്പാക്കുന്ന കേന്ദ്ര സർക്കാർ പദ്ധതികൾ സംസ്ഥാനത്തെ റബ്ബർകർഷകരെയും റബ്ബറധിഷ്ഠിതവ്യവസായങ്ങളെയും കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ടെന്നും അവർ പറഞ്ഞു.

പ്രകൃതിദത്തറബ്ബറിനായി റബ്ബർബോർഡിന്റെ ഓൺലൈൻ ട്രേഡിങ് പ്ലാറ്റ്ഫോമായ 'എം റൂബ്' വഴി ഏറ്റവും കൂടുതൽ വ്യാപാരം നടത്തുന്നവർക്കാണ് എം റൂബ് ബെസ്റ്റ് പെർഫോമർ അവാർഡുകൾ നൽകുന്നത്. റബ്ബർ ബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐആർഎസ് യോഗത്തിൽ അധ്യക്ഷത വഹിച്ചു. എം റൂബ് ഓൺലൈൻ പ്ലാറ്റ്ഫോം വിശ്വസനീയമാണെന്നും




*ത്രിപുര സർക്കാരിന്റെ വ്യവസായ വാണിജ്യ മന്ത്രി സാന്തന ചക്മ, എം റൂബ് ബെസ്റ്റ് പെർഫോമർ അവാർഡുകൾ വിതരണം ചെയ്യുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്യുന്നു. ഡോ. ബിനോയ് കെ. കുര്യൻ (സെക്രട്ടറി ഇൻ ചാർജ്, റബ്ബർബോർഡ്), എം. വസന്തഗേശൻ ഐ.ആർ.എസ്. (എക്സിക്യൂട്ടീവ് ഡയറക്ടർ, റബ്ബർബോർഡ്), കിരൺ ഗിറ്റെ ഐ.എ.എസ്. (വ്യവസായ വാണിജ്യ സെക്രട്ടറി, ത്രിപുര സർക്കാർ ) എൻ. സലി (ജോയിന്റ് റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ, സോണൽ ഓഫീസ്, അഗർതല) എന്നിവർ സമീപം (ഇടത്തുനിന്ന്)*




*ത്രിപുര സർക്കാരിന്റെ വ്യവസായ വാണിജ്യ മന്ത്രി സാന്തന ചക്മ വെർച്വൽ ട്രേഡ് ഫെയറിന്റെ ആറാമത് പതിപ്പ് ഉദ്ഘാടനം ചെയ്യുന്നു*

എല്ലാ ഇടപാടുകളിലും സുതാര്യത ഉറപ്പാക്കുന്നുവെന്നും വസന്തഗേശൻ അധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു. ഇൻറോഡ് (ഇന്ത്യൻ നാച്ചുറൽ റബ്ബർ ഓപ്പറേഷൻസ് ഫോർ അസിസ്റ്റഡ് ഡെവലപ്മെന്റ്) പദ്ധതിയിലൂടെ 60,000 ഹെക്ടറിലധികം സ്ഥലത്ത് പുതുതായി റബ്ബർകൃഷി ആരംഭിച്ചിട്ടുണ്ടെന്നും മികച്ച വില ഉറപ്പാക്കാൻ ഗുണമേന്മ മെച്ചപ്പെടുത്തേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. ത്രിപുരയിൽ ബോർഡ് നടപ്പാക്കുന്ന വിവിധ പദ്ധതികളെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു.

ത്രിപുര സർക്കാരിന്റെ വ്യവസായ വാണിജ്യ സെക്രട്ടറി കിരൺ ഗിറ്റെ ഐ.എ.എസ്. തന്റെ പ്രസംഗത്തിൽ ത്രിപുരയുടെ സമ്പദ്‌വ്യവസ്ഥയിൽ റബ്ബർ വഹിക്കുന്ന നിർണായക പങ്കിനെക്കുറിച്ചും സംസ്ഥാനത്തിന്റെ ജി.ഡി.പി. -യുടെ വളർച്ചയിൽ ഗണ്യമായ സംഭാവന നൽകാനുള്ള റബ്ബറിന്റെ കഴിവിനെക്കുറിച്ചും എടുത്തു പറഞ്ഞു. എൻ. സലി (ജോയിന്റ് റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ, സോണൽ ഓഫീസ്, അഗർതല), ഡോ. ബിനോയ് കെ. കുര്യൻ (സെക്രട്ടറി ഇൻ–ചാർജ്, റബ്ബർ ബോർഡ്), ചിരഞ്ജിബ് ബാനിക് (ഡെവലപ്മെന്റ് ഓഫീസർ, സോണൽ ഓഫീസ്, അഗർതല), അരുണാഭ മജുംദാർ (കൺസൾട്ടന്റ്, മണിമലയാർ റബ്ബേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്) എന്നിവരും ചടങ്ങിൽ സംസാരിച്ചു.

2025–ൽ ടയർ മേഖലയിലെ എം റൂബ് ബെസ്റ്റ് പെർഫോമർ അവാർഡ് നേടിയ ബാൽകൃഷ്ണ ഇൻഡസ്ട്രീസ് ലിമിറ്റഡിനു വേണ്ടി ജനറൽ മാനേജർ പവൻകുമാർ ബദ്ര അവാർഡ് ഏറ്റുവാങ്ങി. ടയറിതര മേഖലയിലെ ബെസ്റ്റ് പെർഫോമർ അവാർഡ് നേടിയ ക്ലാസിക് ഇൻഡസ്ട്രീസ് എക്സ്പോർട്ട്സിനെ പ്രതിനിധീകരിച്ച് ഡിവി



*അവാർഡുദാനച്ചടങ്ങിൽ പങ്കെടുത്ത സദസ്സിന്റെ ഒരു ദൃശ്യം*




*ബാൽകൃഷ്ണ ഇൻഡസ്ട്രീസ് ലിമിറ്റഡിനു വേണ്ടി ജനറൽ മാനേജർ പവൻകുമാർ ബദ്ര അവാർഡ് ഏറ്റുവാങ്ങുന്നു*




*ക്ലാസിക് ഇൻഡസ്ട്രീസ് എക്സ്പോർട്ട്സിനെ പ്രതിനിധീകരിച്ച് ഡിവിഷണൽ ഹെഡ് (ഫൈനാൻസ് ആന്റ് കൊമേഴ്സ്യൽ) കെ.ബി. മനോജ് അവാർഡ് സ്വീകരിക്കുന്നു*

ഷണൽ ഹെഡ് (ഫൈനാൻസ് ആന്റ് കൊമേഴ്സ്യൽ) കെ.ബി. മനോജാണ് അവാർഡ് സ്വീകരിച്ചത്. വടക്കുകിഴക്കൻ മേഖല ഒഴികെയുള്ള സ്ഥലങ്ങളിലെ ഡീലർമാരിൽ എം റൂബ് ബെസ്റ്റ് പെർഫോമർ അവാർഡ് നേടിയ സീയെന്നാർ അസോസിയേറ്റ്സിനു വേണ്ടി മാനേജിങ് പാർട്ണർ എൻ. രാജഗോപാൽ അവാർഡ് സ്വീകരിച്ചു. വടക്കുകിഴക്കൻ മേഖലയിലെ ഡീലർമാരിൽ ബെസ്റ്റ് പെർഫോമർ അവാർഡ് നേടിയ മണിമലയാർ റബ്ബേഴ്സിന്റെ ഗുവഹതി ബ്രാഞ്ചിനെ പ്രതിനിധീകരിച്ച് ബ്രാഞ്ച് മാനേജർ മനബേഷ് ദാസാണ് അവാർഡ് സ്വീകരിച്ചത്.

റബ്ബറുത്പാദകസംഘങ്ങളുടെ പങ്കാളിത്തമുള്ള കമ്പനികളുടെ വിഭാഗത്തിലെ ഡീലർമാരിൽ എം റൂബ് ബെസ്റ്റ് പെർഫോമർ അവാർഡ് നേടിയ നിലമ്പൂരിലെ തുഞ്ചത്ത് എഴുത്തച്ചൻ റബ്ബേഴ്സ് പ്രൈവറ്റ് ലിമിറ്റഡിനു വേണ്ടി മാനേജിങ് ഡയറക്ടർ ജോബി തോമസ് അവാർഡ് സ്വീകരിച്ചു. റബ്ബർ സംസ്കർത്താക്കളുടെ വിഭാഗത്തിൽ ബെസ്റ്റ് പെർഫോമർ അവാർഡ് നേടിയ പാലായിലെ കവണാർ ലാറ്റക്സ് ലിമിറ്റഡിനെ പ്രതിനിധീകരിച്ച് മാനേജിങ് ഡയറക്ടർ ഡി. രഞ്ജിത് ആണ് പുരസ്കാരം ഏറ്റുവാങ്ങിയത്.

വടക്കുകിഴക്കൻ മേഖല ഒഴികെയുള്ള പ്രദേശങ്ങളിലെ റബ്ബറുത്പാദകസംഘങ്ങളുടെ വിഭാഗത്തിൽ എം റൂബ് ബെസ്റ്റ് പെർഫോമർ അവാർഡ് നേടിയ എറണാകുളം ജില്ലയിലെ പൂതൃക്ക റബ്ബറുത്പാദകസംഘത്തിനുവേണ്ടി സഞ്ചീബ് ബറാലി അവാർഡ് വാങ്ങി. വടക്കുകിഴക്കൻ മേഖലയിലെ റബ്ബറുത്പാദകസംഘങ്ങളുടെ വിഭാഗത്തിൽ ബെസ്റ്റ് പെർഫോമർ അവാർഡ് നേടിയ അസമിലെ നോർത്ത് സാൽമാറ റബ്ബറുത്പാദകസംഘത്തെ പ്രതിനിധീകരിച്ച് സംഘം പ്രസിഡന്റ് ഹരീഷ് റായ് പുരസ്കാരം സ്വീകരിച്ചു.

എം റൂബ് പ്ലാറ്റ്ഫോമിലൂടെയുള്ള വ്യാപാരം




*സീയെന്നാർ അസോസിയേറ്റ്സിനു വേണ്ടി മാനേജിങ് പാർട്ണർ എൻ. രാജഗോപാൽ അവാർഡ് സ്വീകരിക്കുന്നു*




*മണിമലയാർ റബ്ബേഴ്സിന്റെ ഗുവഹതി ബ്രാഞ്ചിനെ പ്രതിനിധീകരിച്ച് ബ്രാഞ്ച് മാനേജർ മനബേഷ് ദാസ് അവാർഡ് സ്വീകരിക്കുന്നു*




അസമിലെ നോർത്ത് സാൽമാറ റബ്ബറുത്പാദകസംഘത്തെ പ്രതിനിധീകരിച്ച് സംഘം പ്രസിഡന്റ് ഹരീഷ് റായ് പുരസ്കാരം സ്വീകരിക്കുന്നു




എറണാകുളം ജില്ലയിലെ പൂതൃക്ക റബ്ബറുത്പാദകസംഘത്തിനുവേണ്ടി സഞ്ചീബ് ബറാലി അവാർഡ് വാങ്ങുന്നു




നിലമ്പൂരിലെ തുഞ്ചത്ത് എഴുത്തച്ഛൻ റബ്ബേഴ്സ് പ്രൈവറ്റ് ലിമിറ്റഡിനുവേണ്ടി മാനേജിങ് ഡയറക്ടർ ജോബി തോമസ് അവാർഡ് സ്വീകരിക്കുന്നു




പാലായിലെ കവണാർ ലാറ്റക്സ് ലിമിറ്റഡിനെ പ്രതിനിധീകരിച്ച് മാനേജിങ് ഡയറക്ടർ ഡി. രഞ്ജിത് പുരസ്കാരം ഏറ്റുവാങ്ങുന്നു

പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ റബ്ബർവിപണനവുമായി ബന്ധപ്പെട്ട് വിവിധ വിഭാഗങ്ങളിൽ ഉൾപെടുന്നവർക്കായി ഏർപ്പെടുത്തിയിട്ടുള്ള ഈ അവാർഡ് 50,000 രൂപയും പ്രശസ്തിപത്രവും അടങ്ങുന്നതാണ്. 2022-ൽ റബ്ബർബോർഡ് തുടക്കമിട്ട ഇലക്ട്രോണിക് ട്രേഡിങ് പ്ലാറ്റ്ഫോമായ എം റൂബിന് വിവിധ മേഖലയിലുള്ളവരിൽനിന്ന് മികച്ച പ്രതികരണമാണ് ലഭിച്ചിട്ടുള്ളത്. ഈ പ്ലാറ്റ്ഫോമിലൂടെ തുടക്കം മുതൽ ഇതുവരെ 2700 ട്രേഡിങ്ങിലൂടെ ഏകദേശം 680 കോടി വിലമതിക്കുന്ന 43,500 ടണ്ണിലധികം പ്രകൃതിദത്തറബ്ബർവ്യാപാരം നടന്നിട്ടുണ്ട്. റബ്ബറുത്പാദകസംഘങ്ങൾ, ടയർ-ടയറിതര മേഖലകളിൽ നിന്നുള്ള ഉത്പന്നനിർമാതാക്കൾ, റബ്ബർ ഡീലർമാർ, സംസ്കർത്താക്കൾ, വൻകിട തോട്ടമുടമകൾ എന്നിവരുൾപെടെ 2,700 അംഗങ്ങൾ ഇ-മാർക്കറ്റിൽ അംഗങ്ങളായിട്ടുണ്ട്. ഇന്ത്യയിൽ ഒരു തോട്ടവിളയ്ക്കായുള്ള ആദ്യത്തെ ഓൺലൈൻ വിപണി പ്ലാറ്റ്ഫോമായ എം റൂബിൽ റബ്ബർ വാങ്ങുന്നതിനും വിൽക്കുന്നതിനും ലേലം വിളിക്കുന്നതിനും, സുതാര്യമായ സ്പോട്ട് ട്രേഡിങ്ങിനും സംവിധാനമുണ്ട്.

വിപണനത്തിൽ സാങ്കേതികപുരോഗതിക്കൊപ്പം സഞ്ചരിക്കാനും പ്രകൃതിദത്തറബ്ബർവിപണന രംഗത്ത് തടസ്സരഹിതവും സുതാര്യവും കാര്യക്ഷമവുമായ ഒരു വ്യാപാര അന്തരീക്ഷം ഉറപ്പാക്കാനുമാണ് റബ്ബർബോർഡ് എം റൂബ് പോർട്ടൽ വികസിപ്പിച്ചെടുത്തത്. ഈ സംരംഭം നിലവിലുള്ള മൂല്യശൃംഖലയെ കൂടുതൽ സുതാര്യമാക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തു. എം റൂബ് വഴിയുള്ള പ്രകൃതിദത്ത റബ്ബർവിപണനം കാലക്രമേണ വർദ്ധിച്ച് ഈ മേഖലയുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്ന ഒരു വിശ്വസനീയമായ ഇ-മാർക്കറ്റ് സംവിധാനമായി ഇത് പരിണമിക്കുമെന്ന് പ്രത്യാശിക്കാം. •

# ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം സ്ഥാപനദിനം ആചരിച്ചു




*ഡോ. അച്യുത്ശങ്കർ, ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിന്റെ സ്ഥാപനദിനാഘോഷം ഉദ്ഘാടനം ചെയ്യുന്നു*



ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിന്റെ 70-ാമത് സ്ഥാപനദിനാഘോഷത്തിൽ കേരള സർവകലാശാലയിലെ ബയോഇൻഫോർമാറ്റിക്സ് വിഭാഗത്തിന്റെ മുൻ ഡീനും സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിങ് ടെക്നോളജിയുടെ മുൻ ഡയറക്ടറുമായ പ്രൊഫസർ (ഡോ.) അച്യുത്ശങ്കർ സ്ഥാപനദിന പ്രഭാഷണം നടത്തി. കോട്ടയത്ത് ഗവേഷണ കേന്ദ്രത്തിൽ വെച്ച് നടന്ന ചടങ്ങിൽ, 'ഹ്യൂമനോയ്ഡ് റോബോട്ട്സ്' എന്ന വിഷയത്തെ അധികരിച്ച് നടത്തിയ പ്രഭാഷണത്തിൽ സാങ്കേതികവിദ്യയും ശാസ്ത്രവും ഇന്നത്തെ ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും സംഭാവന നൽകിയിട്ടുണ്ടെന്നും തുടർച്ചയായി കൃത്യതയോടെ നിരവധി ജോലികൾ ചെയ്യാൻ കഴിവുള്ള ഹ്യൂമനോയിഡ് റോബോട്ടുകൾക്ക് മനുഷ്യന്റെ ദൈനംദിന ജീവിതത്തിൽ നിർണായക പങ്ക് വഹിക്കാൻ കഴിയുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐആർഎസ് തന്റെ ആമുഖ പ്രസംഗത്തിൽ, ആർആർഐഐ രൂപീകരിച്ചതിന്റെ ലക്ഷ്യങ്ങൾ ഇന്നും പ്രസക്തമായി തുടരുന്നുവെന്നും കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പുതിയ വെല്ലുവിളികൾ ഏറ്റെടുക്കാൻ ഗവേഷണ കേന്ദ്രം തയ്യാറാകണമെന്നും പറഞ്ഞു.

സമ്മേളനത്തെ സ്വാഗതം ചെയ്ത ഗവേഷണകേന്ദ്രം ഡയറക്ടർ ഡോ. ദേബബ്രത റായ്, ആർആർഐഐ-യുടെ നിലവിലെ പ്രവർത്തനങ്ങളെക്കുറിച്ച് വിവരിക്കുകയും ഗവേഷണകേന്ദ്രം കെട്ടിപ്പടുക്കുന്നതിന് സംഭാവന നൽകിയ എല്ലാവരെയും സ്മരിക്കുകയും ചെയ്തു. ഡോ. സിജു റ്റി. (റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ), എച്ച്. പ്രിയാ വർമ്മ (ഡയറക്ടർ, ട്രെയിനിങ്) ഡോ. ജെസ്സി എം.ഡി. (മുൻ ഡയറക്ടർ ഇൻ ചാർജ് ,ആർആർഐഐ), ഡോ. സിബി വർഗീസ് (മുൻ ഡയറക്ടർ ഇൻ ചാർജ്, എൻ.ഐ.ആർ.റ്റി.) എന്നിവർ ചടങ്ങിൽ സംസാരിച്ചു. ഡോ. ഷേറ മാത്യു (ഓഫീസർ ഇൻ -ചാർജ്, ടെക്നിക്കൽ കൺസൾട്ടൻസി ഡിവിഷൻ, ആർആർഐഐ) നന്ദി പറഞ്ഞു.

ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽനിന്ന് വിരമിച്ച ഉദ്യോഗസ്ഥർ, റബ്ബർബോർഡിലെ വകുപ്പുമേധാവികൾ എന്നിവരും സമീപ സ്കൂളുകളിൽ നിന്നുള്ള വിദ്യാർത്ഥികളും ചടങ്ങിൽ പങ്കെടുത്തു. ഡോ. അച്യുത്ശങ്കർ വിദ്യാർത്ഥികളുമായും യോഗത്തിൽ പങ്കെടുത്തവരുമായും സംവദിച്ചു.







ഡോ. ഷാജി ഫിലിപ്പ്
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

എഡ്വിൻ പ്രേം ഇ.
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

## റബ്ബർമരങ്ങളിലെ
# മഞ്ഞുകാലരോഗങ്ങൾ

നീണ്ട മഴക്കാലം അവസാനിക്കാറായി. കാലാവസ്ഥാവ്യതിയാനവും കാലംതെറ്റി പെയ്യുന്ന മഴയും അപ്രതീക്ഷിതമായി ഉടലെടുക്കുന്ന ന്യൂനമർദ്ദവും റബ്ബർകർഷകരെ ബുദ്ധിമുട്ടിലാക്കുന്നു. രോഗപ്രതിരോധപ്രവർത്തനങ്ങൾ നടത്താതിരുന്ന തോട്ടങ്ങളിൽ ഈ വർഷം അകാലിക ഇലകൊഴിച്ചിൽ വ്യാപകമായിരുന്നു.

ഇലപ്പൊട്ടുരോഗം ഈ വർഷം താരതമ്യേന കുറവായിരുന്നു. എന്നാൽ ചില സ്ഥലങ്ങളിലെ തോട്ടങ്ങളിൽ മെയ്-ജൂൺ മാസങ്ങളിലും നവംബർ മാസത്തിലും രോഗം കാണപ്പെട്ടു. അകാലികഇലകൊഴിച്ചിലും ഇലപ്പൊട്ടുരോഗവും ഒരുമിച്ചു ബാധിച്ച തോട്ടങ്ങളിൽ ഇലകൾ വളരെ കുറവായിരിക്കും.

യഥാസമയം രോഗപ്രതിരോധപ്രവർത്തനങ്ങൾ നടത്തിയ ചെറുകിട-വൻകിട തോട്ടങ്ങളിൽ എല്ലാ റബ്ബറിനങ്ങളിലും നവംബർ മാസം വരെ 80 ശതമാനം ഇലകളും കൊഴിയാതെ നിൽക്കുന്നത് കാണാം. ഈ വർഷം ഇല കൊഴിഞ്ഞ തോട്ടങ്ങളിൽ പുതിയ ഇലകൾ തളിർക്കുന്നതും നന്നേ കുറവായി കാണപ്പെട്ടു. ഇത് മരത്തിന്റെ ആരോഗ്യത്തെയും ഉത്പാദനത്തേയും ബാധിച്ചേക്കും. ഡിസംബർ അവസാനം മുതൽ സ്വാഭാവിക ഇലകൊഴിച്ചിലിന്റെയും പുതിയ ഇലകൾ തളിർക്കുന്നതിന്റെയും കാലമായിരിക്കും. ഈ സമയത്ത് റബ്ബർമരങ്ങളെ ബാധിക്കുന്ന പ്രധാന രോഗങ്ങളാണ് പൊടിക്കുമിൾ (Powdery Mildew) രോഗം, *കൊറിനിസ്പോറ (Corynespora)* രോഗം എന്നിവ. തുടർച്ചയായ രോഗബാധ റബ്ബർമരങ്ങളുടെ വളർച്ചയെയും ഉത്പാദനത്തെയും സാരമായി ബാധിക്കുന്നു.

ഇലകൾ സമൃദ്ധിയായി ആരോഗ്യത്തോടെ നിന്നാൽ മാത്രമേ മരങ്ങൾക്ക് കരുത്തും ഉത്പാദനശേഷിയും ഉണ്ടാകുകയുള്ളൂ. ഈ രണ്ടു രോഗങ്ങളെക്കുറിച്ചും അവയുടെ നിയന്ത്രണമാർഗങ്ങളെക്കുറിച്ചും കർഷകർ അറിഞ്ഞിരിക്കുന്നത് നന്നായിരിക്കും.

### പൊടിക്കുമിൾ രോഗം (Powdery Mildew)

പൊടിക്കുമിൾ രോഗത്തിന് നിദാനം *ഓയിഡിയം ഹീവിയ (Oidium hevea)* എന്ന ഇനം കുമിളുകളാണ്. ചെറിയ തൈകളുടെയും വലിയ മരങ്ങളുടെയും തളിരിലകളെയാണ് രോഗം ബാധിക്കുന്നത്. ഈ കുമിളുകളെ പരീക്ഷണശാലയിൽ കൃത്രിമമായി വളർത്തിയെടുക്കാൻ കഴിയുകയില്ല. ജീവനുള്ള ഇലകളിൽ മാത്രമേ ഈ കുമിളുകൾ വളരുകയുള്ളൂ. ഈ രോഗംമൂലം ഏകദേശം 14 മുതൽ 32 വരെ ശതമാനം ഉത്പാദനക്കുറവ് പല റബ്ബറിനങ്ങളിലും കാണപ്പെട്ടിട്ടുണ്ട്. പുതുതായി ഉണ്ടാകുന്ന ഇലകൾ വർഷം മുഴുവൻ ആരോഗ്യത്തോടെ നിലനിന്നാൽ മാത്രമേ മരങ്ങൾക്ക് കരുത്തുണ്ടാകുകയുള്ളൂ. പൊടിക്കുമിൾരോഗം തേനുത്പാദനത്തേയും വിത്തുത്പാദനത്തേയും ബാധിക്കാറുണ്ട്.

***രോഗലക്ഷണങ്ങൾ***

* എല്ലാ പ്രായത്തിലും ഇനങ്ങളിലുമുള്ള റബ്ബർമരങ്ങളെ രോഗം ബാധിക്കാറുണ്ട്.
* തളിരിലകളിലാണ് രോഗബാധ കൂടുതൽ കാണുന്നത്.
* ഇലപ്പരപ്പിൽ കുമിളിന്റെ രേണുക്കൾ വെളുത്ത പൊടിപോലെ പാടുകളായി പറ്റിപ്പിടിച്ചിരിക്കുന്നതാണ് പ്രധാന ലക്ഷണം.
* ഇലയുടെ സ്വാഭാവിക പച്ചനിറം നശിക്കുന്നു.
* രോഗം ബാധിച്ച ഇലകൾ കരിഞ്ഞുണങ്ങി പിന്നീട് കൊഴിഞ്ഞുപോകുന്നു.
* ഇലത്തണ്ടുകൾ കൊഴിയാതെ കുറ്റിച്ചൂലുപോലെ കുറെ ദിവസം മരങ്ങളിൽ നിൽക്കും.
* മൂപ്പെത്തിയ ഇലകൾ കൊഴിയില്ലെങ്കിലും ഇലപ്പരപ്പിൽ പല ആകൃതിയിലുള്ള വെളുത്ത പാടുകൾ ഉണ്ടാകുകയും ആ പാടുകൾ പിന്നീട് തവിട്ടുനിറമാകുകയും ചെയ്യും.

***രോഗബാധയുടെ സാഹചര്യങ്ങൾ***

തളിരിലകൾ രൂപപ്പെടുമ്പോൾ അതതുപ്രദേശങ്ങളിലുള്ള കാലാവസ്ഥയാണ് രോഗബാധയും അതിന്റെ കാഠിന്യവും നിർണയിക്കുന്ന പ്രധാന സാഹചര്യം.

സ്ഥലത്തിന്റെ കിടപ്പും ഉയരവും, റബ്ബറിനങ്ങൾ, ഇലകളുടെ പ്രായം, മൂടിക്കെട്ടിയ അന്തരീക്ഷം, ചാറ്റൽ മഴ, മഞ്ഞ് എന്നിവയും രോഗബാധയെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. ഉയർന്ന പ്രദേശങ്ങൾ, ചെരിഞ്ഞ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ വളരുന്ന റബ്ബർമരങ്ങൾക്ക് രോഗബാധ പൊതുവെ കൂടുതലായിരിക്കും.





നേരത്തെ ഇല കൊഴിയുന്ന റബ്ബറിനങ്ങൾ രോഗബാധയിൽനിന്ന് രക്ഷപ്പെടുന്നതായി കണ്ടിട്ടുണ്ട്. വൈകി ഇലകൊഴിയുന്ന ഇനങ്ങളിൽ പൊതുവെ രോഗബാധ കൂടുതലായിരിക്കും (ഉദാഹരണം – ആർആർഐഐ 400 പരമ്പര ഇനങ്ങളിൽ). ഇപ്പോൾ നടീലിനായി ശുപാർശ ചെയ്തിട്ടുള്ള ഇനങ്ങളിലെല്ലാം രോഗബാധ ഉണ്ടാകുന്നുണ്ട്. രോഗബാധയ്ക്ക് അനുകൂലമായ സാഹചര്യങ്ങളിൽ ഒരു വർഷത്തിൽ രണ്ടുതവണ വരെ രോഗം വരാൻ സാധ്യതയുണ്ട്. തമിഴ്നാട്ടിലെ കന്യാകുമാരി ജില്ല; കേരളത്തിലെ വയനാട്, ഇടുക്കി ജില്ലകൾ; വടക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ പൊടിക്കുമിൾ രോഗം വ്യാപകമാണ്.

***രോഗപ്രതിരോധമാർഗങ്ങൾ***


പൊടിക്കുമിൾ രോഗത്തെ വളരെ ഫലപ്രദമായി നിയന്ത്രിക്കാം. സൾഫർ (ഗന്ധകപ്പൊടി) അടിക്കുന്നത് രോഗബാധ തടയുന്നതിന് ഫലപ്രദമാണ്. 70 ശതമാനം ഗന്ധകപ്പൊടിയാണ് പൊതുവെ ഉപയോഗിക്കുന്നത്. നന്നായി ഉണങ്ങിയതും അന്തരീക്ഷത്തിൽ പടരുന്ന തരത്തിലുള്ളതുമായ ഗന്ധകപ്പൊടി 325 മെഷ് വലിപ്പമുള്ള അരിപ്പയിൽക്കൂടി കടന്നുപോകുന്നതായിരിക്കണം. ഒരു ഹെക്ടർ തോട്ടത്തിലേക്ക് 11 മുതൽ 14 വരെ കിലോഗ്രാം ഗന്ധകപ്പൊടി വേണം. സ്വാഭാവിക ഇലകൊഴിച്ചിലിന് ശേഷം തോട്ടങ്ങളിൽ പത്തുശതമാനം മരങ്ങൾ തളിരിടുമ്പോൾ മുതൽ ഇലകൾ മൂപ്പെത്തുന്നതുവരെ ഒരാഴ്ചമുതൽ രണ്ടാഴ്ചവരെ ഇടവിട്ട് മൂന്നു മുതൽ ആറു വരെ തവണ ഗന്ധകപ്പൊടി അടിക്കേണ്ടതായി വരും. വലിയ മരങ്ങളിൽ മൈക്രോൺ ഡസ്റ്റർ ഉപയോഗിച്ചും ചെറിയ മരങ്ങളിൽ സ്റ്റിൽ (Still 450) ഡസ്റ്റർ ഉപയോഗിച്ചും ഗന്ധകപ്പൊടി അടിക്കാം. ഗന്ധക

പ്പൊടി അതിരാവിലെ അടിക്കുന്നതാണ് ഉത്തമം. ഇലകളിലെ നനവ്, കാറ്റിന്റെ കുറവ് ഇവ ഗന്ധകപ്പൊടി തളിരിലകളിൽ പറ്റിയിരിക്കാൻ സഹായിക്കും.

നഴ്സറിത്തൈകളിലും ചെറുതൈകളിലും രോഗബാധ ഉണ്ടായാൽ വെള്ളത്തിൽ കലർത്താവുന്ന ഗന്ധകം 0.02 ശതമാനം വീര്യത്തിൽ (2.5 ഗ്രാം വെറ്റബിൾ സൾഫർ ഒരു ലിറ്റർ വെള്ളത്തിൽ എന്ന കണക്കിൽ) തളിച്ചോ കാർബെൻഡാസിം (0.05 ശതമാനം) എന്ന കുമിൾനാശിനി (ഒരു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന കണക്കിൽ) പ്രയോഗിച്ചോ രോഗബാധ ഫലപ്രദമായി നിയന്ത്രിക്കാം.

### *കൊറിനിസ്പോറ* ഇലരോഗം

റബ്ബറിന്റെ തളിരിലകളെ ബാധിക്കുന്ന മറ്റൊരു രോഗമാണ് *കൊറിനിസ്പോറ* ഇലരോഗം. *കൊറിനിസ്പോറ കാസ്സികോള (Corynespora cassicola)* എന്ന ശാസ്ത്രീയ നാമത്തിലുള്ള പൂപ്പലാണ് ഈ രോഗമുണ്ടാക്കുന്നത്. ആഫ്രിക്കയിലെ സീറാലിയോൺ എന്ന സ്ഥലത്തെ റബ്ബർതൈകളിൽ കണ്ടെത്തിയ ഈ രോഗം വളരെ അപ്രധാനമെന്നാണ് കരുതിയിരുന്നത്. പിന്നീട് ഇന്ത്യയിലേയും തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളിലേയും വലിയ മരങ്ങളിൽ ഈ രോഗം വ്യാപകമായ നഷ്ടമുണ്ടാക്കി. ശ്രീലങ്കയിലെ തോട്ടങ്ങളിൽ ഉത്പാദനക്ഷമതയിൽ മുൻപന്തിയിൽ നിന്നിരുന്ന ആർആർഐസി 103 എന്ന ഇനം ഈ രോഗം മൂലം ഏകദേശം 4500 ഹെക്ടർ കൃഷിയിടത്തിൽ നിന്ന് പൂർണമായും ഒഴിവാക്കപ്പെട്ടു. അതിൽ നിന്ന് ഈ രോഗത്തിന്റെ കാഠിന്യം എത്രത്തോളം ഉണ്ടെന്ന് നമുക്ക് മനസ്സിലാക്കാം. ഇന്ത്യയിൽ ആദ്യമായി 1958-ൽ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ നഴ്സറിത്തൈകളിലാണ് രോഗബാധ കണ്ടത്.







പിന്നീട് വലിയ മരങ്ങളിൽ ഈ രോഗം വ്യാപകമായി കണ്ടത് 1996-ൽ ദക്ഷിണ കന്നഡജില്ലയിലെ നെട്ടണയിലായിരുന്നു. ഇതിന്റെ സമീപപ്രദേശങ്ങളായ ഷിറാടി, നെല്ലിയാടി, കടബ, ഇച്ചിലംപാടി, ഉടുപ്പി, സുള്ള്യ, ഗുത്തിഗാർ, പുത്തൂർ, കുന്ദാപുരം എന്നീ പ്രദേശങ്ങളിലും കേരളത്തിലെ കാസറഗോഡ് ജില്ലയിലെ മുള്ളേര്യ, ആഡൂർ, ബദിയടുക്ക, പാണ്ടി, തടിക്കടവ് എന്നിവിടങ്ങളിലും കണ്ണൂർ ജില്ലയിലെ ആലക്കോട്, ശ്രീകണ്ഠാപുരം എന്നീ പ്രദേശങ്ങളിലും കോഴിക്കോട് ജില്ലയിലെ താമരശ്ശേരി, കുറ്റ്യാടി എന്നീ മേഖലകളിലും പത്തനംതിട്ട, പുനലൂർ എന്നീ പ്രദേശങ്ങളിലെ ചില തോട്ടങ്ങളിലും ഇപ്പോൾ ഈ രോഗബാധ കാണുന്നുണ്ട്.

**രോഗലക്ഷണങ്ങൾ**

* ജനുവരി മുതൽ ഏപ്രിൽ-മെയ് മാസം വരെ രോഗബാധ നീണ്ടുനിൽക്കും.
* *കൊറിനിസ്പോറ* കുമിളിന്റെ അതിസൂക്ഷ്മ രേണുക്കൾ വഴിയാണ് ഈ രോഗം ഇലകൾ നശിപ്പിക്കുന്നത്.
* ഇലകൾ വാടിക്കൊഴിഞ്ഞ്, ചുരുണ്ടുപോകുന്നു.
* ചിലപ്പോൾ തീപിടിച്ച് പൊള്ളിയപോലെയുള്ള ഇലകൾ മരങ്ങളിൽ കാണാം.
* നഴ്സറികളിൽ എല്ലാസമയത്തും രോഗബാധ ഉണ്ടാകാറുണ്ട്.
* തവിട്ടുനിറത്തിൽ ഇലകളിൽ തുടങ്ങുന്ന പൊട്ടുകൾ പിന്നീട് വലുതായി വൃത്താകൃതിയിൽ ഒന്നുമുതൽ പത്തു വരെ മില്ലിമീറ്റർ വ്യാസമുള്ള പാടുകൾ ആയിത്തീരും.
* ഈ പാടുകളുടെ മദ്ധ്യഭാഗം ഇളം തവിട്ടുനിറത്തിലും അരികുകൾ നല്ല തവിട്ടുനിറത്തിലും കാണപ്പെടുന്നു. പാടുകളുടെ ചുറ്റും മഞ്ഞ നിറത്തിലുള്ള വലയവും രൂപപ്പെടും.

  ഈ രോഗത്തിന്റെ മറ്റൊരു പ്രധാന ലക്ഷണം രോഗം ഇലഞരമ്പിലേക്ക് ബാധിച്ച് ഞരമ്പുകൾ തവിട്ടുനിറമാകുന്നതാണ്. പ്രധാന ഞരമ്പുകളെയും ശാഖാഞരമ്പുകളെയും രോഗം ബാധിക്കുന്നതോടെ ഇവയ്ക്ക് ഭൂപടത്തിൽ റെയിൽലൈനുകൾ അടയാളപ്പെടുത്തിയതുപോലെയുള്ള ആകൃതി വരും. പിന്നീട് ഇലകൾ കൊഴിയുന്നു.
* വളരെ ചെറിയ തോതിലുള്ള കുമിൾബാധ പോലും ഇലകൾ കൊഴിയാൻ കാരണമാകാം.

## ഗന്ധകപ്പൊടി അടിക്കുന്നത് ദോഷകരമല്ല



പൊടിക്കുമിളിനെതിരെ തോട്ടങ്ങളിൽ ഗന്ധകപ്പൊടി ഉപയോഗിക്കുന്നത് ചില സ്ഥലങ്ങളിൽ പ്രതിഷേധത്തിന് കാരണമാകാറുണ്ട്. ഇവ പരിസ്ഥിതിക്ക് ഒരു ദോഷവും ഉണ്ടാക്കുന്നില്ല എന്നാണ് പഠനങ്ങളിൽ കാണുന്നത്. വികസിത രാജ്യങ്ങളിൽ ജൈവകൃഷിയിൽ ഗന്ധകപ്പൊടി ഉപയോഗിക്കുന്നുണ്ട്. അതുപോലെ ചില രോഗങ്ങളെ പ്രതിരോധിക്കാൻ മനുഷ്യരും ഗന്ധകം കലർന്ന മരുന്നുകൾ ഉപയോഗിക്കുന്നു. അതിരാവിലെ മരങ്ങളുടെ ഇലകളിൽ ഈർപ്പമുള്ളതിനാൽ അടിക്കുന്ന ഗന്ധകപ്പൊടി ഇലകളിൽ പറ്റിപ്പിടിക്കും. അതുകൊണ്ടാണ് തോട്ടങ്ങളിൽ നന്നേ പുലർച്ചെ ഗന്ധകപ്പൊടി അടിക്കണമെന്ന് റബ്ബർ ബോർഡ് ശുപാർശ ചെയ്തിരിക്കുന്നത്.



ഒരു തോട്ടത്തിൽതന്നെ രോഗവ്യാപനത്തോത് വ്യത്യസ്തമായി കണ്ടിട്ടുണ്ട്. തോട്ടത്തിന്റെ അതിരിലുള്ള മരങ്ങളിലും സൂര്യപ്രകാശം നേരിട്ടേൽക്കുന്ന ശിഖരങ്ങളിലുമാണ് രോഗബാധ കൂടുതൽ കാണപ്പെടുന്നത്. രോഗം ബാധിച്ച് ഇലകൾ കൊഴിഞ്ഞുവീണ ശേഷം പിന്നീട് തളിർത്തുണ്ടാകുന്ന ഇലകൾക്ക് വീണ്ടും രോഗബാധ ഏൽക്കാം. ഇങ്ങനെ ആവർത്തിച്ചുണ്ടാകുന്ന രോഗബാധമൂലം മരങ്ങൾ ഉണങ്ങിപ്പോകാറുണ്ട്. പ്രത്യേകിച്ച് മരത്തിന്റെ മുകൾഭാഗത്തെ കമ്പുകളോ അല്ലെങ്കിൽ മരം മുഴുവനായോ ഉണങ്ങിപ്പോകാം. അന്തരീക്ഷത്തിലെ ഉയർന്ന ഊഷ്മാവും മഞ്ഞും ഈർപ്പം കലർന്ന പ്രഭാതവും രോഗബാധ ഉണ്ടാകുന്നതിനും വ്യാപിക്കുന്നതിനും അനുകൂലഘടകങ്ങളാണ്. തളിരിലകൾ ഉണ്ടാകുന്ന സമയത്ത് മേൽപറഞ്ഞ കാലാവസ്ഥ ഉണ്ടായാൽ കർഷകർ തോട്ടങ്ങളിൽ ശ്രദ്ധിക്കണം.

വിവിധ റബ്ബറിനങ്ങളിലും പ്രദേശങ്ങളിലും രോഗബാധയുടെ കാഠിന്യം വ്യത്യാസപ്പെട്ടിരിക്കും. നമ്മുടെ നാട്ടിൽ വ്യാപകമായി കൃഷി ചെയ്യുന്ന ആർആർഐഐ 105-ലാണ് രോഗബാധ കൂടുതൽ കാണപ്പെടുന്നത്. ആർആർഐഐ 118, പി.ബി. 235, പി.ബി. 268, പി.ബി. 217, പി.ബി. 311 എന്നീ ഇനങ്ങളിലും ആർആർഐഐ 422 -ലും രോഗബാധ ഉണ്ടാകാറുണ്ട്. ആർആർഐഐ 414-ന് താരതമ്യേന രോഗപ്രതിരോധശേഷി ഉള്ളതായിട്ടാണ് കണ്ടിട്ടുള്ളത്.

***രോഗനിയന്ത്രണം***

ജനുവരി മുതൽ ഏപ്രിൽ വരെയുള്ള മാസങ്ങൾ നീണ്ടുനിൽക്കുന്ന രോഗകാലമുള്ളതിനാൽ *കൊറിനിസ്പോറ* രോഗം നിയന്ത്രിക്കുന്നതിന് ശ്രദ്ധ ആവശ്യമാണ്. നഴ്സറികൾ, ബഡ്ഡുവുഡ് നഴ്സറികൾ, ടാപ്പിങ്ങിനു പാകമാകുന്ന മരങ്ങൾ തുടങ്ങിയവയിൽ ഇലകൾ തളിർക്കുന്നതും മൂപ്പെത്തുന്നതും പല സമയത്ത് ആയതിനാൽ ഒറ്റത്തവണ സ്പ്രേയിങ് നടത്തിയതുകൊണ്ട് മാത്രം രോഗനിയന്ത്രണം സാധ്യമല്ലാതെ വരുന്നു.

## കോട്ടയം മെഡിക്കൽ കോളജിന് ശുചീകരണ ഉപകരണങ്ങൾ കൈമാറി




*റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം വസന്തഗേശൻ ഐആർഎസ് സഹകരണ, തുറമുഖ, ദേവസ്വം വകുപ്പ് മന്ത്രി വി.എൻ. വാസവന്റെ സാന്നിധ്യത്തിൽ മെഡിക്കൽ കോളജിന് ശുചീകരണ ഉപകരണങ്ങൾ കൈമാറുന്ന ചടങ്ങ്.*

കേന്ദ്രസർക്കാരിന്റെ 'സ്വച്ഛത ആക്ഷൻ പ്ലാനി'ന്റെ ഭാഗമായി റബ്ബർബോർഡ് കോട്ടയം മെഡിക്കൽ കോളജിന് 10 ലക്ഷം രൂപ വിലവരുന്ന സ്ക്രബ്ബർ ഡ്രയർ ഫ്ളോർ ക്ലീനിങ് മെഷീനും വാക്വം ക്ലീനറും നൽകി. കേരളസർക്കാരിന്റെ സഹകരണ, തുറമുഖ, ദേവസ്വം വകുപ്പ് മന്ത്രി വി.എൻ. വാസവന്റെ അധ്യക്ഷതയിൽ കോട്ടയം മെഡിക്കൽ കോളജിൽ വെച്ച് കൂടിയ യോഗത്തിൽ റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐആർഎസ് ശുചീകരണ ഉപകരണങ്ങൾ മെഡിക്കൽ കോളജിന് കൈമാറി. യോഗത്തിൽ മെഡിക്കൽ കോളജിലെ ശുചീകരണ തൊഴിലാളികളെ ആദരിക്കുകയും ചെയ്തു. മെഡിക്കൽ കോളജ് പ്രിൻസിപ്പൽ ഡോ. വർഗീസ് പുന്നൂസ്, സൂപ്രണ്ട് ഡോ. ടി. കെ. ജയകുമാർ, റബ്ബർബോർഡ് സെക്രട്ടറി (ഇൻ-ചാർജ്) ഡോ. ബിനോയ് കെ. കുര്യൻ എന്നിവർ സംസാരിച്ചു.

തൈമരങ്ങളിലും അപക്വകാല മരങ്ങളിലും (ഒന്നു മുതൽ നാലുവരെ വർഷം) വെള്ളത്തിൽ കലർത്താവുന്ന കുമിൾനാശിനിയാണ് ഫലപ്രദം. വെള്ളത്തിൽ കലർത്താവുന്ന കുമിൾനാശിനികളായ കാർബെൻഡാസിം (0.05 ശതമാനം), മാങ്കോസെബ് (0.2 ശതമാനം) ബോർഡോമിശ്രം (ഒരു ശതമാനം) തുടങ്ങിയവയിൽ ഏതെങ്കിലുമൊന്ന് ഉപയോഗിക്കാം.

തയോഫനേറ്റ് മീതൈൽ (0.07 ശതമാനം) പൈറക്ലോസ്ട്രോബിൻ + മെറ്റിറം (0.03 ശതമാനം) എന്നിവ രോഗനിയന്ത്രണത്തിന് ഉത്തമമെന്ന് ഗവേഷണവിഭാഗത്തിന്റെ പഠനത്തിൽ തെളിഞ്ഞിട്ടുണ്ട്. രോഗബാധ സ്ഥിരമായി കാണാറുള്ള ഇടങ്ങളിൽ മുൻകൂട്ടി കുമിൾനാശിനി തളിക്കണം. പതിനഞ്ചുദിവസത്തെ ഇടവേളയിൽ കുമിൾനാശിനി തളിക്കേണ്ടതാണ്. മൂന്നു മുതൽ അഞ്ചു വരെ വർഷം പ്രായമായ മരങ്ങൾക്ക് ഹെക്ടർ ഒന്നിന് 500 മുതൽ 2000 വരെ ലിറ്റർ കുമിൾനാശിനി ആവശ്യമാണ്. ഇലപ്പടർപ്പിനനുസരിച്ച് കുമിൾനാശിനിയുടെ അളവിൽ വ്യത്യാസം വരുത്താവുന്നതാണ്. ബാക്ക് പായ്ക്ക്, റോക്കർ, സ്റ്റിൽ 420, സ്റ്റിൽ 450 എന്നീ സ്പ്രേയറുകൾ ഉപയോഗിച്ച് മരുന്നുതളിക്കാവുന്നതാണ്.

വലിയ മരങ്ങളിൽ എണ്ണയിൽ കലർത്താവുന്ന ചെമ്പ് ചേർന്ന കുമിൾനാശിനി ഉപയോഗിക്കാം. കോപ്പർ ഓക്സിക്ലോറൈഡ്, അഗ്രിക്കൾച്ചർ സ്പ്രേ ഓയിലുമായി 1:5 എന്ന അനുപാതത്തിൽ കലർത്തി മൈക്രോൺ സ്പ്രേയർ ഉപയോഗിച്ച് ഉയരം കുറഞ്ഞ മരങ്ങളിലും രോഗപ്രതിരോധപ്രവർത്തനങ്ങൾ നടത്തണം. ഒരു ഹെക്ടറിൽ 30 മുതൽ 40 വരെ ലിറ്റർ കുമിൾനാശിനി വേണ്ടിവരും.

*കൊറിനിസ്പോറ* രോഗത്തിനെപ്പറ്റി കൂടുതൽ അറിയാൻ റബ്ബർബോർഡിന്റെ കേന്ദ്ര ഓഫീസിലെ കോൾ സെന്റർ (0481 2576622), റീജിയണൽ ഓഫീസുകൾ, റബ്ബർഗവേഷണകേന്ദ്രത്തിലെ പ്ലാന്റ് പതോളജി വിഭാഗം (വാട്ട്സ് ആപ്പ് നമ്പർ - 9496333117) എന്നിവിടങ്ങളിൽ ബന്ധപ്പെടാവുന്നതാണ്. •

# റബ്ബർബോർഡിൽ ദേശീയ ലൈബ്രറി വാരാചരണം നടത്തി



*റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. ദേശീയ ലൈബ്രറി വാരാചരണം ഉദ്ഘാടനം ചെയ്യുന്നു.*




*ദേശീയ ലൈബ്രറി വാരാചരണപരിപാടികളുടെ സമാപനസമ്മേളനത്തിൽ ഡോ. കെ.എൻ. രാഘവൻ ഐ.ആർ.എസ്. (റിട്ട.) സംസാരിക്കുന്നു*

ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ലൈബ്രറി ആന്റ് ഡോക്യുമെന്റേഷൻ സെന്ററിന്റെ ലൈബ്രറി വാരാചരണ പരിപാടികളുടെ ഉദ്ഘാടനം റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. നിർവഹിച്ചു. നവംബർ 17 മുതൽ 20 വരെയാണ് ദേശീയ ലൈബ്രറിവാരം ആചരിച്ചത്. ഈ ദിവസങ്ങളിൽ ലൈബ്രറി പൊതുജനങ്ങൾക്കായി തുറന്നിരിന്നു.

ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ 1963-ൽ തുടങ്ങിയ ലൈബ്രറിയിൽ വിദ്യാഭ്യാസ, ശാസ്ത്ര മേഖലകളുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ; ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ മുൻകാലങ്ങളിലെ ലക്കങ്ങൾ, ഗവേഷണപ്രബന്ധങ്ങൾ, മത്സരപരീക്ഷകൾക്ക് ആവശ്യമായ റഫറൻസ് ഗ്രന്ഥങ്ങൾ തുടങ്ങി വിപുലമായ പുസ്തകശേഖരമാണുള്ളത്. ദേശീയ ലൈബ്രറി വാരാചരണത്തിന്റെ ഭാഗമായി പുസ്തക പ്രകാശനം; മാതൃഭൂമി ബുക്സ്, ഡി.സി. ബുക്സ് എന്നിവർ നടത്തിയ പുസ്തകമേള; പ്രഭാഷണങ്ങൾ, പ്രശ്നോത്തരി മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചു.

ലൈബ്രറി വാരാചരണ പരിപാടികളുടെ സമാപനസമ്മേളനത്തിൽ റബ്ബർബോർഡ് മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ.എൻ. രാഘവൻ ഐ.ആർ.എസ്. (റിട്ട.) മുഖ്യാതിഥിയായിരുന്നു. അക്ഷരങ്ങളാണ് സംസ്കാരത്തെയും ജീവിതത്തെയും നിലനിർത്തി മുന്നോട്ടു കൊണ്ടുപോകുന്നതെന്നും അതുകൊണ്ട് വായന നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. ലൈബ്രറി വാരാചരണത്തിന്റെ ഭാഗമായി നടത്തിയ വിവിധ മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനദാനവും അദ്ദേഹം നിർവഹിച്ചു.

ഡോ. ദേബബ്രത റായ് (ഡയറക്ടർ, ആർ.ആർ.ഐ.ഐ.), ഡോ. സിജു റ്റി. (റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ), എച്ച്. പ്രിയാ വർമ്മ (ഡയറക്ടർ, എൻ.ഐ.ആർ.റ്റി.), ഡോ. ആർ.ജി. കല (ഓഫീസർ ഇൻ ചാർജ്, ബയോടെക്നോളജി ആന്റ് ജീനോം അനാലിസിസ്, ആർ.ആർ.ഐ.ഐ.), ലത എൻ. (ഡോക്യുമെന്റേഷൻ ഓഫീസർ, ആർആർഐഐ) എന്നിവരും ലൈബ്രറി കമ്മിറ്റി അംഗങ്ങളായ ഡോ. റ്റി. മീനാകുമാരി, ഡോ. കെ.കെ. അമ്പിളി എന്നിവരും ചടങ്ങുകളിൽ സംസാരിച്ചു.



വർഗീസ് പി.എ.
ഡെപ്യൂട്ടി ഡയറക്ടർ (മാർക്കറ്റ് ഇന്റലിജൻസ്)

# റബ്ബർ ലൈസൻസ് നടപടിക്രമങ്ങൾ - ബോധനപരിപാടി ത്രിപുരയിൽ

'ഏഴ് സഹോദരിമാർ' എന്നറിയപ്പെടുന്ന വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലൊന്നായ ത്രിപുരയിൽ റബ്ബർലൈസൻസ് നടപടിക്രമങ്ങളെക്കുറിച്ചുള്ള ഒരു ബോധവത്കരണ പരിപാടി സംഘടിപ്പിക്കുകയുണ്ടായി. തീരദേശമില്ലെന്നത് ഒഴികെ ഭൂപ്രകൃതിയും കൃഷികളും കേരളത്തിലേതിന് സമാനമാണ് ത്രിപുരയിലും. റബ്ബർകൃഷിയിൽ ഇന്ന് രണ്ടാം സ്ഥാനത്താണ് ത്രിപുര. 1963-ൽ ആണ് ഇവിടെ റബ്ബർകൃഷി ആരംഭിക്കുന്നത്. കുറച്ചുകാലം മുൻപുവരെ തീവ്രവാദകലുഷിതമായിരുന്ന ഇവിടെ ഇപ്പോൾ തദ്ദേശീയരായ വിവിധ ഗോത്രവിഭാഗങ്ങളും കുടിയേറ്റക്കാരായ ബംഗാളി സമൂഹവും സൗഹൃദത്തോടെ ജീവിക്കുന്നതിന് ഒരു കാരണം റബ്ബർകൃഷിയാണെന്നറിയുമ്പോൾ അഭിമാനം തോന്നും.

കേരളത്തിൽ അഞ്ചു ലക്ഷത്തിലധികം ഹെക്ടർ സ്ഥലത്ത് റബ്ബർകൃഷിയുണ്ട്. ഇത് ആകെ കൃഷിഭൂമിയുടെ ഇരുപത്തിരണ്ടു ശതമാനം വരും. കേരളത്തിൽ അയ്യായിരത്തിലധികം റബ്ബർ ഡീലർമാരും 86 റബ്ബർ പ്രോസസ്സർമാരും ഉണ്ട്. ത്രിപുരയിൽ ഏറ്റവും വലിയ രണ്ടാമത്തെ കാർഷിക വിളയായ റബ്ബർ ഒരു ലക്ഷത്തിലധികം ഹെക്ടർ സ്ഥലത്താണ് കൃഷി ചെയ്യുന്നത്. ആകെ കൃഷിഭൂമിയുടെ മുപ്പത്തിയെട്ട് ശതമാനം ഇവിടെ റബ്ബർകൃഷിക്കായി ഉപയോഗിക്കുന്നു. ത്രിപുരയിൽ രണ്ടായിരത്തിമുന്നൂറിലധികം റബ്ബർ ഡീലർമാരും പന്ത്രണ്ട് റബ്ബർ പ്രോസസ്സർമാരും ഉണ്ട്. റബ്ബർകൃഷി വിസ്തൃതിയും ഉത്പാദനവും കേരളത്തിലേതിന്റെ ഏകദേശം അഞ്ചിലൊന്ന് മാത്രമുള്ള ത്രിപുരയിലെ റബ്ബർ ഡീലർമാരുടെ എണ്ണം കേരളത്തിലുള്ളതിന്റെ പകുതിയോളം വരുന്നുണ്ട്. എന്നാൽ നിയമാനുസൃതമായി സമർപ്പിക്കേണ്ട റിട്ടേണുകളുടെ കാര്യത്തിലും യഥാസമയം ലൈസൻസ് പുതുക്കുന്ന കാര്യത്തിലും ത്രിപുരയിലെ റബ്ബർ ലൈസൻസികൾക്ക് അവബോധം കുറവാണ്. ഈ സാഹചര്യത്തിലാണ് അവിടെ റബ്ബർ ലൈസൻസ് നടപടിക്രമങ്ങളെക്കുറിച്ചു ഒരു ബോധവത്കരണ പരിപാടി സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിച്ചത്. തുടർന്ന്



*ത്രിപുരയിൽ വെച്ച് നടത്തിയ ബോധനപരിപാടി ജോയിന്റ് റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ എൻ. സലി ഉദ്ഘാടനം ചെയ്യുന്നു.*



*ത്രിപുരയിൽ വെച്ച് നടത്തിയ ബോധനപരിപാടിയിൽ ലേഖകൻ ക്ലാസ്സെടുക്കുന്നു*

അഗർതല, ശാന്തിർബസാർ, ഉദയ്പൂർ, അംബാസ്സാ, ധർമനഗർ എന്നിവിടങ്ങളിലായി അഞ്ചിടത്ത് യോഗങ്ങൾ സംഘടിപ്പിച്ചു. ഓൺലൈൻ സംവിധാനത്തിൽ ലൈസൻസിനുള്ള അപേക്ഷകൾ പൂരിപ്പിച്ചു സമർപ്പിക്കുന്നത്, ലൈസൻസ് ഫീസ് അടക്കുന്നതിനുള്ള മാർഗങ്ങൾ, ലൈസൻസ് പുതുക്കുന്നതും ലൈസൻസിൽ ഭേദഗതികൾ വരുത്തുന്നതുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ, ലൈസൻസ് തുടരേണ്ടതില്ലാതെ വന്നാൽ അത് റദ്ദാക്കാൻ അപേക്ഷ സമർപ്പിക്കാതിരുന്നാലുള്ള അനന്തരഫലങ്ങൾ തുടങ്ങിയവ ആയിരുന്നു പരിപാടിയിലെ പ്രധാന വിഷയങ്ങൾ. യോഗങ്ങളിൽ മികച്ച പങ്കാളിത്തവും ക്രിയാത്മകമായ സംവാദവും ഉണ്ടായി.

അവിടെ സ്വാഭാവികമായും ഉന്നയിക്കപ്പെട്ട ചില ചോദ്യങ്ങൾ ഇങ്ങനെയാണ്. എന്തിനാണ് റബ്ബർ ക്രയവിക്രയങ്ങൾക്ക് ലൈസൻസ് നിർബന്ധമാക്കിയത്?, റിട്ടേൺ ഫയൽ ചെയ്യുന്നതിന്റെ ആവശ്യകതയും പ്രാധാന്യവും എന്ത്?, മറ്റു വിളകൾക്കൊന്നുമില്ലാത്ത നിയന്ത്രണം റബ്ബറിന് മാത്രമായി ഏർപ്പെടുത്തിയിരിക്കുന്നത് എന്തുകൊണ്ടാണ്?

മറ്റു കാർഷിക ഉത്പന്നങ്ങളിൽ നിന്ന് വ്യത്യസ്തമായി റബ്ബർവ്യവസായത്തിന്റെ സമഗ്രമായ വികസനം, ഗുണമേന്മാനിയന്ത്രണം, കർഷകരുടെ താത്പര്യ സംരക്ഷണം, രാജ്യത്തിന്റെ വ്യവസായിക ആവശ്യകതകൾ നിറവേറ്റൽ എന്നിവ ഉറപ്പാക്കുന്നതിനാണ് ഇന്ത്യയിൽ റബ്ബർ ഇടപാടുകൾക്ക് ലൈസൻസ് നിർബന്ധമാക്കിയത്.

പ്രത്യേക സാഹചര്യങ്ങളിൽ പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടയാൻ വേണ്ടി സർക്കാർ ചില കാർഷിക വിളകളെ അവശ്യസാധനങ്ങളായി പ്രഖ്യാപിക്കാറുണ്ട്. എന്നാൽ അതിലുപരിയായി രാജ്യത്തിന്റെ പ്രതിരോധ വീക്ഷണകോണിൽ നിന്ന് നോക്കുമ്പോൾ പ്രകൃതിദത്തറബ്ബർ തന്ത്രപ്രധാനമായ ഒരു വ്യാവസായിക അസംസ്കൃത വസ്തുവാണ്. ഇവിടെ റബ്ബർ ഇടപാടുകൾക്ക് ലൈസൻസ് നിർബന്ധമാക്കാനുള്ള പ്രത്യേക സാഹചര്യം എന്തെന്ന് ചോദിച്ചാൽ പ്രകൃതിദത്തറബ്ബറിന്റെ ആഭ്യന്തര ഉത്പാദനവും (നിലവിൽ 8.75 ലക്ഷം മെട്രിക് ടൺ) ഉപഭോഗവും (നിലവിൽ 14.1 ലക്ഷം മെട്രിക് ടൺ) തമ്മിലുള്ള അന്തരം അന്നും ഇന്നും വളരെ വലുതാണ് എന്നതാണ്. ഉത്പാദനത്തേക്കാൾ അഞ്ച് ലക്ഷത്തിലധികം മെട്രിക് ടൺ റബ്ബറിന്റെ ആവശ്യകതയും ഉപഭോഗവും റബ്ബറുത്പന്നനിർമാണരംഗത്ത് ഉണ്ടെന്നിരിക്കെ സ്വാഭാവികമായും പൂഴ്ത്തിവെയ്പിനും കരിഞ്ചന്തക്കുമുള്ള സാധ്യത ഏറെയാണ്. അതുപോലെ ഇത് കൂടുതൽ ഇറക്കുമതിക്കും ഇടയാക്കും.

ഇവിടെയാണ് റിട്ടേൺ സമർപ്പിക്കേണ്ടതിന്റെ പ്രസക്തി. വിവരശേഖരണത്തിനും നയ രൂപവത്കരണത്തിനും ഇത് സർക്കാരിനെ സഹായിക്കുന്നു. ലൈസൻസുള്ള ഡീലർമാർ, പ്രോസസ്സർമാർ, റബ്ബറുത്പന്നനിർമാതാക്കൾ എന്നിവർ അവരുടെ റബ്ബർ സ്റ്റോക്കുകളുടെയും ഇടപാടുകളുടേയും വിശദാംശങ്ങൾ റിട്ടേണിലൂടെ റബ്ബർബോർഡിന് നൽകേണ്ടതുണ്ട്. ഈ വിവരങ്ങൾ റബ്ബർവ്യവസായത്തിന്റെ വളർച്ചയ്ക്ക് ആവശ്യമായ നയങ്ങൾ, ഇറക്കുമതിയും കയറ്റുമതിയുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ, ഗവേഷണ പ്രവർത്തനങ്ങൾ എന്നിവ രൂപപ്പെടുത്താൻ സർക്കാരിനെ സഹായിക്കുന്നു.

ഇന്ത്യയിൽ പ്രകൃതിദത്തറബ്ബറിന്റെ ഇടപാടുകൾക്ക് ലൈസൻസ് നിർബന്ധമാക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നത് 'റബ്ബർ ആക്ട്' (The Rubber Act, 1947) പ്രകാരമാണ്. ഈ ആക്ട് പ്രകാരം സ്ഥാപിതമായ ഒരു നിയമപരമായ സ്ഥാപനമാണ് റബ്ബർബോർഡ്. ഇന്ത്യയിലെ റബ്ബർകൃഷി, ഉത്പാദനം, ഗവേഷണം തുടങ്ങിയ എല്ലാ കാര്യങ്ങളും നിയന്ത്രിക്കുന്നത് റബ്ബർബോർഡാണ്.

പ്രകൃതിദത്തറബ്ബറിന്റെ ഇടപാടുകൾക്ക് ലൈസൻസ് ഏർപ്പെടുത്തിയത് വഴി ഈ മേഖലയിലെ കർഷകർ, വ്യാപാരികൾ, സംസ്കർത്താക്കൾ തുടങ്ങി എല്ലാവരെയും നിരീക്ഷിക്കുന്നതിനും വിവരശേഖരണത്തിനും ബോർഡിന് സാധിക്കുന്നു. ആഭ്യന്തര വിപണിയിലെ റബ്ബറിന്റെ ലഭ്യത, വിലനിലവാരം, ഗുണമേന്മ എന്നിവ നിരീക്ഷിക്കാനും നിയന്ത്രിക്കാനും ഇത് അത്യാവശ്യമാണ്. റബ്ബർകർഷകരെ വിപണിയിലെ ചൂഷണത്തിൽ നിന്ന് ഇത് ഒരു പരിധിവരെ സഹായിക്കുന്നു. ചുരുക്കത്തിൽ റബ്ബർബോർഡ് മുഖേന റബ്ബർവ്യവസായത്തെ ചിട്ടപ്പെടുത്താനും കർഷകരുടെ താൽപര്യങ്ങൾ സംരക്ഷിക്കാനും രാജ്യത്തിന്റെ വ്യാവസായിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സ്ഥിരമായ റബ്ബർവിതരണം ഉറപ്പിക്കാനും വേണ്ടിയാണ് ഈ ലൈസൻസ് സമ്പ്രദായം നിലനിർത്തുന്നത്.



*ബോധന പരിപാടിയിൽ പ്രിയ തോമസ് (ഡെപ്യൂട്ടി ഡയറക്ടർ, മാർക്കറ്റ് ഇന്റലിജൻസ്) ക്ലാസ്സെടുക്കുന്നു*

നമ്മുടെ രാജ്യത്തിന്റെ ഉപഭോഗത്തിനാവശ്യമായത്രയും റബ്ബർ ഇവിടെ ഉത്പാദിപ്പിക്കപ്പെടുന്നില്ല. ആഗോളതലത്തിലെയും സ്ഥിതി അതുതന്നെ. ആഗോളതലത്തിൽ ഉപഭോഗത്തിനാവശ്യമായത്രയും റബ്ബർ പത്തൊൻപതോളം വരുന്ന റബ്ബറുത്പാദകരാജ്യങ്ങൾ നൽകുന്നില്ല. ഉഷ്ണമേഖലാവിളയായ, ധാരാളം മഴ വേണ്ടതായ റബ്ബർകൃഷിക്ക് യോജിച്ച രാജ്യങ്ങൾ ലോകത്ത് പരിമിതമാണ്. വൈവിധ്യങ്ങളായ റബ്ബറുത്പന്നനിർമാണത്തിന് അത്യന്താപേക്ഷിതമായ പ്രകൃതിദത്തറബ്ബർ ഒഴിച്ചുകൂടാനാകാത്ത ഒരു വ്യാവസായിക അസംസ്കൃത വസ്തുവാണ്. പെട്രോളിയം ഉത്പന്നമായ കൃത്രിമ റബ്ബറിനുള്ള ഘടനാപരമായ വൈവിധ്യക്കുറവ് പരിമിതമായ ഉത്പന്നനിർമാണങ്ങൾക്ക് മാത്രമേ ഉപകരിക്കൂ. ഇന്ത്യയിൽ ഉത്പാദിപ്പിക്കപ്പെടുന്ന പ്രകൃതിദത്ത റബ്ബറിന്റെ എഴുപത് ശതമാനവും വാഹനവ്യവസായ ശ്രേണിയിലാണ്. അതിൽതന്നെ എൺപതുശതമാനവും വിവിധങ്ങളായ ആട്ടോമൊബൈൽ രംഗത്താണ് ഉപയോഗിക്കുന്നത്. വിവിധ തരത്തിലുള്ള ഹോസുകൾ, കൺവേയർ ബെൽറ്റുകൾ, പാദരക്ഷകൾ, കിടക്കകൾ, മാറ്റുകൾ, ബലൂൺ, റബ്ബർബാൻഡ്, കളിപ്പാട്ടങ്ങൾ, സ്പോർട്സ് സാമഗ്രഹികൾ, സർജിക്കൽ /വ്യാവസായിക കൈയ്യുറകൾ, ഗർഭനിരോധന ഉറകൾ, ലൈനിങ്/ മോൾഡഡ് ഗുഡ്സ് തുടങ്ങി അൻപതിനായിരത്തിലേറെ ഉത്പന്നങ്ങളുടെ നിർമാണത്തിന് വേണ്ട പ്രധാന അസംസ്കൃത വസ്തുവാണ് പ്രകൃതിദത്തറബ്ബർ.

ലോകമഹായുദ്ധകാലങ്ങളിലാണ് പ്രകൃതിദത്തറബ്ബറിന്റെ തന്ത്രപ്രധാനമായ ഉപയോഗം പ്രതിരോധത്തെയും രാജ്യരക്ഷയെയും അടിസ്ഥാനമാക്കി തിരിച്ചറിയുന്നത്. യുദ്ധോപകരണങ്ങളുടെയും വെടിക്കോപ്പുകളുടെയും നിർമാണത്തിൽ പ്രകൃതിദത്തറബ്ബറിന് പങ്കുണ്ടെന്നിരിക്കെ അതിന്റെ ലഭ്യതകുറവ് സൃഷ്ടിച്ച പ്രതിസന്ധി പ്രകൃതിദത്തറബ്ബറിന്റെ ക്രയവിക്രയത്തിനു ലൈസൻസിങ് ഏർപ്പെടുത്തുന്നതിന് വഴിയൊരുക്കി. ഒന്നാം ലോകമഹായുദ്ധകാലത്തു ജർമനിയിൽ പ്രകൃതിദത്തറബ്ബറിന്റെ ലഭ്യതയിൽ തടസമുണ്ടായപ്പോൾ കൃത്രിമറബ്ബർ നിർമിക്കുന്നതിനായി ലബോറട്ടറികൾ സ്ഥാപിക്കപ്പെട്ടു. രണ്ടാം ലോകമഹായുദ്ധകാലത്ത് അമേരിക്കയും സഖ്യരാജ്യങ്ങളും നേരിട്ട പ്രധാന പ്രതിസന്ധി ജപ്പാന്റെ നേതൃത്വത്തിലുള്ള ദക്ഷിണ പൂർവേഷ്യൻ രാജ്യങ്ങളുടെ അധിനിവേശം നിമിത്തം ഇന്ത്യയിൽ നിന്നും ശ്രീലങ്കയിൽ നിന്നും റബ്ബർ കൊണ്ടുപോകാൻ കഴിയാതിരുന്നതാണ്. അത് തോട്ടാടിസ്ഥാനത്തിൽ വയൂളി കൃഷി ആരംഭിക്കുന്നതിനും കൃത്രിമ റബ്ബർ നിർമാണത്തിനായി മഹാനിക്ഷേപം നടത്തുന്നതിനും അമേരിക്കൻ ഐക്യനാടിനെ നിർബന്ധിതമാക്കി. 2017 സെപ്റ്റംബറിൽ യൂറോപ്യൻ യൂണിയൻ പ്രകൃതിദത്തറബ്ബറിനെ 'Critical Raw Materials List' -ൽ പെടുത്തുകയും സുസ്ഥിരമായ റബ്ബർലഭ്യത ഉറപ്പുവരുത്തേണ്ടതിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുകയും ചെയ്തു.

റബ്ബറിന്റെ ലൈസൻസ് നടപടിക്രമങ്ങൾ വളരെ ലളിതവും സുതാര്യവും വേഗത്തിലുമുള്ളതാണ്. റബ്ബർ ആക്ട് സെക്ഷൻ 14 പ്രകാരം സ്പെഷ്യൽ ലൈസൻസുകൾ ആയ ഡീലർ ലൈസൻസ്, പ്രോസസ്സർ ലൈസൻസ്, മാനുഫാക്ച്ചറർ ലൈസൻസ് എന്നിവ നൽകപ്പെടുന്നു. പുതുതായി നൽകുന്ന ലൈസൻസിന്റെ കാലാവധി മൂന്നു വർഷമാണ്. പിന്നീട് ഓരോ അഞ്ചു വർഷത്തെ കാലയളവിലേക്ക് പുതുക്കി നൽകുകയും ചെയ്യുന്നു. ലൈസൻസ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളെല്ലാം (അപേക്ഷ സമർപ്പിക്കുന്നതു മുതൽ സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നതു വരെ) ഓൺലൈനിൽ ചെയ്യേണ്ടതാണ്. ഇതിനായി www.rbegp.in എന്ന പോർട്ടൽ സന്ദർശിക്കുക. അപേക്ഷ പൂരിപ്പിച്ച് സമർപ്പിക്കുന്നത് എങ്ങനെ, ലൈസൻസ് ഫീസ് എത്ര, അത് അടയ്ക്കാവുന്ന രീതികൾ തുടങ്ങിയ എല്ലാ വിവരങ്ങളും ഈ പോർട്ടലിന്റെ ഹോം പേജിൽ കൊടുത്തിട്ടുള്ള മാർഗരേഖകളിൽ അടങ്ങിയിരിക്കുന്നു.

ലൈസൻസില്ലാതെ നടത്തുന്ന റബ്ബറിന്റെ ക്രയവിക്രയങ്ങൾ റബ്ബർ ആക്ട് 1947- ന്റെ 26-ാം വകുപ്പ് പ്രകാരം ശിക്ഷാർഹമാണ്. അതുപോലെ പ്രതിമാസ റിട്ടേണുകൾ നൽകുന്നതിന് വീഴ്ച വരുത്തുകയോ കാലതാമസം വരുകയോ ചെയ്യുന്നതും പിഴ ഒടുക്കാനുള്ള ബാധ്യത സൃഷ്ടിക്കുന്നു. •

# റബ്ബർബോർഡിൽ വിജിലൻസ് വാരാചരണം നടത്തി



റബ്ബർബോർഡിലെ വിജിലൻസ് വാരാചരണത്തിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് ബഹു: കോട്ടയം പ്രിൻസിപ്പൽ ഡിസ്ട്രിക്റ്റ് ആന്റ് സെഷൻസ് ജഡ്ജ് മനോജ് എം. സംസാരിക്കുന്നു.

റബ്ബർബോർഡിൽ നടന്ന വിജിലൻസ് അവബോധ വാരാചരണത്തിന്റെ സമാപനചടങ്ങിൽ ബഹു: കോട്ടയം പ്രിൻസിപ്പൽ ഡിസ്ട്രിക്റ്റ് ആന്റ് സെഷൻസ് ജഡ്ജ് മനോജ് എം. മുഖ്യപ്രഭാഷണം നടത്തി. അഴിമതി, വികസ്വരസമ്പദ്‌വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുന്നുവെന്നും അത് ഭരണഘടനയുടെ ആമുഖത്തിൽ ഉൾപ്പെടുത്തിയ മൂല്യങ്ങളിൽ നിന്ന് വ്യതിചലിക്കുന്നതാണെന്നും അദ്ദേഹം പറഞ്ഞു. അഴിമതി ആരംഭിക്കുമ്പോൾ അവകാശങ്ങൾ അവസാനിക്കുന്നു എന്നും കൈക്കൂലി മാത്രമല്ല, ഫണ്ട് ദുർവിനിയോഗം, മോശം പെരുമാറ്റം, സ്വജനപക്ഷപാതം, അനാചാരങ്ങൾ എന്നിവയും അഴിമതിയിലേക്കാണ് നയിക്കുന്നതെന്നും ഇവ സ്ഥാപനങ്ങളെ ദുർബലപ്പെടുത്തുന്നുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വിജിലൻസ് അവബോധവാരാചരണത്തിന്റെ ഭാഗമായി, റബ്ബർബോർഡ് കോട്ടയത്തെ വിവിധ സ്കൂളുകളിലെയും കോളജുകളിലെയും വിദ്യാർത്ഥികൾക്കും ബോർഡിലെ ജീവനക്കാർക്കും വേണ്ടി നടത്തിയ മത്സരങ്ങളിലെ വിജയികൾക്ക് അദ്ദേഹം സമ്മാനങ്ങൾ വിതരണം ചെയ്തു.

യോഗത്തിൽ പങ്കെടുത്തവരെ സ്വാഗതം ചെയ്ത റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐആർഎസ്, അഴിമതിക്കെതിരായ പോരാട്ടം ഓരോ വ്യക്തിയിലും ആരംഭിക്കേണ്ടതാണെന്നും അത് ഒരു പൊതു ഉത്തരവാദിത്തമാണെന്നും പറഞ്ഞു. റബ്ബർബോർഡ് അസിസ്റ്റന്റ് വിജിലൻസ് ഓഫീസർ ശ്രീവിദ്യ പി. നന്ദി പറഞ്ഞു.



വിജിലൻസ് വാരാചരണത്തോടനുബന്ധിച്ച് നടത്തിയ വിവിധ മത്സരങ്ങളിൽ വിജയികളായ വിദ്യാർത്ഥികൾ റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ, ഉദ്യോഗസ്ഥർ എന്നിവരോടൊപ്പം



വിജിലൻസ് വാരാചരണത്തോടനുബന്ധിച്ച് നടത്തിയ വിവിധ മത്സരങ്ങളിൽ വിജയികളായ റബ്ബർബോർഡ് ജീവനക്കാർ എക്സിക്യൂട്ടീവ് ഡയറക്ടർ, മറ്റുദ്യോഗസ്ഥർ എന്നിവർക്കൊപ്പം

അഴിമതിക്കെതിരെ പൊതുജന അവബോധം വളർത്താനും പൊതു ജീവിതത്തിൽ സമഗ്രത പ്രോത്സാഹിപ്പിക്കാനുമായി, സെൻട്രൽ വിജിലൻസ് കമ്മീഷന്റെ നിർദ്ദേശപ്രകാരം, ഒക്ടോബർ 27 മുതൽ നവംബർ 02 വരെയാണ് വിജിലൻസ് അവബോധവാരം 2025 ആചരിച്ചത്. സെൻട്രൽ വിജിലൻസ് കമ്മീഷന്റെ നേതൃത്വത്തിൽ, ഒരാഴ്ച നീണ്ടുനിന്ന ഈ പരിപാടി സമഗ്രതാപ്രതിജ്ഞയെടുക്കൽ, ബോധനപരിപാടികൾ സംഘടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ എല്ലാവരെയും അഴിമതിക്കെതിരെ പോരാടാൻ പ്രേരിപ്പിക്കുന്നു.



പി.ജി. സലിംകുമാർ

# മരഡുമില്ലിയിലെ ‘അണ്ണൻ’മാർ

**റബ്ബർമാസികയുടെ വജ്രജൂബിലിയാഘോഷത്തോടനുബന്ധിച്ച് ‘റബ്ബർകൃഷി വ്യാപനം - ഒരു ഓർമ്മക്കുറിപ്പ്’ എന്ന വിഷയത്തെ അധികരിച്ച് റബ്ബർബോർഡു ജീവനക്കാർക്കാർക്കും മുൻ ജീവനക്കാർക്കുമായി നടത്തിയ ഉപന്യാസ രചനാമത്സരത്തിൽ ഒന്നാം സമ്മാനം നേടിയ ലേഖനം.**

റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ (ആർ.പി.സി.) വിളിപ്പിച്ചതിന്റെ ഗൗരവം ആദ്യം മനസ്സിലായില്ല. എനിക്ക് അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ (എ.ഡി.ഒ.) ആയി പ്രമോഷൻ ലഭിക്കാൻ പോകുന്നു. ആന്ധ്രയിലെ മരഡുമില്ലിയിലേക്കാണ് പോകേണ്ടത്. അവിടെ പുതിയ എ.ഡി.ഒ. ഓഫീസ് തുറക്കണം. യോജിച്ച സ്ഥലങ്ങൾ കണ്ടെത്തി റബ്ബർകൃഷി തുടങ്ങണം.

ഈസ്റ്റ് ഗോദാവരി ജില്ലയിലെ രാജമുന്ദ്രിയിൽനിന്ന് ഭദ്രാചലം റോഡിൽ 84 കിലോമീറ്റർ ഉള്ളിലുള്ള ആദിവാസി വനമേഖലയാണ് മരഡുമില്ലി. 33 കിലോമീറ്റർ ചെല്ലുമ്പോൾ ഗോകാവാരത്ത് ഫീൽഡ് ഓഫീസും, 73 കിലോമീറ്റർ അകലെ ദേവരപ്പള്ളിയിൽ ചെറിയൊരു നഴ്സറിയുമുണ്ട്. ഒഡീഷയിലെ ഭുവനേശ്വരിലാണ് സോണൽ ഓഫീസ്.

ആന്ധ്രയെന്നു കേട്ടപ്പോൾ ഉള്ളൊന്നു നടുങ്ങി. പത്ത് ഐ.എ.എസ്. ഉദ്യോഗസ്ഥർ അവധി ആഘോഷിക്കാൻ ഉൾവനത്തിലേക്കുപോയതും തീവ്രവാദികൾ അവരെ ബന്ധികളാക്കിയതും മരഡുമില്ലിയിൽ നിന്നാണ്. രാജമുന്ദ്രി സെൻട്രൽ ജയിലിലുണ്ടായിരുന്ന പന്ത്രണ്ടിലേറെ തീവ്രവാദികളെ വിട്ടയച്ചശേഷം ഐ.എ.എസ്.-കാരെ മോചിപ്പിച്ചതുമൊക്കെ പത്രത്താളുകളിൽ നിറഞ്ഞുനിന്നിട്ട് ദിവസങ്ങൾ കഴിഞ്ഞതേയുള്ളൂ.

ഗുവഹതി എക്സ്പ്രസ്സിൽ പുറപ്പെട്ട എന്നെയും കാത്ത് പിറ്റേന്ന് വൈകുന്നേരം രാജമുന്ദ്രി റെയിൽവേസ്റ്റേഷനിൽ ബോർഡിലെ ഫീൽഡ് ഓഫീസർ ഉണ്ടായിരുന്നു. അന്നുതന്നെ ഗോകാവാരത്തേക്കു പോയി. പിറ്റേന്നു ശനിയാഴ്ച രാവിലെ മരഡുമില്ലിയിലേക്ക് തിരിച്ചു. ഗിരിവർഗമേഖലകളിലൊന്നും മറ്റുള്ളവർക്കു സ്ഥലം വാങ്ങാനോ കെട്ടിടങ്ങൾ നിർമിക്കാനോ അനുവാദമില്ല. ഗിരിവർഗവികസനത്തിനായി രംഭചോദാവാരത്ത് ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് ഏജൻസി (ഐ.റ്റി.ഡി.എ.) ഓഫീസ് ഉണ്ട്. ഐ.എ.എസ്. കേഡറിലുള്ളവരായിരിക്കും അവിടത്തെ പ്രോജക്ട് ഓഫീസർ. ഐ.റ്റി.ഡി.എ. അനുവദിച്ച പഴയൊരു ക്വാർട്ടേഴ്സാണ് ഓഫീസാക്കേണ്ടത്.

ആസ്ഥാനമൊക്കെക്കണ്ട് തിരിച്ചുവരുന്നവഴി ദേവരപ്പള്ളിയിലെ റബ്ബർനഴ്സറിയിലിറങ്ങി. കരിമ്പനയോല കൊണ്ടു മറച്ച്, കരിമ്പനയോല മേഞ്ഞ ചെറിയൊരു ഷെഡും മേഞ്ഞുനടക്കുന്ന കാലിക്കൂട്ടങ്ങളെ തടയാൻ മുളകൊണ്ടു ചുറ്റുവേലിയുമുള്ള ചെറിയൊരു നഴ്സറി. മലയാളിയായ ഫീൽഡ് അസിസ്റ്റന്റും ഉൾനാടൻ തെലുങ്കു സംസാരിക്കുന്ന ആദിവാസികളായ തൊഴിലാളികളും. എല്ലാവരെയും പരിചയപ്പെട്ട് പച്ചരിയൂണും കഴിച്ച് തിരിച്ചു ഗോകാവാരത്തേക്കു പോന്നു.

തിങ്കളാഴ്ച്ച രാവിലെ മരഡുമില്ലി ഓഫീസിൽ ചാർജെടുത്തു. പിറ്റേന്ന് ഐ.റ്റി.ഡി.എ. ഓഫീസിൽ പോയി പ്രോജക്ട് ഓഫീസറെ കണ്ടു. റബ്ബർകൃഷിയിലൂടെ ഗിരിവർഗ ഉന്നമനം ലക്ഷ്യമിട്ടാണ് പുതിയ ഓഫീസ് തുറന്നതെന്നും കൃഷിക്കനുയോജ്യമായ സ്ഥലങ്ങൾ തിരിച്ചറിഞ്ഞ് സഹായധനം നൽകി ഗിരിവർഗക്കാരെക്കൊണ്ട് കൃഷി തുടങ്ങാമെന്നും വിശദീകരിച്ചു.

മരഡുമില്ലിയിൽ റബ്ബർബോർഡിന്റെ ഓഫീസ് പ്രവർത്തനമാരംഭിച്ചതോടെ ഗോകാവാരം ഓഫീസ് അടച്ചു. ഓഫീസിൽ ടെലിഫോൺ സൗകര്യമില്ല. അത്യാവശ്യ കാര്യങ്ങൾക്ക് രാജമുന്ദ്രിയിൽ പോയി ടെലക്സ് അയയ്ക്കണം. ഈസ്റ്റ് ഗോദാവരി, വിജയനഗരം, വിശാഖപട്ടണം, ശ്രീകാകുളം ജില്ലകളിലെ ഐ.റ്റി.ഡി.എ. -കളുമായി ബന്ധപ്പെട്ട് പ്രോജക്ട് ഓഫീസർമാരുടെ ഒരു യോഗം വിശാഖപട്ടണത്തു കൂടാൻ തീരുമാനിച്ചു. റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ പങ്കെടുത്ത ആ യോഗ

ത്തിൽ നാലു ജില്ലകളിലും റബ്ബർകൃഷി തുടങ്ങാൻ ധാരണയായി. തുടർന്ന് നാലു ജില്ലകളിലെയും ഗിരിവർഗമേഖലകളിലെ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി, അവിടത്തെ കഴിഞ്ഞ 20 വർഷത്തെ കാലാവസ്ഥാവിവരങ്ങൾ ശേഖരിച്ചു. വളരെ ശ്രമകരമായ ജോലി ഭംഗിയായി പൂർത്തിയാക്കി. 270 ഹെക്ടറിൽ കൃഷി തുടങ്ങാനുള്ള വിശദമായ റിപ്പോർട്ട് കോട്ടയത്തേക്കയച്ചു.

മരഡുമില്ലിയിൽ വനംവകുപ്പ് 1970-ൽ കുറച്ച് ക്ലോണൽ മരങ്ങൾ നട്ടിരുന്നു. പരിചരണമില്ലാതെ, നാളിതുവരെ കത്തിവെച്ചിട്ടില്ലാത്ത 18 വയസ്സുകഴിഞ്ഞ മരങ്ങൾ. പരീക്ഷണാടിസ്ഥാനത്തിൽ വിളവെടുപ്പിനുള്ള എന്റെ ശുപാർശയംഗീകരിച്ച് കേരളത്തിൽനിന്ന് വിളവെടുപ്പിനുള്ള സാമഗ്രികളുമായി ടാപ്പിങ് ഡെമോൺസ്ട്രേറ്റർ എത്തി. 25 മരങ്ങളിൽ ടാപ്പിങ് തുടങ്ങി. നല്ല രീതിയിൽ പാലൊഴുകുന്ന മരങ്ങൾ. പാൽ ശേഖരിച്ച് ഓഫീസിലെത്തിച്ച് പാൽക്കട്ടിയാക്കി. ഷീറ്റടിക്കാൻ റോളറില്ലാത്തതിനാൽ പാൽക്കട്ടി സിമന്റുതറയിലിട്ട് മിനുസമുള്ള വാർക്കക്കമ്പി കൊണ്ടുരുട്ടി കനംകുറച്ചു. പിരിയൻ കമ്പികൊണ്ട് ചവിട്ടിയുരുട്ടി പൊഴികളിട്ടു. ക്വാർട്ടേഴ്സിന്റെ അടുക്കളയിൽ മുളവെച്ചുകെട്ടി ജനലുകളെല്ലാമടച്ച് പുകയിട്ടു. കുഴപ്പമില്ലാതെ പുകഞ്ഞുണങ്ങിയ ഷീറ്റുകൾ കിട്ടി. ആന്ധ്രയിലെ ആദ്യത്തെ വിളവെടുപ്പ്!

പിറ്റേന്നു പത്രക്കാരെയും ഐ.റ്റി.ഡി.എ.-യിലും വിവരമറിയിച്ചു. അവരുടെ സാന്നിധ്യത്തിൽ ടാപ്പിങ്ങും ഉറകൂട്ടലുമൊക്കെ നടത്തി. ഫോട്ടോ സഹിതം വലിയ പ്രാധാന്യത്തോടെ പത്രങ്ങളിൽ വാർത്ത വന്നു. ഹിന്ദു പത്രം എക്കോണമി പേജിൽ പ്രാധാന്യത്തോടെ വാർത്തകൾ കൊടുത്തു. ആന്ധ്രയിലും റബ്ബർ നല്ല വിളവ് തരുമെന്ന് ഏവരെയും ബോധ്യപ്പെടുത്താനായി. ഫീൽഡ് ഓഫീസറെ കേരളത്തിലേക്കു തിരിച്ചുവിളിച്ചതോടെ മരഡുമില്ലിയിലേത് ഒറ്റയാൾ ഓഫീസായി.

തെരഞ്ഞെടുത്ത ഉൾനാടൻ ഗ്രാമങ്ങളിൽ കർഷകയോഗങ്ങൾ വിളിച്ചുചേർത്ത്, ശരിയായി വസ്ത്ര ധാരണം പോലുമില്ലാതിരുന്ന ആദിവാസികളെ കൂടത്തൈ നഴ്സറി കൂട്ടായി തയാറാക്കാനും കൃഷിചെയ്യാനും പഠിപ്പിക്കേണ്ടിയിരുന്നു. കോട്ടയത്തു വന്നപ്പോൾ പൊടിപിടിച്ച 25 പഴയ സ്ലൈഡുകളും പഴയൊരു പ്രൊജക്ടറും സംഘടിപ്പിച്ചിരുന്നു. അതു വൃത്തിയാക്കി, ഇംഗ്ലീഷിൽ വിവരണം തയ്യാറാക്കി, തെലുങ്കിലേക്ക് മൊഴിമാറ്റം നടത്തിച്ച്, സ്വന്തം ടേപ്പ് റിക്കാർഡിൽ കേൾപ്പിച്ചായിരുന്നു പരിശീലനം.

ഒഡീഷയിൽനിന്ന് ഒരു ലോറി നിറയെ കൂടകൾ ഏറ്റെടുത്ത് ഐ.റ്റി.ഡി.എ. -കളിൽ എത്തിക്കാനുള്ള ചുമതലയും എനിക്കായിരുന്നു. ലോറിയിൽ ഒറിയ മാത്രമറിയാവുന്ന ഡ്രൈവർക്കൊപ്പം ഒറീസയിലെ ഫീൽഡ് അസിസ്റ്റന്റുമായി നാലു ജില്ലകളിലും ഗ്രാമങ്ങളിലൂടെയും വനാന്തരങ്ങളിലൂടെയുമൊക്കെ രാപ്പകൽ യാത്ര ചെയ്ത് കൂടകളെത്തിച്ച ദുരിതയാത്ര മറക്കാനാകില്ല.

എല്ലായിടത്തും പരിശീലനപരിപാടികൾ പൂർത്തിയാക്കി. മണ്ണരിച്ചു നിറച്ച കൂടകൾ ചാലുകീറി, നിരത്തി, പന്തലിട്ടു. നനച്ചു കാണിച്ചുകൊടുത്തു. കേരളത്തിൽനിന്നെത്തിച്ച ഒട്ടുതൈക്കുറ്റികൾ ലോറിയിൽ തന്നെ എല്ലായിടത്തും എത്തിച്ചതും വലിയൊരു ജോലിയായിരുന്നു. ഒരിടത്ത് അസമയത്തു ലോറിയെത്തിയപ്പോൾ തൈകളിറക്കാൻ ജോലിക്കാർ മടിച്ചുനിന്നു. വാഴപ്പോളയിൽ പൊതിഞ്ഞിരുന്ന തൈകൾ ഇടയ്ക്കിടെ നനച്ചിരുന്നെങ്കിലും രാത്രിയിൽ തന്നെ ഇറക്കി അടുത്ത സ്ഥലത്തേക്കു പോകേണ്ടത് അത്യാവശ്യമായിരുന്നു.

വിവരമറിഞ്ഞെത്തിയ പ്രോജക്ട് ഓഫീസർ എന്നോടൊപ്പം ലോറിക്കു മുകളിൽ കയറി. പിന്നെ മറ്റുള്ളവർക്കു മാറിനിൽക്കാനായില്ല. പെട്ടെന്നു തൈകളിറക്കി, രാത്രിയിൽ തന്നെ അടുത്ത സ്ഥലത്തേക്ക് യാത്ര തുടർന്നു.

ഉൾനാടൻ ഗ്രാമങ്ങളിലൂടെയുള്ള യാത്രകളും പരിശീലനങ്ങളുമൊക്കെ ഗ്രാമീണർ അപ്പപ്പോൾത്തന്നെ ‘അണ്ണലു’വിനെ (തീവ്രവാദഗ്രൂപ്പ് നേതാക്കളെ) അറിയിക്കും. അപരിചിതരായ നമ്മുടെ നീക്കങ്ങളെല്ലാം അവർ സസൂക്ഷ്മം നിരീക്ഷിച്ചുകൊണ്ടാണിരിക്കുന്നത്. ഗ്രാമീണരുമായുള്ള യോഗങ്ങളിൽ, ഐ.റ്റി.ഡി.എ.-യിലെ ആളുകൾ ഉണ്ടെങ്കിലും നമുക്കുചുറ്റും നിറതോക്കുകളുമായി സുരക്ഷാഭടന്മാർ ഉണ്ടായിരിക്കും. ആകെ ഭയാനകമായ അന്തരീക്ഷമായിരുന്നു. പരിപാലനത്തിനു സബ്സിഡി നൽകി തയാറാക്കിയ, സാമൂഹ്യ നഴ്സറി



മരഡുമില്ലിയിൽ നിലവിലുള്ള റബ്ബർതോട്ടങ്ങളിൽ ഒന്ന്



*മരഡുമില്ലിയിലെ ഒരു തോട്ടത്തിൽ ടാപ്പിങ്പരിശീലനം നടക്കുന്നതിന്റെ ദൃശ്യം*

കളിൽ നിന്നു കൂടത്തൈകൾ കൃഷിയിടങ്ങളിലേക്കു മാറ്റി നട്ടതും ഏറെ ശ്രമകരമായിരുന്നു. ഹോർട്ടിക്കൾച്ചർ വകുപ്പിന്റെ പരിശീലനകേന്ദ്രത്തിൽ പ്രദർശന തോട്ടം സ്ഥാപിച്ചതും സംസ്ഥാന ധനമന്ത്രിയും എം.എൽ.എ. -യുമൊക്കെ നഴ്സറി സന്ദർശിച്ചതുമെല്ലാം വലിയ വാർത്തകളായിരുന്നു.

തൈനടീലിനുവേണ്ടി ഒരുൾനാടൻ ഗ്രാമത്തിൽ, കർഷകർ തൈകൾ നട്ട തോട്ടം സന്ദർശിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകിക്കൊണ്ടിരിക്കെ ഗ്രാമീണരിൽ ഒരാൾ വന്നു. താഴെ ഗ്രാമത്തിലേക്ക് ചെല്ലാൻ പറഞ്ഞു. നിരപ്പായ സ്ഥലത്ത് ചെറുകുടിലുകളിൽ അടുത്തടുത്ത് താമസവും ചുറ്റുമുള്ള ഉയർന്ന സ്ഥലങ്ങളിൽ കൃഷിയുമായിരുന്നു. താഴേക്കിറങ്ങിയപ്പോൾത്തന്നെ, കാക്കിനിക്കറും ഷർട്ടും ധരിച്ച്, ചുവന്ന തോർത്ത് തോളിലിട്ട 'അണ്ണ'ന്മാരെ കണ്ടു. അന്നുവരെ പത്രവാർത്തകളിൽക്കൂടി അറിവുള്ളതല്ലാതെ നേരിട്ടു കണ്ടിരുന്നില്ല. അടുക്കുന്തോറും പേടി കൂടി വന്നു. ഞാൻ പലവട്ടം സഞ്ചരിച്ചിട്ടുള്ള ഒരു സർക്കാർ ജീപ്പ് പോലീസെന്നു കരുതി ഉൾവനത്തിൽ വെച്ച് തീവ്രവാദികൾ റിമോട്ട് കൺട്രോൾ ഉപയോഗിച്ചു തകർത്തതും ജീപ്പിലുണ്ടായിരുന്നവരുടെ ചിന്നിച്ചിതറിയ ശരീരഭാഗങ്ങൾ അടുത്ത മരത്തിൽ തങ്ങിനിന്നതുമെല്ലാം പത്രവാർത്തയായിരുന്നത് ആഴ്ചകൾക്കുമുമ്പാണ്. എന്റെ ഉള്ള് വിറയ്ക്കാൻ തുടങ്ങി. എന്തും ചെയ്യാൻ മടിക്കാത്ത കൂട്ടർ. തടവുകാരനാക്കാം, തട്ടിക്കളയാം. ഞാൻ ധൈര്യം സംഭരിച്ച്, ആത്മവിശ്വാസം വീണ്ടെടുത്തു.

താഴെ എത്തിയ എന്നെ കരിമ്പനയോല മേഞ്ഞ കാലിക്കൂട്ടിൽ പലകയിട്ടു നിലത്തിരുത്തി. നാലുവശവും നാല് അണ്ണന്മാർ. തോളിൽ 'ടയർട്യൂബ്' സഞ്ചിയും കയ്യിൽ നിറതോക്കും. നേതാവ് എനിക്കഭിമുഖമായി പലകയിൽ നിലത്തിരുന്നു. അദ്ദേഹത്തിന് ഇംഗ്ലീഷ് അറിയാമായിരുന്നു എന്നത് എന്റെ ഭാഗ്യം. ഞാൻ കാര്യങ്ങൾ വിശദമായി പറഞ്ഞുകൊടുത്തു. ചോദ്യങ്ങൾക്കെല്ലാം വ്യക്തമായ മറുപടിയും നൽകി. റബ്ബർ ബോർഡ് കർഷകരെ സഹായിക്കുകയാണെന്നും ഒരു തരത്തിലുമുള്ള ചൂഷണമില്ലെന്നും നഴ്സറിയിലെ കൂലിയും ധനസഹായവുമെല്ലാം കൃത്യമായി കൊടുക്കുന്നുണ്ടെന്നും അവർക്കു ബോധ്യമായി. ഏതാണ്ടു മൂന്നര മണിക്കൂറിന്റെ ചോദ്യംചെയ്യലിനുശേഷം പൊയ്ക്കൊള്ളാൻ അനുവാദം ലഭിച്ചപ്പോഴാണ് ശ്വാസം നേരേ വീണത്. ജീവനോടെ നാട്ടിലേയ്ക്ക് പോരാൻ പറ്റുമെന്നുപോലും കരുതിയിരുന്നില്ല.

തിരിച്ചു മരഡുമില്ലിയിലെത്തിയ ഞാൻ ഇൻലന്റിൽ ഒരു കത്തെഴുതി ആർ.പി.സി. -ക്ക് അയച്ചു. ആർ.പി.സി. കത്ത് ചെയർമാനെ കാണിച്ചു. ആശ്വാസവചനങ്ങൾ നിറഞ്ഞ, മനസ്സാന്നിദ്ധ്യത്തെ സ്തുതിച്ചു കൊണ്ടുള്ള മറുപടി കിട്ടി. നഴ്സറിയിലെ ആഴ്ചതോറുമുള്ള കൂലി വിതരണവും എന്റെ ജോലിയായിരുന്നു. രാത്രികാലങ്ങളിൽ പുലിയിറങ്ങാറുള്ള നഴ്സറിയിലെ ഷെഡിൽ ചില രാത്രികളിൽ, വാഹനസൗകര്യമില്ലാതെ വരുമ്പോൾ തങ്ങേണ്ടിവന്നിട്ടുണ്ട്. പകൽസമയത്തുപോലും റോഡു മുറിച്ചു കടക്കുന്ന പുലികളെ, നഴ്സറിയിൽ നിന്നുള്ള മടക്കയാത്രയിൽ പലപ്പോഴും കണ്ടിട്ടുണ്ട്. ബസ് കാത്ത് സ്റ്റോപ്പിലെ മരക്കുറ്റിയിലിരിക്കുമ്പോൾ, പാലായിലെന്ന പോലെ, തലച്ചുമടായും, ചെറുവാഹനങ്ങളിലും റബ്ബർ ഷീറ്റുമായി പോകുന്ന കർഷകരെ എട്ടുപത്തുവർഷത്തിനകം കാണാൻ കഴിയുമെന്നു ചിന്തിച്ചിരുന്നു.

തൊഴിലാളികളെ ബഡ്ഡിങ് പഠിപ്പിച്ചതും തയ്യാറാക്കിയ തൈകളുടെ എണ്ണം ഇരട്ടിയാക്കി ചെലവ് പകുതിയാക്കി കുറച്ചതും നേട്ടമായിരുന്നു. രണ്ടു വർഷത്തിനുശേഷം 1990-ൽ ഞാൻ തിരിച്ചുപോന്നു. മരഡുമില്ലി ഓഫീസ്, സൗകര്യങ്ങൾ അധികമുള്ള രംഭചോഡാവാരത്തേക്കു മാറ്റിയതും ദേവരപ്പള്ളി നഴ്സറി നിർത്തലാക്കിയതുമൊക്കെ പിൽക്കാല ചരിത്രം.

പിന്നീട് ആന്ധ്രവഴി ഒറീസയിലേക്കും അസമിലേക്കും മേഘാലയയിലേക്കുമൊക്കെ പോകേണ്ടിവന്നിട്ടുണ്ടെങ്കിലും ആന്ധ്രയിലെ റബ്ബർമേഖലകൾ സന്ദർശിക്കാൻ സാധിച്ചിട്ടില്ല. വർഷങ്ങൾ 35 കഴിഞ്ഞിരിക്കുന്നു. റബ്ബർബോർഡിന്റെ സ്ഥിതിവിവരക്കണക്കുകളിൽ കൃഷി വിസ്തൃതിയിലും ഉത്പാദനത്തിലും ആന്ധ്രയ്ക്കും ഒരു കോളം ലഭ്യമാക്കുന്നതിൽ പങ്കാളിയാകാൻ കഴിഞ്ഞതിൽ ഏറെ അഭിമാനിക്കുന്നു.

*(ലേഖകൻ റബ്ബർബോർഡിലെ മുൻ ജോയിന്റ് റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ആണ്.)* •



ആരതി കൃഷ്ണൻ
അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ

# പൊതുപ്രവർത്തകയായ ഒരു റബ്ബർകർഷക

റബ്ബർകൃഷിയിൽ സ്ത്രീശാക്തീകരണത്തിന്റെ പ്രാധാന്യം വളരെ വലുതാണ്. ഇത് സാമ്പത്തികവളർച്ച, സാമൂഹികസമത്വം, സുസ്ഥിരമായ കൃഷിരീതികൾ എന്നിവ ഉറപ്പാക്കാൻ സഹായിക്കുന്നു. ഇന്ത്യയിലെ, പ്രത്യേകിച്ച് കേരളത്തിലെ റബ്ബർമേഖലയിൽ സ്ത്രീകൾ നിർണായക പങ്ക് വഹിക്കുന്നുണ്ട്. തോട്ടം പരിപാലനം, റബ്ബർപാൽ സംഭരണം, ഷീറ്റുനിർമാണം തുടങ്ങിയ പ്രവർത്തനങ്ങളിൽ അവരുടെ പങ്കാളിത്തം ഒഴിച്ചുകൂടാനാവാത്തതാണ്. ഈ മേഖലയിൽ സ്ത്രീകളെ ശാക്തീകരിക്കുന്നതിലൂടെ ലഭിക്കുന്ന നേട്ടങ്ങൾ നിരവധിയാണ്.

കാർഷികമേഖലയിൽ ലോകമെമ്പാടും സ്ത്രീകൾ വഹിക്കുന്ന പങ്കിന് അംഗീകാരവും പൊതുസമ്മതിയും ലഭിക്കാൻ, 2026 അന്താരാഷ്ട്ര വനിതാകർഷകവർഷമായി ആചരിക്കാനുള്ള പ്രമേയം ഐക്യരാഷ്ട്രസഭയുടെ പൊതുസഭ അംഗീകരിച്ചിരിക്കുന്നു. ഈ ശുഭവേളയിൽ, റബ്ബർകൃഷിയിൽ സ്വന്തമായി കൈയ്യൊപ്പ് ചാർത്തിയ ഒരു വനിതാകർഷകയുടെ വിജയഗാഥ നമുക്ക് മാതൃകയാക്കാം.

**കോന്നിയുടെ മലയോരത്ത് ഒരു വനിതാടാപ്പർ**

പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്കിൽപ്പെട്ട മലയോര പ്രദേശമായ ആങ്ങമൂഴിയിലെ ലേഖാ സുരേഷാണ് ഈ മാതൃകാവനിതാകർഷക. കാർഷിക പാരമ്പര്യമുള്ള ഒരു കുടുംബത്തിലാണ് അവർ ജനിച്ചുവളർന്നത്. അതിനാൽ, കുട്ടിക്കാലം മുതൽ തന്നെ കാർഷികപ്രവർത്തനങ്ങളിലും അനുബന്ധ മേഖലകളിലും സജീവമായി ഇടപെടുന്നതിൽ അവർക്ക് പ്രത്യേക താൽപര്യവും അഭിരുചിയുമുണ്ടായിരുന്നു. ഭർത്താവ് കെ.കെ. സുരേഷിനൊപ്പമാണ് ലേഖാ സുരേഷ് കൃഷിയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

2011-ൽ നട്ട 0.40 ഹെക്ടർ റബ്ബർതോട്ടം ഇവർക്കു സ്വന്തമായുണ്ട്. ആദ്യകാലത്ത് ടാപ്പർ ഉണ്ടായിരുന്നെങ്കിലും, റബ്ബർപാൽ ശേഖരിക്കുന്നതിനും ഷീറ്റടിക്കുന്നതിനും തോട്ടം പരിപാലനം കൃത്യമായി നടത്തുന്നതിനും ലേഖാ സുരേഷ് സഹായിച്ചിരുന്നു.



ലേഖാ സുരേഷ് തന്റെ തോട്ടത്തിൽ ടാപ്പുചെയ്യുന്നു



പൊതുപ്രവർത്തകയെന്ന നിലയിൽ തന്റെ ജോലികൾ ചെയ്യുന്ന ലേഖാ സുരേഷ്



ലേഖ, ഭർത്താവ് സുരേഷിനൊപ്പം

ലേഖയുടെ ഭർത്താവ് സുരേഷ് പ്രവാസിയായിരുന്നു. 2019-ൽ സുരേഷ് പ്രവാസജീവിതം മതിയാക്കി നാട്ടിൽ തിരിച്ചെത്തി കൃഷിയിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ തുടങ്ങി. റബ്ബർകൃഷിയോടൊപ്പം ആടുവളർത്തൽ, കോഴിവളർത്തൽ തുടങ്ങിയ അനുബന്ധ ജോലികളും ഇവർ ചെയ്തുവന്നു. നാട്ടിൽ തിരിച്ചെത്തിയ ശേഷം സുരേഷ് സ്വന്തമായി ടാപ്പിങ് ആരംഭിക്കുകയും റബ്ബർപാൽ ശേഖരിക്കുന്നതിലും ഷീറ്റുനിർമാണത്തിലും അനുബന്ധ മേഖലകളിലും ലേഖ ഭർത്താവിനെ സഹായിക്കുകയും ചെയ്തിരുന്നു.

### പരിശീലനം മുതൽ സ്വയം ടാപ്പിങ് വരെ

കൃഷിയോടുള്ള താൽപര്യം ലേഖാ സുരേഷിനെ 2013-ൽ റബ്ബർബോർഡിന്റെ പത്തനംതിട്ട റീജിയണൽ ഓഫീസ് സംഘടിപ്പിച്ച ടാപ്പിങ് പരിശീലനപരിപാടിയിൽ പങ്കാളിയാക്കി. നാടൻ കത്തി, ജബോങ് കത്തി എന്നിവ ഉപയോഗിച്ചുള്ള ടാപ്പിങ് അവർ പഠിച്ചെടുത്തു.

2021-ൽ ആരോഗ്യ പ്രശ്നങ്ങൾ കാരണം ഭർത്താവായ സുരേഷിന് ടാപ്പുചെയ്യുന്നതിൽ ബുദ്ധിമുട്ട് നേരിട്ട സാഹചര്യത്തിൽ, ലേഖ സ്വന്തമായി ടാപ്പിങ് ആരംഭിച്ചു. സ്വന്തം ഉടമസ്ഥതയിലുള്ള ഒരേക്കർ തോട്ടത്തിലെ 180 മരങ്ങളാണ് ഇവർ സ്വന്തമായി ടാപ്പുചെയ്യുന്നത്. മൂന്നു ദിവസത്തിലൊരിക്കൽ എന്ന ടാപ്പിങ് രീതിയിലാണ് ഈ വനിതാകർഷക ടാപ്പിങ് നടത്തുന്നത്.

### റബ്ബറുത്പാദനത്തിന്റെ കണക്കുകൾ

സ്വന്തം തോട്ടത്തിലെ മരങ്ങൾ ടാപ്പുചെയ്യുന്നതിനു പുറമേ ഒരു ബന്ധുവിന്റെ ഉടമസ്ഥതയിലുള്ള ഏകദേശം 350 റബ്ബർ മരങ്ങളുള്ള മറ്റൊരു തോട്ടത്തിലെ പാലെടുക്കുന്ന ജോലിയും ഇവർ ചെയ്യുന്നുണ്ട്.

ലേഖയുടെ തോട്ടത്തിൽ നിന്ന് ഉത്പാദിപ്പിക്കുന്ന റബ്ബർപാൽ സംസ്കരിച്ച് ആർ.എസ്.എസ്. നാലാം ഗ്രേഡ് ഷീറ്റുകളാക്കിയാണ് വിപണനം നടത്തുന്നത്. ആദ്യകാലങ്ങളിൽ തിരക്കിട്ട പൊതുപ്രവർത്തനങ്ങൾ കാരണം ഉത്പാദനത്തിന്റെ ഭൂരിഭാഗവും ചിരട്ടപ്പാലായാണ് (cup lump) വിപണനം ചെയ്തിരുന്നത്. എന്നാൽ ഇപ്പോൾ കൂടുതലും ഗ്രേഡ് ഷീറ്റുകൾ ഉത്പാദിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ലേഖയുടെ തോട്ടത്തിലെ കഴിഞ്ഞ മൂന്ന് വർഷത്തെ ഉത്പാദനത്തിന്റെ വിശദാംശങ്ങൾ പട്ടിക 1 -ൽ കൊടുത്തിരിക്കുന്നു.

**പട്ടിക – 1 തോട്ടത്തിലെ റബ്ബറുത്പാദനം**

| വർഷം | ആർ.എസ്.എസ്. IV (കി.ഗ്രാം) | ചിരട്ടപ്പാൽ (Cup lump) കി. ഗ്രാമിൽ | ഒട്ടു പാൽ (കി. ഗ്രാം) |
|---|---|---|---|
| 2022–23 | 200 | 450 | 100 |
| 2023–24 | 375 | 300 | 110 |
| 2024–25 | 525 | 175 | 100 |

ചിരട്ടപ്പാലിന്റെ ഉത്പാദനം പടിപടിയായി കുറച്ച് ഉയർന്ന വില ലഭിക്കുന്ന ആർ.എസ്.എസ്. നാലാം ഗ്രേഡ് ഷീറ്റുകളുടെ ഉത്പാദനം ഓരോ വർഷവും വർധിപ്പിക്കാൻ ഇവർക്ക് കഴിഞ്ഞിട്ടുണ്ട്. ഇത് ഉത്പന്നത്തിന്റെ ഗുണമേന്മയും വരുമാനവും വർദ്ധിപ്പിക്കുന്നതിലെ ഇവരുടെ ശ്രദ്ധയാണ് വ്യക്തമാക്കുന്നത്.

### കൃഷിയിലെ താൽപര്യവും പൊതുപ്രവർത്തനവും

കാർഷിക കുടുംബത്തിൽ ജനിച്ചുവളർന്നതുകൊണ്ട് കൃഷിപരിപാലനത്തിൽ പ്രത്യേക താൽപര്യവും അഭിരുചിയും ലേഖയ്ക്ക് ഉണ്ടായിരുന്നു. കൃഷിയിൽ മാത്രമല്ല പൊതുപ്രവർത്തനമേഖലയിലും സജീവമായി ഇടപെടുന്ന വ്യക്തി കൂടിയാണ് ഇവർ.

കുടുംബശ്രീ രൂപവത്കരണത്തെക്കുറിച്ച് പഠിക്കുന്നതിനുവേണ്ടി ഇവർ ഒഡീഷയിൽ പോയിട്ടുണ്ട്. സീതത്തോട് ഗ്രാമപഞ്ചായത്തിലെ സി.ഡി.എസ്. ചെയർപേഴ്സൺ ആയി പത്തു വർഷം സേവനം അനുഷ്ഠിച്ചു. 2015-20 കാലഘട്ടത്തിൽ സീതത്തോട് ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഈ ലേഖനം തയ്യാറാക്കുമ്പോൾ പത്തനംതിട്ട ജില്ലാപ്പഞ്ചായത്ത് മെമ്പർ കൂടിയാണ് ഈ കർഷക. പ്രീഡിഗ്രി വിദ്യാഭ്യാസം പൂർത്തിയാക്കിയ ലേഖാ സുരേഷ് വിദൂരവിദ്യാഭ്യാസം വഴി ബി.കോം പഠനം നടത്തിക്കൊണ്ടിരിക്കുന്നു.

റബ്ബർതോട്ടത്തിലെ എല്ലാ ജോലികളിലും തന്റേതായ ഇടം കണ്ടെത്തുകയും ഒരു പ്രതിസന്ധി വന്നപ്പോൾ ടാപ്പിങ് പോലുള്ള അതിപ്രധാനമായ ജോലി പോലും ഏറ്റെടുത്ത് വിജയകരമായി മുന്നോട്ട് കൊണ്ടുപോകുകയും ചെയ്യുന്ന ലേഖാ സുരേഷിന്റെ ജീവിതം വനിതാ കർഷകർക്ക് ഒരു പ്രചോദനമാണ്. സ്ത്രീകൾക്ക് റബ്ബർ മേഖലയിൽ ഏത് തരം ജോലിയും അനായാസം കൈകാര്യം ചെയ്യാൻ കഴിയുമെന്ന് തെളിയിക്കുന്ന ഈ വിജയഗാഥ, റബ്ബർകൃഷിയിലെ വനിതാശാക്തീകരണത്തിന് ഒരു ഉത്തമോദാഹരണമാണ്. •

# റബ്ബർമാസികയുടെ വജ്രജൂബിലിയാഘോഷങ്ങളോടനുബന്ധിച്ച് നടത്തിയ വിവിധ മത്സരങ്ങളിൽ ഒന്നാം സമ്മാനാർഹമായ സൃഷ്ടികൾ



## ഫോട്ടോഗ്രഫി



**രാഹുൽ രാജു,**
കൂവപ്പിള്ളിൽ,
കാരിക്കോട് പി.ഒ.,
പെരുവ, കോട്ടയം.

## കാർട്ടൂൺ രചന



**ഷാജി പി. ഏബ്രഹാം,**
പുത്തൻ പറമ്പിൽ,
കരിമ്പനക്കുഴി,
പത്തനംതിട്ട







## ലോഗോ രൂപകൽപന



**ബിപ്ലബ് റോയ്**
ഫീൽഡ് ഓഫീസർ
റബ്ബർബോർഡ്

# GOLDEN TOUCH®

## FORMIC ACID

**GOLDEN TOUCH®**

RUBBER SHEET FUNGICIDE (PNP)

**GOLDEN TOUCH®**

FORMIC ACID

റബ്ബർ ഷീറ്റുകളെ :

1. പൂപ്പലിൽ നിന്നും സംരക്ഷിക്കുന്നു.
2. സുവർണ്ണനിറം പകരുന്നു.
3. ഗുണമേന്മാ വർദ്ധനവിനെ സഹായിക്കുന്നു.

**GOLDEN TOUCH®** – **ALUMINIUM DISH**

**GOLDEN TOUCH®** – **FORMIC ACID 85%**

**Rubber Estates Inputs: Spout, Cup Hanger, Latex Collection Cup, Sieve etc..**

N.B.: Available at : Rubber Board Companies & Rubber Marketing Societies

*Manufactured & Marketed by*

Since 1991

*Geo Thomas & Co.*

IInd Floor Rubber Board Office Building
M.C. Road, Muvattupuzha - 686 661
Mob: 9847043098
e-mail: geothomasco@yahoo.com, Web: www.goldentouchpnp.com




റബ്ബർബോർഡ് കോൾസെന്റർ നടത്തിയ പ്രത്യേക ഫോൺ-ഇൻ പരിപാടികളിൽ 'റബ്ബർ ക്രൗൺ ബഡ്ഡിങ്' എന്ന വിഷയത്തിൽ ഇന്ത്യൻ റബ്ബർഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ഡോ. ഷാജി ഫിലിപ്പ്, 'നിയന്ത്രിതകമിഴ്ത്തിവെട്ട്' എന്ന വിഷയത്തിൽ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ റെജു എം.ജെ., 'റബ്ബർബോർഡ് നൽകുന്ന വിവിധതരം ലൈസൻസുകൾ' എന്ന വിഷയത്തിൽ റബ്ബർബോർഡിലെ മാർക്കറ്റ് ഇന്റലിജൻസ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ പ്രിയ തോമസ് എന്നിവർ ചോദ്യങ്ങൾക്ക് നൽകിയ മറുപടികളാണ് യഥാക്രമം താഴെ ചേർത്തിട്ടുള്ളത്.

## റബ്ബർ ക്രൗൺബഡ്ഡിങ്

1. ***റബ്ബർ ക്രൗൺബഡ്ഡിങ് എന്നാൽ എന്താണുദ്ദേശിക്കുന്നത് ?***

   ഉയർന്ന ഉത്പാദനശേഷിയുള്ള ബഡ്ഡുതൈകളിൽ രണ്ടര മുതൽ മൂന്നു വരെ മീറ്റർ ഉയരത്തിൽ, ഇലരോഗങ്ങളെ പ്രതിരോധിക്കാൻ ശേഷിയുള്ള ഒരു റബ്ബറിനം ബഡ്ഡുചെയ്തുപിടിപ്പിക്കുന്ന രീതിയാണ് ക്രൗൺബഡ്ഡിങ്. ക്രൗൺബഡ്ഡ് ചെയ്ത ഒരു മരത്തിൽ വിത്തിൽ നിന്ന് കിളിർത്തുവന്ന റൂട്ട് സ്റ്റോക്ക്, ഉയർന്ന ഉത്പാദനശേഷിയുള്ള റബ്ബറിനത്തിന്റെ തായ്ത്തടി, ഇലരോഗങ്ങളെ ചെറുക്കാൻ ശേഷിയുള്ള ഇനത്തിന്റെ ഇലഭാഗം എന്നിങ്ങനെ മൂന്ന് റബ്ബറിനങ്ങളുണ്ടായിരിക്കും.

2. ***സാധാരണ ബഡ്ഡിങ്ങും ക്രൗൺബഡ്ഡിങ്ങും തമ്മിലുള്ള വ്യത്യാസം എന്തെല്ലാമാണ് ?***

   സാധാരണ ബഡ്ഡിങ് നടത്തുന്നത് ചെറുതൈകളിൽ നിലനിരപ്പിന് തൊട്ടു മുകളിലാണ്. എന്നാൽ, ക്രൗൺ ബഡ്ഡിങ് വലിയ തൈകളിൽ രണ്ടര മുതൽ മൂന്നു വരെ മീറ്റർ ഉയരത്തിലാണ് ചെയ്യേണ്ടത്. ഇലരോഗങ്ങളെ ചെറുക്കാൻ ശേഷിയുള്ള എഫ്.എക്സ്. 516 എന്ന റബ്ബറിനത്തിന്റെ ബഡ്ഡുവുഡ്ഡാണ് ബഡ്ഡിങ്ങിനായി ഉപയോഗിക്കേണ്ടത്.

3. ***ഏതെല്ലാം രോഗങ്ങളെ പ്രതിരോധിക്കാൻ ക്രൗൺ ബഡ്ഡിങ് ഉപകരിക്കും ?***

   അകാലിക ഇലകൊഴിച്ചിൽ, കൊളിറ്റോട്രിക്കം, കൊറിനിസ്പോറ, പൊടിക്കുമിൾ എന്നീ ഇലരോഗങ്ങളെ പ്രതിരോധിക്കാൻ ക്രൗൺബഡ്ഡിങ് ഉപകരിക്കും.



*ഡോ. ഷാജി ഫിലിപ്പ് സംശയങ്ങൾക്ക് മറുപടി പറയുന്നു*

4. ***പട്ടമരപ്പിനെ പ്രതിരോധിക്കാൻ ക്രൗൺബഡ്ഡിങ് ഫലപ്രദമാണോ?***

പട്ടമരപ്പിനെ പ്രതിരോധിക്കാൻ ക്രൗൺബഡ്ഡിങ് ഫലപ്രദമല്ല. ക്രൗൺബഡ്ഡിങ് നടത്തിയാൽ ഇലരോഗങ്ങളെ പ്രതിരോധിക്കാൻ കഴിയും.

5. ***ഏതൊക്കെ ഇനങ്ങളിലാണ് ക്രൗൺബഡ്ഡിങ് ചെയ്യാവുന്നത്?***

എല്ലായിനങ്ങളിലും ക്രൗൺബഡ്ഡിങ് പ്രായോഗികമാണ്.

6. ***ഡിസംബർ-ജനുവരി മാസങ്ങളിലെ ഇലകൊഴിച്ചിൽ മൂലമുള്ള ഉത്പാദനക്കുറവ് പരിഹരിക്കാൻ ക്രൗൺബഡ്ഡിങ് മൂലം സാധിക്കുമോ?***

ക്രൗൺബഡ്ഡിങ്ങിനുപയോഗിക്കുന്ന എഫ്.എക്സ്. 516 എന്ന ഇനത്തിൽ ഭാഗികമായി മാത്രമേ ഇലകൊഴിച്ചിൽ ഉണ്ടാകുന്നുള്ളൂ. ആയതിനാൽ ഇലകൊഴിച്ചിൽ മൂലമുണ്ടാകുന്ന ഉത്പാദനക്കുറവ് ഒരു പരിധി വരെ പരിഹരിക്കാൻ സാധിക്കും.

7. ***ക്രൗൺബഡ്ഡിങ്ങിന് അനുയോജ്യമായ സമയമേതാണ്?***

നഴ്സറികളിൽ നിയന്ത്രിതസാഹചര്യങ്ങളുള്ളതിനാൽ ഏതു സമയത്തും ക്രൗൺബഡ്ഡിങ് നടത്താം. എന്നാൽ ഫീൽഡിൽ ക്രൗൺബഡ്ഡിങ് നടത്തുമ്പോൾ ജൂലൈ-ആഗസ്റ്റ് മാസങ്ങളിലാണ് കൂടുതൽ വിജയശതമാനം ലഭിക്കുന്നത്.

## നിയന്ത്രിതകമിഴ്ത്തിവെട്ട്

1. ***നിയന്ത്രിതകമിഴ്ത്തിവെട്ട് എന്നാൽ എന്താണെന്ന് വിശദീകരിക്കാമോ?***

റബ്ബർമരങ്ങളുടെ ഉത്പാദനകാലം കൂട്ടുന്നതിനും വേനൽകാലത്ത് താരതമ്യേന കൂടുതൽ ആദായം ലഭിക്കുന്നതിനുമായി സ്വീകരിക്കാവുന്ന ഒരു ടാപ്പിങ് രീതിയാണ് ഇത്. പുതുപ്പട്ടയ്ക്ക് മുകളിൽ രണ്ടുമീറ്റർ ഉയരം വരെയുള്ള അസൽപട്ടയിൽ 45 ഡിഗ്രി ചെരിവിൽ കമിഴ്ത്തുപട്ടയിട്ട് പരിഷ്കരിച്ച ഗൂജുകത്തി ഉപയോഗിച്ച് താഴെ ഭാഗത്തുനിന്നും മുകൾഭാഗത്തേക്ക് ശാസ്ത്രീയമായി ടാപ്പുചെയ്യുന്ന രീതിയാണ് നിയന്ത്രിതകമിഴ്ത്തിവെട്ട് അഥവാ കൺട്രോൾഡ് അപ്വേർഡ് ടാപ്പിങ് (സി.യു.റ്റി.).

2. ***സി.യു.റ്റി. അനുവർത്തിക്കുന്നത് മൂലം റബ്ബർമരങ്ങളുടെ ഉത്പാദനകാലം എത്രമാത്രം വർദ്ധിപ്പിക്കാൻ സാധിക്കും?***

ടാപ്പിങ് ആരംഭിക്കുമ്പോൾ മുതൽ ഇടവേളകൂടിയ ടാപ്പിങ് രീതിയായ ആഴ്ചയിൽ ഒരിക്കൽ ടാപ്പിങ്ങും പുതുപ്പട്ടയിൽ ടാപ്പിങ് തുടങ്ങി ഒന്നോ രണ്ടോ വർഷം കഴിയുമ്പോൾ നിയന്ത്രിതകമിഴ്ത്തിവെട്ടും ശാസ്ത്രീയമായി നടപ്പാക്കിയാൽ റബ്ബർമരത്തിന്റെ ആദായകരമായ ഉത്പാദനകാലം 40 മുതൽ 45 വരെ വർഷമായി വർദ്ധിപ്പിക്കാൻ സാധിക്കും.

3. ***സി.യു.റ്റി. -യിൽ അനുവർത്തിക്കേണ്ട ഉത്തേജകൗഷധപ്രയോഗം എങ്ങനെയാണ്?***

നാലിലൊന്ന് ചുറ്റളവിൽ മൂന്ന് ദിവസത്തിലൊരിക്കൽ സി.യു.റ്റി. ചെയ്യുമ്പോൾ മാസത്തിലൊരിക്കൽ ടാപ്പിങ്ങിന്റെ പിറ്റേന്ന് (അടുത്ത ടാപ്പിങ്ങിന് 48 മണിക്കൂർ മുൻപ്) ഉത്തേജകൗഷധപ്രയോഗം നടത്തണം. 10 ശതമാനം വീര്യമുള്ള എത്തഫോൺ 5 ശതമാനം വീര്യമാക്കി നേർപ്പിച്ച ശേഷം വള്ളിപ്പാലിന്റെ മുകളിലാണ് പുരട്ടിക്കൊടുക്കേണ്ടത്. ആഴ്ചയിൽ ഒരിക്കൽ രീതിയിൽ സി.യു.റ്റി. ചെയ്യുമ്പോൾ മൂന്നിലൊന്ന് ചുറ്റളവിൽ വേണം പട്ടയെടുക്കാൻ. ഓരോ രണ്ട് ടാപ്പിങ്ങിനു ശേഷവും മൂന്നാമത്തെ ടാപ്പിങ്ങിന് മൂന്നുദിവസം മുൻപ് 5 ശതമാനം വീര്യമുള്ള എത്തഫോൺ പുരട്ടണം.



റെജു എം.ജെ. സംശയങ്ങൾക്ക് മറുപടി പറയുന്നു

4. ***ആഴ്ചയിലൊരിക്കൽ ടാപ്പിങ് രീതിയിൽ സി.യു.റ്റി. ചെയ്യാൻ പറ്റുമോ?***

ആർആർഐഐ 105, ആർആർഐഐ 430 എന്നീ റബ്ബറിനങ്ങളിൽ മൂന്നിലൊന്ന് ചുറ്റളവിൽ ഓരോ രണ്ടു ടാപ്പിങ്ങിന് ശേഷവും മൂന്നാമത്തെ ടാപ്പിങ്ങിന് മൂന്ന് ദിവസം (48 മുതൽ 72 വരെ മണിക്കൂർ) മുൻപ് 5 ശതമാനം വീര്യത്തിൽ ഉത്തേജകൗഷധം (എത്തഫോൺ) പുരട്ടി സി.യു.റ്റി. ചെയ്യാവുന്നതാണ്.

5. ***സി.യു.റ്റി. ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ്?***

നിയന്ത്രിതകമിഴ്ത്തിവെട്ട് നടത്തുമ്പോൾ വെട്ടുചാലിന്റെ നീളം ഒരിക്കലും പകുതി ചുറ്റളവ് എടുക്കരുത്. ടാപ്പിങ്ങിന്റെ ഇടവേളക്കനുസരിച്ച് ചുറ്റളവിന്റെ നാലിലൊന്നോ മൂന്നിലൊന്നോ എടുത്താൽ മതിയാകും. ശുപാർശചെയ്തിരിക്കുന്ന തോതിൽ ഉത്തേജകൗഷധം പുരട്ടി പരിഷ്ക്കരിച്ച ഗൂജുകത്തി ഉപയോഗിച്ച് 45 ഡിഗ്രി ചെരിവ് കൊടുത്ത് ടാപ്പുചെയ്യണം. മഴക്കാലത്ത് റെയിൻഗാർഡുചെയ്ത് നിയന്ത്രിതകമിഴ്ത്തിവെട്ട് നടത്താൻ ബുദ്ധിമുട്ടായതിനാൽ ആ സമയത്ത് അടിഭാഗത്തുള്ള പുതുപ്പട്ടയിൽ റെയിൻഗാർഡു ചെയ്ത് സാധാരണ ടാപ്പിങ്ങും മഴക്കാലത്തിനുശേഷം പുതുപ്പട്ടയ്ക്ക് മുകളിലുള്ള അസൽപ്പട്ടയിൽ സി.യു.റ്റി. -യും ചെയ്യുന്നതാണ് നമ്മുടെ കാലാവസ്ഥയിൽ അഭികാമ്യം.

## റബ്ബർബോർഡ് നൽകുന്ന വിവിധതരം ലൈസൻസുകൾ

1. ***റബ്ബർബോർഡ് നൽകുന്ന വിവിധതരം ലൈസൻസുകൾ ഏതെല്ലാമാണ്?***

   റബ്ബർ ആക്ട് പ്രകാരം, റബ്ബർബോർഡ് നൽകുന്ന ലൈസൻസ് ഇല്ലാതെ സ്വാഭാവികറബ്ബർ ക്രിയവിക്രയം ചെയ്യുന്നത് ശിക്ഷാർഹമാണ്. റബ്ബർ കച്ചവടം നടത്തുന്നതിനായി 'ഡീലർ' ലൈസൻസ്, റബ്ബർ സംസ്ക്കരണത്തിനായി 'പ്രോസസ്സർ' ലൈസൻസ്, റബ്ബറുത്പന്നനിർമാണത്തിനായി റബ്ബർ വാങ്ങുന്നതിനു വേണ്ടി 'മാനുഫാക്ച്ചറർ' ലൈസൻസ് എന്നിവയാണ് റബ്ബർബോർഡ് നൽകുന്ന ലൈസൻസുകൾ.

2. ***റബ്ബർബോർഡ് നൽകുന്ന വിവിധതരം ലൈസൻസുകൾക്കുള്ള അപേക്ഷകൾ സമർപ്പിക്കേണ്ടത് എങ്ങനെയാണ്?***

   റബ്ബർബോർഡ് നൽകുന്ന വിവിധ ലൈസൻസുകൾക്കായി www.rbegp.in (RUBIS) എന്ന പോർട്ടൽ വഴി ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷ സമർപ്പിക്കുന്ന രീതി, ലൈസൻസ് ഫീസ് നിരക്കുകൾ, ഫീസ് അടയ്ക്കുന്ന വിധം തുടങ്ങിയ എല്ലാ വിവരങ്ങളും വെബ്സൈറ്റിന്റെ ഹോം (Home) പേജിൽ കൊടുത്തിട്ടുള്ള 'ഗൈഡ്ലൈൻസ്' (guidelines) ഓപ്ഷനിലെ മാർഗരേഖകളിൽ നൽകിയിട്ടുണ്ട്.

3. ***റബ്ബർബോർഡു ലൈസൻസുകൾ എത്ര വർഷം കൂടുമ്പോഴാണ് പുതുക്കേണ്ടത്?***

   പുതുതായി നൽകുന്ന ലൈസൻസിന്റെ കാലാവധി മൂന്നു വർഷമാണ്. പിന്നീട് ഓരോ അഞ്ചുവർഷത്തെ കാലയളവുകളിലേക്കും ലൈസൻസ് പുതുക്കി നൽകും. ലൈസൻസ് ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങളെല്ലാം (അപേക്ഷ സമർപ്പിക്കുന്നത് മുതൽ സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നതുവരെ) ഓൺലൈനിൽ പൂർത്തിയാക്കാവുന്നതാണ്. ലൈസൻസ് ഫീസ് ഓൺലൈനായി അടയ്ക്കാവുന്നതാണ്.

4. ***ലൈസൻസ് ഉടമകൾ നൽകേണ്ട 'റിട്ടേണു'കൾ ഏതൊക്കെയാണ്? അവ സമർപ്പിക്കേണ്ടത് എങ്ങനെയാണ്?***

   നിയമപ്രകാരം എല്ലാ ലൈസൻസ് ഉടമകളും പ്രതിമാസ റിട്ടേണുകൾ സമർപ്പിക്കാൻ ബാധ്യസ്ഥരാണ്. ഓരോ മാസത്തെയും റിട്ടേണുകൾ തൊട്ടടുത്ത മാസം പതിനഞ്ചാം തീയതിക്കകം ഓൺലൈനായി നൽകണം. ഓരോ ലൈസൻസ് ഉടമയും നൽകേണ്ട റിട്ടേണുകൾ താഴെ പറയുന്നു.

   മാനുഫാക്ച്ചറേഴ്സ് ലൈസൻസ് ഉള്ളവർ പ്രതിമാസ റിട്ടേണുകൾ ആയി ഫോം 'K' -യും ഫോം 'L' -ഉം കൂടാതെ വാർഷിക റിട്ടേൺ ആയി ഫോം 'K 1' -ഉം സമർപ്പിക്കേണ്ടതാണ്. ഡീലർ ലൈസൻസ് ഉള്ളവർ പ്രതിമാസ റിട്ടേണുകളായി ഫോം 'H2' , ഫോം 'L' എന്നിവയും പ്രോസസ്സർ ലൈസൻസ് ഉള്ളവർ ഫോം 'H3', ഫോം 'L1' എന്നിവയും സമർപ്പിക്കേണ്ടതാണ്. റിട്ടേണുകൾ സമയപരിധിക്ക് ശേഷം സമർപ്പിക്കുകയോ സമർപ്പിക്കാതിരിക്കുകയോ ചെയ്യുന്നവരിൽ നിന്ന് പിഴ ഈടാക്കുന്നതായിരിക്കും. ലൈസൻസ് റദ്ദ് ചെയ്യാനായി അപേക്ഷ സമർപ്പിച്ചവർ അത് റദ്ദ് (cancel) ചെയ്ത് കിട്ടുന്നതുവരെ റിട്ടേണുകൾ ഫയൽ ചെയ്തിരിക്കണം. അല്ലാത്തപക്ഷം പിഴ ഒടുക്കേണ്ടതാണ്.



*പ്രിയ തോമസ് സംശയങ്ങൾക്ക് മറുപടി പറയുന്നു*

5. ***റിട്ടേണുകൾ സമർപിച്ചതിൽ പിഴവ് വന്നാൽ എന്ത് ചെയ്യണം?***

   സമർപിച്ച റിട്ടേണിൽ വന്നിട്ടുള്ള പിഴവ് എന്താണെന്നും, ഏത് മാസത്തെ റിട്ടേണിലാണ് പിഴവ് സംഭവിച്ചതെന്നും വിശദമായി കാണിച്ച് stat@rubberboard.org.in എന്ന വിലാസത്തിൽ ഇ-മെയിൽ അയച്ചാൽ പിഴവുകൾ തിരുത്താവുന്നതാണ്.

6. ***ലൈസൻസ് എടുത്തതിനുശേഷം കമ്പനിയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ ബോർഡിനെ അറിയിക്കുന്നത് എങ്ങനെ?***

   ലൈസൻസ് എടുത്തതിനുശേഷം അംഗീകൃത സംഭരണസ്ഥലം, കമ്പനിയുടെ പേര്, ഭരണഘടന, ഉടമസ്ഥർ, എന്നിവയിൽ എന്തെങ്കിലും മാറ്റം വന്നാൽ അത് റബ്ബർബോർഡിനെ യഥാസമയങ്ങളിൽ അറിയിക്കേണ്ടതാണ്. അതിനായി താഴെ പറയുന്ന മാർഗം ഉപയോഗിക്കാവുന്നതാണ്.

   RUBIS Home page >>login >> Applications and Requests >>Request for Amendments >> Dealer/ Processor/Manufactures Licence >>New Entry >>Select the change type

7. ***ലൈസൻസ് എടുത്തയാളുടെ മരണത്തെ തുടർന്നോ അല്ലെങ്കിൽ മറ്റേതെങ്കിലും സാഹചര്യത്തിലോ നിലവിലുള്ള ലൈസൻസ് കുടുംബാംഗങ്ങൾക്കോ ബന്ധുക്കൾക്കോ കൈമാറാൻ സാധിക്കുമോ?***

   ഇന്ത്യൻ റബ്ബർ ആക്ട് പ്രകാരം ലൈസൻസുകൾ കൈമാറ്റം ചെയ്യാൻ അനുവദിക്കാത്തതിനാൽ മറ്റുള്ളവർക്ക് ലൈസൻസുകൾ കൈമാറി നൽകാൻ സാധിക്കുന്നതല്ല. അവർ പുതിയ ലൈസൻസ് എടുക്കേണ്ടതാണ്.

# Guard Against the Monsoon!
# Secure Your Latex Tapping Channels with
# ANNA RAINPROOF

(Rain Guarding Compound)

WITH 23 YEARS OF EXPERTISE, OUR EASY-TO-APPLY PASTE REQUIRES NO HEATING AND EFFECTIVELY KEEPS RAINWATER OUT THIS SEASON





## OUR PRODUCT RANGE

- Rain Guarding Compound
- Rain Guarding Plastic / Ribbon
- Rain Guard Tapping Shade
- Kissan Guard Shade
- Stapler Machine / Pin
- Suthali
- Scrapper
- Cup Hanger
- Spout (Chill)
- Latex Collection Cup
- Tapping Knife - Ordinary
- Nadan Tapping Knife
- Jabong Knife
- Gouge Knife
- Sharpening Stone
- Template & Marker
- Rubber Coat - Black
- Rubber Coat - White
- Aluminium Dish
- Aluminium Mug
- Aluminium Bucket
- Tapping Light
- Pathavetty
- Ounce Glass
- Arival
- Pine Apple Knife
- Arippa
- Ammonia
- Lauric Acid
- Copper Oxy Chloride
- COC Fytran
- Motex
- Formic Acid - White
- Formic Acid with PNP
- PNP Powder
- Agrowin Gel
- Ethipone
- Copper Sulphate
- China Clay
- Dolomite
- Chalk Powder
- Lime Shell Powder
- Sodium Sulphate
- Sodium Bi Sulfite
- Sulphur - Dusting / Smoking
- TMTD
- DAHP
- Wetex

IAF

ISO 9001:2015 VEXIL BPS MS Q9133755

NABCB QM022

Rubber Board Approved

**Best & Highest Quality Rubber Tapping Equipments & Materials**

ANNA INDUSTRIES SINCE 1991

**Anna Industries**

(An ISO 9001:2015 Certified Company)

Kolenchery, Cochin, Kerala, Pin: 682 311

Phone:
93 88 60 1632
94 95 00 3366
0484 2764590
0484 2760216

E-mail: sales@annabusiness.com
annaindustries@ymail.com
annatraderskicy@gmail.com
www.annabusiness.com
Toll Free : 1800 1230 366

8. ***ലൈസൻസ് ഉടമകൾ റബ്ബർബോർഡിൽ സമർപ്പിച്ച അപേക്ഷകൾ, റിട്ടേണുകൾ എന്നിവ പിന്നീട് ലഭ്യമാണോ?***

ലൈസൻസ് ഉടമകൾ ഒരിക്കൽ സമർപ്പിച്ച അപേക്ഷകൾ, റിട്ടേണുകൾ, ലൈസൻസിന്റെ വിശദവിവരങ്ങൾ, എന്നിവ കാണുന്നതിനുവേണ്ടി താഴെപ്പറയുന്ന മാർഗ്ഗം ഉപയോഗിക്കാവുന്നതാണ്.
RUBIS Home page >> Login >> Applications & Requests >> Licence History Details.

9. ***'റുബിസ്' (RUBIS) പോർട്ടലിൽ ലോഗിൻ ചെയ്യാൻ പറ്റുന്നില്ലെങ്കിൽ എന്ത് ചെയ്യണം?***

ലൈസൻസ് ഉടമ അവരുടെ ലൈസൻസ് നമ്പർ, ഉടമയുടെ ഫോൺ നമ്പർ എന്നിവ കാണിച്ചുകൊണ്ട് റബ്ബർബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഇ-മെയിൽ ഐഡിയിൽ നിന്ന് പാസ്സ്‌വേർഡ് റീസെറ്റ് ചെയ്യുന്നതിനായി ri@rubberboard.org.in എന്ന ഇ- മെയിൽ വിലാസത്തിൽ അപേക്ഷിക്കുക.

10. ***റബ്ബർ ഉത്പന്നനിർമാതാവ് വാങ്ങിയ റബ്ബർ ഏതെങ്കിലും സാഹചര്യത്തിൽ അവർക്ക് ഉപയോഗിക്കാൻ കഴിയുന്നില്ലെങ്കിൽ അത് വിൽക്കാൻ സാധിക്കുമോ?***

ഒരു മാനുഫാക്ച്ചറർ വാങ്ങിയ റബ്ബർ ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ അവർക്ക് ഉപയോഗിക്കാൻ സാധിക്കുന്നില്ലെങ്കിൽ ആ സാഹചര്യങ്ങൾ വിശദമാക്കിക്കൊണ്ട് അത് വാങ്ങുന്നതിനായി മറ്റൊരു മാനുഫാക്ച്ചററെ കണ്ടുപിടിച്ചതിനുശേഷം ഒരു എമർജൻസി ലൈസൻസിന് അപേക്ഷിക്കാവുന്നതാണ്. നിയമം അനുവദിക്കുന്ന തരത്തിൽ അല്ലാതെയോ ലൈസൻസിന്റെ നിബന്ധനകൾക്ക് വിരുദ്ധമായോ റബ്ബർ വാങ്ങുകയോ വിൽക്കുകയോ ചെയ്യുന്നത് ശിക്ഷാർഹമാണ്.

11. ***കേരളത്തിലുള്ള ഒരു ലൈസൻസിക്ക് മറ്റേതെങ്കിലും സംസ്ഥാനങ്ങളിൽ റബ്ബർ ക്രയവിക്രയത്തിനായി വേറെ ലൈസൻസ് എടുക്കേണ്ടിവരുമോ?***

റബ്ബർബോർഡ് നൽകുന്ന ലൈസൻസുകൾ അഖിലേന്ത്യാ തലത്തിലുള്ളതാണ്. റബ്ബർ ഡീലർ തന്റെ അംഗീകൃത സംഭരണസ്ഥലത്ത് വാങ്ങുന്ന റബ്ബർ ഇന്ത്യയിലെവിടേയും ലൈസൻസുള്ള ആർക്കും വിൽക്കാം. എന്നാൽ, അംഗീകൃത സംഭരണസ്ഥലത്തല്ലാതെ മറ്റൊരു പ്രദേശത്തോ സംസ്ഥാനത്തോ റബ്ബർ സംഭരിച്ച് വിൽപന നടത്തണമെങ്കിൽ അതിനായി നിലവിലുള്ള ലൈസൻസിൽ തന്നെ ബ്രാഞ്ച് ലൈസൻസ് കൂടി എടുത്തിരിക്കണം.

തയ്യാറാക്കിയത്

**സ്ലീബ വി. പോൾ**
(ഫാം ഓഫീസർ)

## റബ്ബർബോർഡ് കോൾസെന്റർ പ്രത്യേക ഫോൺ - ഇൻ പരിപാടി



**റബ്ബറുത്പാദനപ്രോത്സാഹന പദ്ധതി**

പ്രകൃതിദത്തറബ്ബറിന് 'മിനിമം സപ്പോർട്ട് പ്രൈസ്' ഉറപ്പാക്കിക്കൊണ്ട് കേരള സർക്കാർ നടപ്പാക്കിവരുന്ന റബ്ബറുത്പാദന പ്രോത്സാഹന പദ്ധതിയെക്കുറിച്ച് റബ്ബർകർഷകരുടെ ചോദ്യങ്ങൾക്ക് 2025 ഡിസംബർ 23 ചൊവ്വാഴ്ച രാവിലെ പത്തുമുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ ദിലീപ് സി.എൽ. മറുപടി പറയും.

**ഫർണിച്ചർ നിർമാണമേഖലയിൽ റബ്ബർതടിയുടെ പ്രാധാന്യം**

ഫർണിച്ചർ നിർമാണമേഖലയിൽ റബ്ബർതടിയുടെ സാധ്യതകളെക്കുറിച്ചും റബ്ബർതടി ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചുമുള്ള ചോദ്യങ്ങൾക്ക് 2026 ജനുവരി 07 ബുധനാഴ്ച രാവിലെ പത്തുമുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർബോർഡിലെ ജോയിന്റ് ഡയറക്ടർ (എഞ്ചിനീയറിങ്) ടോംസൺ ഫ്രാൻസിസ് കെ. മറുപടി പറയും.

***കോൾസെന്റർ ഫോൺ നമ്പർ 0481 2576622***

## ചൂണ്ടച്ചേരി റബ്ബറുത്പാദകസംഘത്തിൽ റബ്ബർപാൽ സംഭരണം ആരംഭിച്ചു



റബ്ബർബോർഡിന്റെ പാലാ റീജിയണൽ ഓഫീസിന്റെ പരിധിയിലുള്ള ചൂണ്ടച്ചേരി റബ്ബറുത്പാദകസംഘം കവണാർ ലാറ്റക്സ് കമ്പനിയുമായി ചേർന്ന് റബ്ബർ പാൽ സംഭരണം ആരംഭിച്ചു. ചൂണ്ടച്ചേരിയിൽ വെച്ച് നടന്ന യോഗത്തിൽ റബ്ബർബോർഡ് പാലാ റീജിയണൽ ഓഫീസിലെ ഡെവലപ്മെന്റ് ഓഫീസർ വി. സി. ജെയിംസ് റബ്ബർപാൽ സംഭരണം ഉദ്ഘാടനം ചെയ്തു. റബ്ബറുത്പാദകസംഘം പ്രസിഡന്റ് ടോമി ജോർജിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കവണാർ ലാറ്റക്സ് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ രഞ്ജിത് ഡി., കവണാർ ലാറ്റെക്സ് മാർക്കറ്റിങ് അസിസ്റ്റന്റ് സോജൻ പി.റ്റി., ഭരണസമിതി അംഗങ്ങൾ, കർഷകർ തുടങ്ങിയവർ പങ്കെടുത്തു.



**ആദായകരമെങ്കിൽ വേനൽകാലത്തും ടാപ്പിങ് തുടരാം. മരങ്ങൾക്ക് വേനൽകാലവിശ്രമം നൽകേണ്ടതില്ല. മൂന്നു ദിവസത്തിലൊരിക്കൽ വീതമുള്ള ടാപ്പിങ്ങായിരിക്കും ഉത്തമം. മഴക്കാലത്ത് ടാപ്പിങ് സുഗമമാക്കുന്നതിനായി പിടിപ്പിച്ച റെയിൻഗാർഡുകൾ മരങ്ങളിൽനിന്ന് നീക്കം ചെയ്തിട്ടില്ലെങ്കിൽ അവ അഴിച്ചുമാറ്റണം.**



# ജനുവരി മാസത്തെ കൃഷിപ്പണികൾ

നഴ്സറികളിലെ തൈകൾ രാവിലെയും വൈകുന്നേരവും നനച്ചുകൊടുക്കണം. തടങ്ങൾ പൂർണമായി നനയുന്ന രീതിയിൽ നാലുദിവസത്തിലൊരിക്കൽ വീതം നനച്ചാൽ മതിയാകും. വലിയ നഴ്സറികളിൽ മൊത്തം സ്ഥലത്തെ പലതായി വിഭജിച്ച് ഓരോ ഭാഗം ഓരോ ദിവസം നനച്ചുകൊടുക്കുന്നതാണ് കുടുതൽ സൗകര്യപ്രദം. കൂടതൈകൾ വൈകുന്നേരം നനയ്ക്കുന്നതാണ് കൂടുതൽ നല്ലത്. തൈകൾക്ക് ആവശ്യത്തിന് തണൽ നൽകുകയും വേണം.

## കൃഷിയിടത്തിൽ

റബ്ബർതൈകളിൽ *കൊറിനിസ്പോറ* ഇലപ്പുള്ളി രോഗം കാണപ്പെടുന്നത് വേനൽകാലത്താണ്. ഇലകളിൽ അങ്ങിങ്ങായി ചെറുതും വലുതുമായ പൊട്ടുകൾ കാണപ്പെടുന്നതാണ് രോഗത്തിന്റെ ആരംഭം. പിന്നീടവ യോജിച്ച് ഒന്നായിത്തീരുകയും ഇലകൾ കൊഴിയുകയും ചെയ്യും. ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രം, 0.2 ശതമാനം മാങ്കോസെബ്, 0.05 ശതമാനം കാർബെൻഡാസിം, കോപ്പർ ഓക്സിക്ലോറൈഡ് (WP) 2.5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലർത്തിയത്, എണ്ണയിൽ കലർത്താവുന്ന കോപ്പർ ഓക്സിക്ലോറൈഡ് ഒരു കിലോഗ്രാം 5 ലിറ്റർ സ്പ്രേ ഓയിലിൽ കലർത്തിയത് എന്നിവയിലേതെങ്കിലും സ്പ്രേ ചെയ്ത് രോഗം വ്യാപിക്കുന്നത് തടയാൻ സാധിക്കും.

റബ്ബർമരങ്ങളിൽ തളിരിലകൾ വരുന്ന ഇക്കാലത്ത് അവയെ പൊടിക്കുമിൾരോഗം ബാധിക്കുക സാധാരണമാണ്. മഞ്ഞുള്ളതും ഇടയ്ക്കിടെ നേരിയതോതിൽ പെയ്യുന്ന മഴയുള്ളതുമായ കാലാവസ്ഥ രോഗം വ്യാപിക്കുന്നതിന് അനുകൂലമാണ്. തുടക്കത്തിൽ തളിരിലകളിൽ വെളുത്ത പൂപ്പൽ പൊടിപോലെ പറ്റിപ്പിടിച്ചിരിക്കുന്നതു കാണാം. രോഗം ബാധിച്ച തളിരിലകൾ ഉണങ്ങിച്ചുരുണ്ട് കൊഴിഞ്ഞുപോകുന്നു. അനുകൂല കാലാവസ്ഥയിൽ രോഗം പല തവണ ആവർത്തിച്ചേക്കാം. ഇലകൾ കൊഴിഞ്ഞുപോകുകയും ചെയ്യും. തോട്ടത്തിലെ പത്തു ശതമാനം മരങ്ങളിൽ തളിരിലകൾ ഉണ്ടായിക്കഴിഞ്ഞാൽ അപ്പോൾ മുതൽ തണുപ്പുകാലം തീരുന്നതുവരെ 325 മെഷ് വലിപ്പമുള്ള ഗന്ധകപ്പൊടി 7-14 ദിവസം ഇടവേളയിൽ തൂളിക്കൊടുത്ത് രോഗത്തെ ഫലപ്രദമായി തടയാം. ഇലകളിൽ മഞ്ഞുതുള്ളികളുടെ നനവ് നിൽക്കുന്ന പ്രഭാതസമയങ്ങളിൽ ഇതു ചെയ്യുന്നതാണ് ഏറ്റവും ഫലപ്രദം. ഗന്ധകപ്പൊടിയും ടാൽക് പൗഡറുംകൂടി 70:30 എന്ന അനുപാതത്തിൽ ചേർത്ത മിശ്രിതമാണ് ഇതിനുപയോഗിക്കുന്നത്.

ചെറുതൈകൾക്ക് വെറ്റബിൾ സൾഫർ രണ്ടര ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ലയിപ്പിച്ച് 7-10 ദിവസത്തിലൊരിക്കൽ വീതം





സ്പ്രേ ചെയ്തുകൊടുത്താൽ മതിയാകും. കാർബെൻഡാസിം തളിക്കുന്നതാണ് രോഗനിയന്ത്രണത്തിനുള്ള മറ്റൊരു മാർഗം. വെറ്റബിൾ സൾഫറും കാർബെൻഡാസിമും മാറി മാറി പ്രയോഗിക്കുകയാണെങ്കിൽ ഫലസാദ്ധ്യതയേറും.

റബ്ബർമരങ്ങളിൽ തറനിരപ്പിൽനിന്ന് രണ്ടരമീറ്റർ വരെ ഉയരത്തിൽ ശാഖകളുണ്ടാകാൻ അനുവദിക്കുന്നത് പിന്നീട് അവയിലെ ടാപ്പിങ് ദുഷ്കരമാക്കും. അനാവശ്യമായ ശാഖകൾ മൂർച്ചയുള്ള കത്തി ഉപയോഗിച്ച് തായ്ത്തടിയോടുചേർത്ത് മുറിച്ചുമാറ്റണം.



## വേനൽകാലസംരക്ഷണം

കൃഷിയിടങ്ങളിലെ തൈകൾക്ക് വേനൽകാലസംരക്ഷണം നൽകേണ്ടതുണ്ട്. ചെറുതൈകൾക്ക് തണൽ നൽകുകയും ചവറുവെയ്ക്കുകയും ചെയ്യാം. തൈകളുടെ ചുവട്ടിൽനിന്ന് അഞ്ചുമുതൽ ഏഴര വരെ സെ.മീ. അകലത്തിൽവേണം ചവറുവയ്ക്കാൻ. രണ്ടാം വർഷം മുതൽ ശിഖരങ്ങൾ തമ്മിൽ കൂട്ടിമുട്ടുന്ന പ്രായം വരെ തൈകളുടെ തായ്ത്തടിയിൽ (ഒട്ടുബന്ധം മുതൽ ആദ്യ ശിഖരം വരെ) വെള്ള പൂശാം. ഇതിനായി ചുണ്ണാമ്പുലായനി തയ്യാറാക്കുമ്പോൾ അതിനൊപ്പം തുരിശ് ചേർക്കേണ്ടതില്ല. ചൈനാക്ലേലായനി പുരട്ടുന്നതിനെക്കാൾ ചുണ്ണാമ്പുലായനി പുരട്ടുന്നതാണ് ഫലപ്രദം.

വേനൽകാലത്ത് റബ്ബർതോട്ടങ്ങളിൽ അഗ്നിബാധയ്ക്ക് സാധ്യതയേറുമെന്നതിനാൽ വേനലിന്റെ തുടക്കം മുതൽതന്നെ ഇതിനെതിരായി മുൻകരുതലുകൾ സ്വീകരിക്കണം. തോട്ടത്തിന് നാലുചുറ്റും മൂന്നു മുതൽ അഞ്ച് വരെ മീറ്റർ വീതിയിൽ ചെടികളും കരിയിലകളും നീക്കി തെളിച്ച് ഒരു ഫയർബെൽറ്റ് നിർമിക്കാം. ഇങ്ങനെ തെളിച്ച ഭാഗത്ത് വീഴുന്ന ഉണക്കയിലകൾ തുടർന്നും നീക്കം ചെയ്തുകൊണ്ടിരിക്കണം.

## ടാപ്പിങ്

ആദായകരമെങ്കിൽ വേനൽകാലത്തും ടാപ്പിങ് തുടരാം. മരങ്ങൾക്ക് വേനൽകാലവിശ്രമം നൽകേണ്ടതില്ല. മൂന്നു ദിവസത്തിലൊരിക്കൽ വീതമുള്ള ടാപ്പിങ്ങായിരിക്കും ഉത്തമം. മഴക്കാലത്ത് ടാപ്പിങ് സുഗമമാക്കുന്നതിനായി പിടിപ്പിച്ച റെയിൻഗാർഡുകൾ മരങ്ങളിൽനിന്ന് നീക്കം ചെയ്തിട്ടില്ലെങ്കിൽ അവ അഴിച്ചുമാറ്റണം. കേടുപാടുകൾ പറ്റാതെ ശ്രദ്ധാപൂർവം അഴിച്ചുമാറ്റിയാൽ റെയിൻഗാർഡുകൾ വീണ്ടും ഉപയോഗിക്കാൻ സാധിക്കും. •

# നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് പരിശീലനപരിപാടികൾ

## 2026 ജനുവരി മാസത്തെ പരിശീലനപരിപാടികൾ

1. **തേനീച്ചവളർത്തൽ**
   റബ്ബർകൃഷിയോടൊപ്പം അനുബന്ധവരുമാനമാർഗമായി റബ്ബർതോട്ടങ്ങളിൽ തേനീച്ചവളർത്തുന്നതിൽ ഏകദിനപരിശീലനം ജനുവരി 2-ന് നടക്കും. റബ്ബർകർഷകർ, റബ്ബറുത്പാദകസംഘങ്ങളിലെയും സ്വാശ്രയസംഘങ്ങളിലെയും അംഗങ്ങൾ തുടങ്ങിയവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. പരിശീലനഫീസ് 600 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

2. **റബ്ബർകൃഷി**
   റബ്ബർകൃഷിപരിപാലനത്തിൽ ഹ്രസ്വകാലപരിശീലനം ജനുവരി 5 മുതൽ 9 വരെയുള്ള തീയതികളിൽ നടക്കും. പുതിയ റബ്ബറിനങ്ങൾ, നടീൽസമ്പ്രദായങ്ങൾ, വളമിടൽ, രോഗകീടങ്ങളുടെ നിയന്ത്രണമാർഗങ്ങൾ, ടാപ്പിങ്, റബ്ബർപാൽ സംസ്കരണം എന്നിവ പരിശീലനപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കർഷകർ, തോട്ടംമാനേജർമാർ, നഴ്സറിയുടമകൾ, തോട്ടം മേഖലയിൽ നിന്നുള്ളവർ എന്നിവർക്ക് അപേക്ഷിക്കാവുന്നതാണ്. പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനഫീസ് പ്രതിദിനം 1500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

3. **രോഗ-കീട നിവാരണം**
   റബ്ബറിനെ ബാധിക്കുന്ന രോഗ-കീടങ്ങളെ നിവാരണം ചെയ്യുന്നതിനെക്കുറിച്ചുള്ള ഏകദിനപരിശീലനം (ഓൺലൈൻ) ജനുവരി 09-ന് നടത്തും. പരിശീലനഫീസ് 100 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

4. **റബ്ബർകൃഷി (വടക്കുകിഴക്കൻ മേഖലയിലെയും പാരമ്പര്യേതര മേഖലയിലെയും കർഷകർക്ക്)**
   വടക്കുകിഴക്കൻ മേഖലയിലെയും പാരമ്പര്യേതര മേഖലയിലെയും കർഷകർക്കായി റബ്ബർകൃഷിപരിപാലനത്തിൽ ഹ്രസ്വകാലപരിശീലനം ജനുവരി 12 മുതൽ 14 വരെയുള്ള തീയതികളിൽ നടക്കും. പുതിയ റബ്ബറിനങ്ങൾ, നടീൽസമ്പ്രദായങ്ങൾ, വളമിടൽ, രോഗ-കീടങ്ങളുടെ നിയന്ത്രണം, ടാപ്പിങ്, റബ്ബർപാൽ സംസ്കരണം എന്നിവ പരിശീലനപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പരിശീലനഫീസ് 1000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).



5. **റബ്ബർപാലിൽ നിന്നുള്ള ഉത്പന്നനിർമാണം**
   റബ്ബർപാലിൽ നിന്ന് വിവിധതരം ഉത്പന്നങ്ങൾ നിർമിക്കുന്നതിനെക്കുറിച്ചുള്ള പരിശീലനം ജനുവരി 12 മുതൽ 18 വരെയുള്ള തീയതികളിൽ നടക്കും റബ്ബർപാൽ അധിഷ്ഠിത വ്യവസായങ്ങൾ. ലാറ്റക്സ് കോമ്പൗണ്ടിങ്, പ്രോഡക്ട് ഡിസൈൻ, റബ്ബർ ബാന്റ്, കയ്യുറകൾ, ഫോം റബ്ബർ, പശകൾ, ബലൂണുകൾ എന്നിവയുടെ നിർമാണം, ഉത്പന്നങ്ങളുടെ ഗുണമേന്മ നിയന്ത്രിക്കുന്ന ഘടകങ്ങൾ എന്നിവ കോഴ്സിൽ ഉൾപ്പെടുന്നു. പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനഫീസ് 5000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).
6. **ഷീറ്റുറബ്ബർ സംസ്കരണം, തരംതിരിക്കൽ**
   ഷീറ്റുറബ്ബർ സംസ്കരണം, തരംതിരിക്കൽ എന്നിവയിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർപാൽ സംഭരണം, ഷീറ്റുറബ്ബർ നിർമാണം, പുകപ്പുരകൾ, ഗ്രേഡിങ് സംബന്ധിച്ച ഗ്രീൻബുക്ക് നിബന്ധനകൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം ജനുവരി 19, 20 തീയതികളിൽ നടക്കും. കർഷകർ, വ്യാപാരികൾ, റബ്ബർപാൽ സംസ്കരണത്തിലേർപ്പെട്ടിരിക്കുന്നവർ, ഷീറ്റുനിർമാതാക്കൾ, ഉത്പന്നനിർമാതാക്കൾ തുടങ്ങിയവർക്ക് പരിശീലനം പ്രയോജനപ്പെടും. പരിശീലനഫീസ് 1500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).
7. **റബ്ബർടാപ്പിങ്**
   റബ്ബർടാപ്പിങ്ങിലുള്ള പരിശീലനം ജനുവരി 20, 21 തീയതികളിൽ നടക്കും. നൂതന ടാപ്പിങ്രീതികൾ ഉത്തേജകൗഷധപ്രയോഗം, ഇടവേള കൂടിയ ടാപ്പിങ്, നിയന്ത്രിതകമിഴ്ത്തിവെട്ട് എന്നിവയിൽ പരിശീലനം നൽകും. പരിശീലനഫീസ് 1100 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).
8. **റബ്ബർനടീൽ, പരിപാലനം**
   റബ്ബറിന്റെ നടീൽരീതികൾ, പരിപാലനം, ഇടവിളക്കൃഷി, കളനാശനം എന്നിവയുൾക്കൊള്ളിച്ചുകൊണ്ടുള്ള ഏകദിനപരിശീലനം (ഓൺലൈൻ) ജനുവരി 23-ന് നടക്കും. പരിശീലനഫീസ് 100 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).
9. **മികച്ച കാർഷികരീതികൾ**
   മികച്ച കാർഷികരീതികൾ (Good Agricultural Practices) എന്ന വിഷയത്തിലുള്ള പരിശീലനം ജനുവരി 27, 28 തീയതികളിൽ നടക്കും. റബ്ബർതോട്ടങ്ങളിൽ മികച്ച കാർഷികരീതികളിലൂടെ ചെലവ് കുറച്ചുകൊണ്ട് ഉത്പാദനം വർദ്ധിപ്പിക്കുക എന്നതാണ് പരിശീലനോദ്ദേശ്യം. എസ്റ്റേറ്റ് മേഖലയിലുള്ളവർക്കും കർഷകർക്കും ഈ പരിശീലനം പ്രയോജനപ്പെടും. പരിശീലനഫീസ് 1750 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).
10. **റബ്ബർവ്യവസായം**
    റബ്ബർവ്യവസായസംരംഭകരാകാൻ താൽപര്യമുള്ളവർക്കായി പരിശീലനപരിപാടി (ഓൺലൈൻ) ജനുവരി 30-ന് നടക്കും. ഷീറ്റുറബ്ബർ സംസ്കരണം, റബ്ബർപാലിൽ നിന്നും ഉണക്കറബ്ബറിൽ നിന്നുമുള്ള ഉത്പന്നങ്ങളുടെ നിർമാണം എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് പരിശീലനം. പരിശീലനഫീസ് 100 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

പട്ടികജാതി-പട്ടികവർഗത്തിൽപെട്ടവർക്ക്, ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം, ഫീസിൽ 50 ശതമാനം ഇളവ് ലഭിക്കുന്നതാണ്. താമസസൗകര്യം ആവശ്യമുള്ളവർ ദിനംപ്രതി 454 രൂപ അധികം നൽകണം. റബ്ബറുത്പാദകസംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളവർ അംഗത്വസർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ തെരഞ്ഞെടുക്കപ്പെട്ട പരിശീലനങ്ങൾക്ക് ഫീസിൽ 25 ശതമാനം ഇളവ് നൽകും.

പരിശീലനവുമായി ബന്ധപ്പെട്ട പുതുക്കിയ വിവരങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അറിയുന്നതിനായി https://www.facebook.com/RubberBoardofIndia എന്ന ഫേസ്ബുക്ക് പേജിലോ വാട്ട്സ് ആപ്പിലോ (04812353201), 9497317209 (വ്യവസായം), 9446428554 (കൃഷി, വിജ്ഞാനവ്യാപനം) എന്നീ ഫോൺനമ്പരുകളിലോ ബന്ധപ്പെടുക.



173 മായുന്ന ഗ്രാമക്കാഴ്ചകൾ, മറയുന്ന ഗ്രാമനന്മകൾ



മുരളീധരൻ തഴക്കര

# 'കല്ലാടും മുറ്റത്ത് നെല്ലാടില്ല'

അധ്വാനശീലം പാടേ ഉപേക്ഷിച്ച് മണ്ണിൽ നിന്നു കാലു വലിച്ച് ആലസ്യത്തിലാണ്ടുപോയ തലമുറയോട് സംവദിക്കുന്ന സുഭാഷിതമാണീ പഴമൊഴി. ഇക്കുറി 2025 പടിയിറങ്ങുന്ന ഈ ലക്കം മറയുന്ന ഗ്രാമനന്മയോടു ചേർന്ന ഈ പഴമൊഴിയാകട്ടെ. കല്ലും നെല്ലും മുറ്റവും ചേരുംപടി ചേർത്തു വെച്ച് ഏതോ പഴവന്മാർ മെനഞ്ഞെടുത്ത ഈ പഴമൊഴി വർത്തമാനകാലത്തിന് നേരേ പിടിച്ച കണ്ണാടിയാണ്. ഈ പഴഞ്ചൊല്ലിലെ കല്ലാടൽ എന്ന പ്രയോഗം പഴയ കാലത്തെ കുട്ടികൾ വീടിന്റെ ഉമ്മറത്തോ മുറ്റത്തോ ഇരുന്ന് കല്ലുകളിക്കുന്നതിനെയാകാം ഉദ്ദേശിക്കുന്നത്. എന്നാൽ ഈ പുതിയകാലത്ത് കുട്ടികൾക്കായാലും മുതിർന്നവർക്കായാലും മൊബൈൽഫോൺ തന്നെയാണ് കളിപ്പാട്ടം! നമ്മളിലേറെപ്പേരും മൊബൈലിൽ മിഴിനട്ടിരിക്കയാണ്. തന്നെയുമല്ല ക്രിക്കറ്റും സീരിയലും യൂട്യൂബ്കാഴ്ചകളുമെല്ലാം പഴയകാലത്തെ കല്ലുകളിയുടെ നവീനഭാവങ്ങളാണ്. നെല്ലാടില്ല എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് മണ്ണിലേക്കിറങ്ങാതെ കളിച്ചുല്ലസിച്ച് നടന്നാൽ വിശപ്പാറ്റാൻ ഭക്ഷണാവശ്യത്തിനുള്ള ധാന്യങ്ങളും മറ്റ് കാർഷികോല്പന്നങ്ങളും വിളയിച്ചെടുക്കാൻ കഴിയാതെ ആഹാരാവശ്യത്തിന് അന്യാശ്രയത്വം വേണ്ടി വരുമെന്നുമാണ് ഈ ചൊല്ല് ഓർമിപ്പിക്കുന്നത്.

വേല ചെയ്യാത്തവന് ഉണ്ണാൻ അതായത് ഭക്ഷണം കഴിക്കാൻ അവകാശമില്ലെന്നത് മഹാനായ ലെനിന്റെ ഉദ്ബോധനമാണ്. നിന്റെ നെറ്റിത്തടത്തിലെ വിയർപ്പിന്റെ ബാക്കിപത്രമാകണം നിന്റെ അപ്പം എന്ന ക്രിസ്തുയേശുവിന്റെ വചനവും ഇതുതന്നെയാണ് വെളിവാക്കുന്നത്. രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ കൈവെള്ളയിലേക്ക് നോക്കി സ്വയം ചോദിക്കണം ഇന്നു ഞാൻ ആഹരിച്ച ഭക്ഷണത്തിൽ ഈ കൈകളാൽ അദ്ധ്വാനിച്ച് വിളയിച്ചെടുത്തവ എത്രയുണ്ട്? മഹത്തായ ഈ ഉദ്ബോധനങ്ങളുടെ സാരാംശവും ഈ പഴഞ്ചൊല്ലിന്റെ സാരസംഗ്രഹവും സമാനമാണ്. 'പാട്ടു കേൾക്കാൻ ആർക്കു സൗഖ്യം പട്ടിണിയായ് കിടക്കുമ്പോൾ' എന്ന് കുഞ്ചൻ നമ്പ്യാർ ചോദിക്കുന്നതും ഒരു പക്ഷേ ഈ പഴമൊഴിയുടെ അന്തസ്സത്തയുൾക്കൊണ്ടാകാം. മനുഷ്യന്റെ ഏറ്റവും വലിയ വികാരം വിശപ്പാണ്. പട്ടിണിയും പരിവട്ടവുമായി വിശന്നു വലയുന്നവന് പാട്ടും ആട്ടവും ക്രിക്കറ്റും കമ്പ്യൂട്ടറുമൊന്നും യാതൊരു പ്രാധാന്യവും ഇല്ലാത്ത വയാകും. കൈകാലുകൾ ചലിക്കണമെങ്കിൽ, ഇന്ദ്രിയങ്ങൾ പ്രവർത്തിക്കണമെങ്കിൽ ആഹാരം കൂടിയേ തീരൂ. കല്ലാടുക എന്നത് വിനോദത്തിന്റെ അഥവാ കളിയുടെ സൂചകമാണ്.

അദ്ധ്വാനം മനുഷ്യന്റെ സഹജ സ്വഭാവമല്ല എന്നാൽ അലസത സന്തതസഹചാരിയുമാണ്. അലസത വെടിഞ്ഞ് കർമ്മനിരതരാകണമെന്ന ഓർമ്മപ്പെടുത്തലാണ് 'കല്ലാടും മുറ്റത്ത് നെല്ലാടില്ല' എന്ന ഈ പഴമൊഴി നിർവഹിക്കുന്നത്. ഇപ്പോൾ തന്നെ സർക്കാരിന്റെ കണക്കനുസരിച്ച് അയൽസംസ്ഥാനങ്ങളിൽ നിന്നുള്ള ഏകദേശം മുപ്പത്തിയഞ്ച് ലക്ഷത്തിലധികം തൊഴിലാളികൾ കേരളത്തിൽ പണിയെടുത്ത് ജീവിക്കുന്നുണ്ട്. യഥാർത്ഥത്തിൽ അദ്ധ്വാനം ഇറക്കുമതി ചെയ്യേണ്ട ഈ അവസ്ഥാവിശേഷത്തിന് കാരണം ആലസ്യത്തിലാണ്ടുപോയ കേരളീയ മനസ്സല്ലേ?

'നമിക്കിലുയരാം നടുകിൽ തിന്നാം നൽകുകിൽ നേടീടാം' എന്ന വരികളും ഈ പഴമൊഴിയോടു ചേർത്തുവെക്കാം. തിന്നാൻ കഴിയണമെങ്കിൽ എന്തെങ്കിലും കാർഷികവിളകൾ നട്ടുനനച്ചു വളർത്തിയേ തീരൂ. മണ്ണിലിറങ്ങി പണിയെടുത്തേ മതിയാകൂ. ജനസംഖ്യ അനുദിനം വർദ്ധിക്കയാണ്. 2025 അവസാനിക്കുമ്പോൾ ഭാരതത്തിലെ ജനസംഖ്യ 146 കോടി അധികരിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. അതായത് ജനപ്പെരുപ്പത്തിൽ ചൈനയെ പിന്തള്ളുമെന്നാണ് കണക്കുകൂട്ടൽ. ചുരുക്കത്തിൽ നൂറ്റിനാൽപത്തിയാറ് കോടിയിലേറെ വരുന്ന ജനസഞ്ചയത്തിന്റെ വിശപ്പാറ്റാൻ ഭക്ഷ്യോത്പാദനം സാദ്ധ്യമാക്കുക എന്നത് രാജ്യം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ്. എല്ലാ വീട്ടുമുറ്റങ്ങളിലും നെല്ലാടിയാലേ ഈ വെല്ലുവിളിയെ അതിജീവിക്കാൻ കഴിയൂ. എല്ലാം വിലകൊടുത്ത് വിപണിയിൽ നിന്നു വാങ്ങി ഉദരപൂരണം നടത്തി, ശരീരം അനങ്ങാതെയും വിയർക്കാതെയുമുള്ള ആലസ്യപൂർണമായ ഇന്നത്തെ ജീവിതരീതി നമ്മെ രോഗികളാക്കി മാറ്റുന്നു എന്നത് ഇതിന്റെ മറ്റൊരു ദുരന്തപർവമാണ്. ഏതാണ്ട് പതിനേഴര ലക്ഷത്തോളം പ്രമേഹരോഗികൾ കേരളത്തിലുണ്ടെന്നാണ് ഏകദേശ കണക്ക്. രക്തസമ്മർദ്ദവും ഹൃദ്രോഗവും സർവ്വസാധാരണമായിരിക്കുന്നു. എന്നതെല്ലാം

ഇതിനോട് ചേർത്തു കാണേണ്ടതുണ്ട്. മൂന്നു നേരവും ചോറുണ്ണുകയും മരച്ചീനിയും വെളിച്ചെണ്ണയും മറ്റും ഇഷ്ടാനുസരണം ആഹരിക്കുകയും ചെയ്തിരുന്ന നമ്മുടെ പഴയതലമുറ അരോഗദൃഢഗാത്രരായിരുന്നു. അതിനുള്ള കാരണം ലളിതമാണ്, നന്നായി ഭക്ഷണം കഴിയ്ക്കുന്നതോടൊപ്പം എല്ലുമുറിയെ അധ്വാനിക്കുകയും ചെയ്യുമായിരുന്നു. അവരുടെ ശരീരത്തിൽ കൊഴുപ്പ് കട്ടപിടിച്ച് അടിഞ്ഞുകൂടിയിരുന്നില്ല. മണ്ണിൽ പണിയെടുക്കുമ്പോൾ ആഹരിക്കുന്ന കൊഴുപ്പത്രയും വിയർപ്പിനൊപ്പം അലിഞ്ഞ് പുറന്തള്ളപ്പെടുന്നു! ശാരീരികാദ്ധ്വാനം ഇവിടെ ആരോഗ്യപൂർണമായ ജീവിതത്തിനുള്ള സിദ്ധൗഷധമായി മാറുന്നു.

ഉഴാൻകാലത്ത് ഊരു ചുറ്റി നടന്നിട്ട് കൊയ്യാൻ കാലത്ത് അരിവാളുമായി വന്നാലോ?

കൊന്ന പൂക്കുമ്പോൾ ഉറങ്ങിയാൽ മരുതു പൂക്കുമ്പോൾ പട്ടിണി.

ഇരുന്നുണ്ണരുത് കിടന്നുറങ്ങരുത്.

ചേറ്റിൽ കുത്തുന്ന കൈ ചോറ്റിലും കുത്താം.

ഇരന്നുണ്ട ചോറിനേക്കാൾ, ഉഴുതുണ്ട ചോറിന് രുചിയേറും.

ഇങ്ങനെ കൃഷിയുടേയും അദ്ധ്വാനത്തിന്റെയും മഹത്വം വിളിച്ചോതുന്ന പഴമൊഴികൾ നിരവധിയാണ്. നമ്മുടെ ജീവിതത്തിനു വേണ്ടതെല്ലാം തരുന്ന സർവ്വംസഹയായ ഭൂമിമാതാവിനെ സ്പർശിക്കാതെ, മണ്ണിൽ ചവിട്ടാതെ വളരുന്ന ഒരു തലമുറയോടാണ് ഈ പഴമൊഴികൾ സംവദിക്കുന്നത്. മണ്ണിന്റെ നന്മയെ തൊട്ടറിയാത്തവർക്ക് കൃഷിയോടും പശുവിനോടും കോഴിയോടുമൊക്കെ എങ്ങനെയാണ് ഇഴയടുപ്പമുണ്ടാകുക? നമുക്കെല്ലാവർക്കും തവിടുകളയാത്ത മട്ടയരി തന്നെ വേണം. പക്ഷേ നെല്ലും നെൽപാടവും വേണ്ട. വിഷം തീണ്ടാത്ത ജൈവ പച്ചക്കറികളും പഴങ്ങളും വേണം പക്ഷേ പച്ചക്കറികളും ഫലവർഗ്ഗങ്ങളും നട്ടുനനച്ചു വളർത്താൻ നേരമില്ല. എല്ലാവർക്കും പതയടങ്ങാത്ത ശുദ്ധമായപാലു വേണം ആർക്കും പശുവും തൊഴുത്തും വേണ്ട. നല്ല മഞ്ഞക്കരു വേണ്ടത്രയുള്ള നാടൻ കോഴിമുട്ട തന്നെ വേണം പക്ഷേ കോഴിയും കോഴിക്കൂടും വേണ്ട. ആധുനിക കേരളീയ മനസ്സും ചിന്തയും ഇതാണ്. നമുക്കാവശ്യമായ ആഹാരത്തിന്റെ ഒരു ചെറിയ ഭാഗമെങ്കിലും സ്വന്തം അദ്ധ്വാനത്തിലൂടെ ഉത്പാദിപ്പിച്ചെടുക്കാതെ ഭക്ഷണം കഴിക്കുന്നത് അധാർമ്മികമാണെന്ന മഹാത്മജിയുടെ കാഴ്ച്ചപ്പാടിലേക്ക് മടങ്ങാനുള്ള ആഹ്വാനംകൂടിയായി ഈ പഴമൊഴിയെ കാണണം! പുതിയ വർഷം കാർഷിക സമ്പൽസമൃദ്ധിയുടേതാകട്ടെ. എല്ലാ വീട്ടിലും കൃഷി, സകുടുംബ കൃഷിയിലൂടെ ആരോഗ്യവും ആഹ്ലാദവും എന്ന ഉദാത്ത നന്മയിലേക്കുള്ള വഴികാട്ടിയാകട്ടെ ഈ പഴമൊഴി. •


## റബ്ബർമാസിക- പരസ്യനിരക്കുകൾ

റബ്ബർമാസികയുടെ പരസ്യനിരക്കുകൾ
(5 ശതമാനം ജി.എസ്.റ്റി. സഹിതം) താഴെച്ചേർക്കുന്നു.




| | | |
|---|---|---|
| ബാക്ക് കവർ (കളർ) | - | 13860 രൂപ |
| ഫ്രണ്ട് ഇൻസൈഡ് (കളർ) | - | 9975 രൂപ |
| ബാക്ക് ഇൻസൈഡ് (കളർ) | - | 9975 രൂപ |
| സെന്റർ സ്പ്രെഡ് (കളർ/ ബ്ലാക്ക് & വൈറ്റ്) | - | 16800 രൂപ |
| ഇൻസൈഡ് ഫുൾ പേജ് (കളർ/ ബ്ലാക്ക് & വൈറ്റ്) | - | 8400 രൂപ |
| ഇൻസൈഡ് 1/2 പേജ് (കളർ/ ബ്ലാക്ക് & വൈറ്റ്) | - | 4200 രൂപ |
| ഇൻസൈഡ് 1/4 പേജ് (കളർ/ ബ്ലാക്ക് & വൈറ്റ്) | - | 2100 രൂപ |
| ഇൻസൈഡ് 1/8 പേജ് (കളർ/ ബ്ലാക്ക് & വൈറ്റ്) | - | 1313 രൂപ |

പരസ്യം നൽകാൻ ആഗ്രഹിക്കുന്നവർ തയ്യാറാക്കിയ പരസ്യത്തിന്റെ സോഫ്റ്റ് കോപ്പി, പരസ്യം നൽകാൻ ആഗ്രഹിക്കുന്ന ലക്കത്തിന്റെ തൊട്ടുമുൻപത്തെ മാസം 15-ാം തീയതിക്കകം നൽകേണ്ടതാണ്. എഡിറ്റർ, റബ്ബർ മാസിക, കോട്ടയം-2 എന്ന വിലാസത്തിൽ അയച്ചു തരികയോ ppr@rubberboard.org.in എന്ന വിലാസത്തിലേക്ക് ഇ-മെയിൽ ചെയ്യുകയോ ചെയ്യാം. പരസ്യത്തുക സെക്രട്ടറി, റബ്ബർബോർഡ്, കോട്ടയം-2 എന്ന വിലാസത്തിലുള്ള ഡിമാന്റ് ഡ്രാഫ്റ്റായി അയയ്ക്കുകയോ റബ്ബർബോർഡിന്റെ കേന്ദ്ര ഓഫീസിൽ നേരിട്ട് അടയ്ക്കുകയോ ചെയ്യാം.

# റബ്ബർവില കഴിഞ്ഞമാസം (രൂപ/ക്വിന്റൽ)

| തീയതി | ആഭ്യന്തരവില | | | | | അന്താരാഷ്ട്രവില | |
|---|---|---|---|---|---|---|---|
| | കോട്ടയം | | | കൊച്ചി | | ബാങ്കോക്ക് | |
| | ആർഎസ്എസ് 4 | ആർഎസ്എസ് 5 | 60% ലാറ്റക്സ് | ആർഎസ്എസ് 4 | ആർഎസ്എസ് 5 | ആർഎസ്എസ് 3 | ആർഎസ്എസ് 4 |
| 2025 നവംബർ 1 | 18600 | 18250 | അവധി | 18600 | 18250 | അവധി | അവധി |
| 2025 നവംബർ 2 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2025 നവംബർ 3 | 18500 | 18150 | 12365 | 18500 | 18150 | 18664 | 18582 |
| 2025 നവംബർ 4 | 18400 | 18050 | 12260 | 18400 | 18050 | 18356 | 18274 |
| 2025 നവംബർ 5 | 18400 | 18050 | 12260 | 18400 | 18050 | 18102 | 18020 |
| 2025 നവംബർ 6 | 18400 | 18050 | 12365 | 18400 | 18050 | 18171 | 18090 |
| 2025 നവംബർ 7 | 18400 | 18050 | 12470 | 18400 | 18050 | 18293 | 18211 |
| 2025 നവംബർ 8 | 18500 | 18100 | അവധി | 18500 | 18100 | അവധി | അവധി |
| 2025 നവംബർ 9 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2025 നവംബർ 10 | 18500 | 18100 | 12470 | 18500 | 18100 | 18440 | 18358 |
| 2025 നവംബർ 11 | 18600 | 18200 | 12575 | 18600 | 18200 | 18691 | 18609 |
| 2025 നവംബർ 12 | 18700 | 18200 | 12575 | 18700 | 18200 | 18675 | 18593 |
| 2025 നവംബർ 13 | 18700 | 18200 | 12575 | 18700 | 18200 | 18645 | 18563 |
| 2025 നവംബർ 14 | 18700 | 18200 | 12520 | 18700 | 18200 | 18746 | 18663 |
| 2025 നവംബർ 15 | 18600 | 18200 | അവധി | 18600 | 18200 | അവധി | അവധി |
| 2025 നവംബർ 16 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2025 നവംബർ 17 | 18600 | 18100 | 12520 | 18600 | 18100 | 18749 | 18667 |
| 2025 നവംബർ 18 | 18500 | 18100 | 12470 | 18500 | 18100 | 18748 | 18666 |
| 2025 നവംബർ 19 | 18500 | 18100 | 12470 | 18500 | 18100 | 18930 | 18848 |
| 2025 നവംബർ 20 | 18600 | 18100 | 12575 | 18600 | 18100 | 19113 | 19031 |
| 2025 നവംബർ 21 | 18600 | 18100 | 12630 | 18600 | 18100 | 19336 | 19254 |
| 2025 നവംബർ 22 | 18600 | 18100 | അവധി | 18600 | 18100 | അവധി | അവധി |
| 2025 നവംബർ 23 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2025 നവംബർ 24 | 18600 | 18100 | 12680 | 18600 | 18100 | 19011 | 18929 |
| 2025 നവംബർ 25 | 18600 | 18100 | 12735 | 18600 | 18100 | 19145 | 19063 |
| 2025 നവംബർ 26 | 18550 | 18100 | 12680 | 18550 | 18100 | 19065 | 18982 |
| 2025 നവംബർ 27 | 18550 | 18100 | 12680 | 18550 | 18100 | 19075 | 18992 |
| 2025 നവംബർ 28 | 18550 | 18100 | 12680 | 18550 | 18100 | 19154 | 19071 |
| 2025 നവംബർ 29 | 18550 | 18150 | അവധി | 18550 | 18150 | അവധി | അവധി |
| 2025 നവംബർ 30 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| **ശരാശരി** | **18552** | **18122** | **12528** | **18552** | **18122** | **18755** | **18673** |

*തയ്യാറാക്കിയത്: മാർക്കറ്റ് പ്രൊമോഷൻ ഡിവിഷൻ, റബ്ബർബോർഡ്*

# പ്രകൃതിദത്തറബ്ബർമേഖല -പ്രതിമാസാവലോകനം

| ഉത്പാദനവും ഉപഭോഗവും ഇനംതിരിച്ച് | ആഗസ്റ്റ് 2025 | ആഗസ്റ്റ് 2024 | ഏപ്രിൽ 2025 മുതൽ ആഗസ്റ്റ് 2025 വരെ | ഏപ്രിൽ 2024 മുതൽ ആഗസ്റ്റ് 2024 വരെ | ഏപ്രിൽ 2024 മുതൽ മാർച്ച് 2025 വരെ | (3) ഉം (4) ഉം തമ്മിലുള്ള വ്യത്യാസം(+/-) ശതമാനത്തിൽ |
|---|---|---|---|---|---|---|
| | (1) | (2) | (3) | (4) | (5) | (6) |
| **ഉത്പാദനം** (ടൺ) | | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 53600 | 52360 | 175150 | 167660 | 550875 | |
| ബ്ലോക്കുറബ്ബർ | 14500 | 13940 | 74150 | 68675 | 197500 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി.ആർ.സി.) | 9500 | 8850 | 39000 | 39600 | 107350 | |
| മറ്റുള്ളവ | 1400 | 1850 | 5700 | 7065 | 19275 | |
| **ആകെ** | **79000** | **77000** | **294000** | **283000** | **875000** | **3.9** |
| **ഉപഭോഗം*** (ടൺ) | | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 50500 | 42450 | 257700 | 244150 | 584950 | |
| ബ്ലോക്കുറബ്ബർ | 56000 | 59900 | 280900 | 294250 | 680700 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി.ആർ.സി.) | 9500 | 7100 | 47900 | 39700 | 108700 | |
| മറ്റുള്ളവ | 4000 | 2550 | 19500 | 12900 | 35650 | |
| **ആകെ** | **120000** | **112000** | **606000** | **591000** | **1410000** | **2.5** |
| ടയർനിർമ്മാണത്തിനുപയോഗിച്ചത് | 74007 | 77404 | 377713 | 410173 | 946230 | -7.9 |
| **ഇറക്കുമതി/കയറ്റുമതി (ടൺ)** | | | | | | |
| ഇറക്കുമതി (p) | 52653 | 69923 | 213732 | 243842 | 550918 | |
| കയറ്റുമതി (p) | 336 | 196 | 1578 | 1495 | 4839 | |

**2025 ആഗസ്റ്റ് അവസാനത്തെ സ്റ്റോക്ക് (ടൺ)**


| | | | |
|---|---|---|---|
| കർഷകർ | 44000 | ഷീറ്റുറബ്ബർ | 179000 |
| കച്ചവടക്കാർ, സംസ്കർത്താക്കൾ | 86000 | ബ്ലോക്കുറബ്ബർ | 64500 |
| ടയർ നിർമ്മാതാക്കൾ (c) | 106000 | റബ്ബർപാൽ (ഡിആർസി) | 24500 |
| മറ്റു വ്യവസായികൾ | 47000 | മറ്റുള്ളവ | 15000 |
| **ആകെ** | **283000** | **ആകെ** | **283000** |

* ആഭ്യന്തരോത്പാദനവും ഇറക്കുമതിയുമുൾപ്പെടെ, p-ലഭ്യമായ കണക്കുകൾ അനുസരിച്ച്
c- ട്രാൻസിറ്റ് ഉൾപ്പെടെ,
*തയ്യാറാക്കിയത്: സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്ലാനിങ് ഡിവിഷൻ, റബ്ബർബോർഡ്*

# തോട്ടത്തിലാശാൻ

പ്രസന്നൻ ആനിക്കാട്





Alleppey Latex P Ltd
Maniyamkulam, Chennadu P.O, Kottayam- 686581
37 വർഷത്തെ സേവന പാരമ്പര്യം
കർഷകന് പരമാവധി വില
നൽകി റബ്ബർപാൽ സംഭരിക്കുന്നു.
Hazzle Free Transaction.
സുതാര്യമായ ബാങ്ക് ഇടപാടുകൾ, കൃത്യമായ അളവ്, തൂക്കം DRC
Assured Market.
കേരളത്തിലെ വിപണി വിലയ്ക്കു വിൽക്കുവാൻ കൃഷിക്കാർക്ക് എല്ലാ ദിവസവും അവസരം.
94953 61444
89431 51444
GRR
GroRight Rubber
Nitte, Karkala Thaluk, Udupi dist, Karnataka, S-India-574 110.
+91 76249 70524, 94491 22424
grorightrubber@gmail.com

RUBBER MONTHLY (MALAYALAM )
Published on 11 December 2025
RNI. 7842

Registered KL / KTM/ 44 / 2024-26
Licence No. KL / CR / KTM / WPP - 09 / 2024-26
Licensed to post without pre-payment




Printed and Published by B. Sreekumar, Deputy Director (I/C), Publicity and Public Relations Division, Rubber Board, Kottayam-686 002 on behalf of the Rubber Board, Ministry of Commerce & Industry, Government of India and printed at Penta Offset, Penta Arcade, Near Koprath Temple Jn., Collectorate P.O., Kottayam-686 002, and published from the Rubber Board, Keezhukunnu, Collectorate PO, Kottayam-686 002. Editor: B. Sreekumar